KNANAYADEEPAM

# ക്നാനായദീപം

Vol: 34 / Issue: 7 July 2023 ₹:10/-



# 8th Death Anniversary
## 06/08/2023



# ACHAMMA ZACHARIAH
**Peedikaparampil, Kuttoor, Thiruvalla.**

Advt -O

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

By Sorrowing Family

# ക്നാനായ ദീപം

2023 ജൂലൈ പുസ്തകം 34 ലക്കം 7

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ജീവിതം 09
അമ്മാൾ രാജൻ പുളിമൂട്ടിൽ

കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസം... 10
അനിൽ ബോസ് എ.

ജീവിതവും വിദ്യാഭ്യാസവും... 15
സുനിൽ ഡി. കുരുവിള

സമാഗമന കൂടാരം 16
സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ

വിശുദ്ധ പദവിയിലേക്ക്.... 17
റ്റി.എം. തോമസ്

വിതച്ചതേ കൊയ്യൂ 19
റ്റി.സി. തോമസ് തോപ്പിൽ

ദൈവമാതാവ്... 21
സീമ തോമസ് കന്നിയേൽ

ഇരുവായ്ത്തലവാൾ 22
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

ഏവൻഗേലിയോൻ ദീപം 24
ഡീ. ബിബിൻ ആൻഡ്രൂസ്

ജീവിതത്തിൽ തീരുമാനം... 27
ജയ്നമ്മ മർക്കോസ്

28 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

41 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

43 മല്പാനോട് ചോദിക്കാം

44 കുഴിക്കാണം
ടോമി കുറിച്ചി

45 രോഗികളുടെ വി. തൈലാഭിഷേകം
ലീലാമ്മ ഏബ്രഹാം പാലകുടി

46 ദൈവം നമുക്ക് അനുകൂലം എങ്കിൽ...
ജയമോൾ റ്റിജി കടവിൽ

47 മാട്രിമോണിയൽ


**SCAN & PAY**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)


Visit www.
knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




ക്നാനായ ദീപത്തിന്റെ മാന്യവായനക്കാർക്ക് യേശുക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹ വന്ദനങ്ങൾ

കർത്താവിൽ പ്രിയരെ, പരി.സഭയെ സംബന്ധിച്ചിടത്തോളം ഇന്ന് ഒരു വഴിത്തിരിവിൽ എത്തിച്ചേർന്നിരിക്കുകയാണ്. അനേക വർഷങ്ങളായി സഭയിൽ നിലനിന്നിരുന്ന തർക്കങ്ങൾക്കും കേസുകൾക്കും നൂറ്റാണ്ടിന്റെ തന്നെ ചരിത്രമുണ്ട്. കാരണങ്ങൾ പരിശോധിച്ചാൽ കാതലായ വിശ്വാസങ്ങളെ സംബന്ധിച്ചല്ല വെറും ജഢികമായ അധികാരങ്ങൾക്കു വേണ്ടിയുള്ള വടംവലിയാണ് വ്യവഹാരങ്ങളിലും ഭിന്നതയിലും കലാശിച്ചിട്ടുള്ളത്. അധികാരമോഹങ്ങൾ മറച്ചുവയ്ക്കുവാനും തങ്ങളുടെ ഭാഗങ്ങൾ ന്യായീകരിക്കുവാനും വേണ്ടി ബുദ്ധിജീവികളിൽ പലരും തങ്ങളുടെ ന്യായങ്ങളെയും പ്രവർത്തനങ്ങളേയും പരിശുദ്ധാത്മാവിന്റെ നടത്തിപ്പാണെന്ന നിലയിൽ സാധൂകരിക്കുന്ന ഒരു പ്രവണത ഇപ്പോൾ സാധാരണമായിരിക്കുന്നു. തങ്ങളുടെ അഭിലാഷങ്ങളെ സ്ഥാപിച്ചു കിട്ടുന്നതിനു അവർ പരിശുദ്ധാത്മാവിനെ കൂട്ടുപിടിക്കുവാൻ ശ്രമിക്കുകയല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ ആത്മാവ് വ്യക്തികളെ നടത്തിയ നിരവധി സംഭവങ്ങൾ അപ്പോസ്തോലപ്രവൃത്തികളുടെ പുസ്തകത്തിലുണ്ട്. അസാധാരണവും അത്ഭുതകരവുമായ കൃത്യങ്ങൾക്കല്ലാതെ പരിശുദ്ധാത്മാവ് മറ്റ് സാധാരണ കാര്യങ്ങൾക്ക് എങ്ങും ഉപയോഗപ്പെടുത്തിയിട്ടില്ല. വ്യക്തികളുടെ ബുദ്ധിപരമായ ചിന്തകൾക്കോ ഇഷ്ടാനിഷ്ടങ്ങൾക്കോ ആഗ്രഹനിവൃത്തികൾക്കോ പരിശുദ്ധാത്മാവ് ഒരു പരിഗണനയും നൽകിയതായി കാണുന്നില്ല. ഗസക്കുള്ള നിർജന പ്രദേശത്തേക്ക് പോകാൻ നിയോഗിക്കപ്പെട്ട ഫിലിപ്പോസും, പുറജാതിക്കാരനായ കൊർന്നല്ലോസിന്റെ ഭവനത്തിലേക്കു പോകുവാൻ നിർബന്ധിക്കപ്പെട്ട പത്രോസും ആപത്തുകളെ അഭിമുഖീകരിക്കുവാൻ തയ്യാറായ പൗലോസും പരിശുദ്ധാത്മാവിന്റെ നിയോഗത്തിനു വഴിപ്പെട്ട മാതൃകാപുരുഷന്മാരാണ്. ബുദ്ധിപരമായ വിചിന്തനം നടത്തുവാനും പാരമ്പര്യത്തെ ഉയർത്തുവാനും അവർ ആരും ശ്രമിച്ചില്ല. സ്വാർത്ഥത ലേശമില്ലാത്ത വിധേയത്വത്തിന്റെ ആത്മാവിൽ അവർ പരിശുദ്ധാത്മ നിയോഗത്തിന് അനുസരിച്ച് നീങ്ങുക മാത്രമാണ് ചെയ്തത്. ദൈവാത്മാവ് നടത്തുന്ന ദൈവത്തിന്റെ മക്കളായിരുന്നു അവർ (റോമ.8:14). എന്നാൽ അവരുടെ പിൻഗാമികൾ എന്ന് അവകാശപ്പെടുന്ന ഇന്നത്തെ സഭാനേതൃത്വം, ദൈവവചനത്തിന് വിരുദ്ധമായി ഉണ്ടാകുന്ന തോന്നലുകളും പ്രേരണകളും ആഹ്വാനങ്ങളും നിർബന്ധങ്ങളും പരിശുദ്ധാത്മ പ്രേരണയാൽ എന്നു തെറ്റിദ്ധരിപ്പിച്ചുകൊണ്ട് സഭാമക്കളെ സ്വാധീനിക്കുവാൻ ശ്രമിക്കുകയാണ്. ദൈവവചനവുമായി പൊരുത്തപ്പെടാത്ത യാതൊരു ആശയങ്ങൾക്കോ നിർദ്ദേശങ്ങൾക്കോ വിശ്വാസികൾ വഴിപ്പെടുകയുമരുത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവർ ഏകമനസ്സും ഏക ആത്മാവും ഉള്ളവരത്രേ. ദ്വന്ദപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്നവരിൽ പരിപൂർണ്ണമായ ഐക്യതയും ഏകമനോഭാവവുമാണ് ഉണ്ടാകേണ്ടത്.

ഈ സഭയെ നയിക്കുകയും പരിശുദ്ധാത്മാവിൽ ആണെന്നു പറഞ്ഞു ആഹ്വാനങ്ങൾ നടത്തുകയും ചെയ്യുന്ന സഭാനേതാക്കന്മാർക്ക് നമ്മുടെ ചുറ്റുപാടുമുള്ള അക്രൈസ്തവർ തങ്ങളെ എങ്ങനെ വിലയിരുത്തുന്നു എന്ന് ചിന്തിക്കുവാനുള്ള ബുദ്ധിയും കഴിവും ഇല്ലാതെ പോയത് വളരെ ശോചനീയമാണ്. സഭാമക്കൾക്ക് ക്രിസ്തീയ അന്തരീക്ഷത്തിൽ വളരുന്നതിനുവേണ്ട ഉപദേശങ്ങൾ നൽകി അവരെ രക്ഷയുടെ മാർഗ്ഗത്തിൽ നയിക്കുവാൻ ബാദ്ധ്യസ്ഥരായ വൈദികരും തിരുമേനിമാരും നേതാക്കന്മാരും അതു ചെയ്യുന്നതിനുപകരം തങ്ങളുടെ സുഖജീവിതം ഉറപ്പുവരുത്തുവാനും, സ്ഥാനമാനങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി സഭാമക്കളെ തമ്മിലടിപ്പിക്കുകയും അക്രമങ്ങൾ ചെയ്യിപ്പിക്കുകയും, ജഡം ശവക്കുഴിയുടെ വക്കത്തുവച്ച് അധികാരത്തിനു വേണ്ടി വിലപേശുകയും എല്ലാം ദൈവനിയോഗപ്രകാരവും വിശ്വാസ സംരക്ഷണത്തിനുമാണെന്നും ജനങ്ങളെ പറഞ്ഞ് വിശ്വസിപ്പിക്കുവാൻ ശ്രമിച്ചാലും ഇതെല്ലാം ദൈവനിന്ദയും ദൈവത്തോടുള്ള വെല്ലുവിളിയുമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. സാധാരണക്കാരായ ഭൂരിപക്ഷം സഭാമക്കൾക്കും കേസിലും വക്കാണത്തിലും ഒന്നും യാതൊരു താൽപ്പര്യവുമില്ലാത്തവരാണ്. മനസ്സമാധാനത്തോടെ ജീവിക്കുന്നതിനുള്ള സാഹചര്യമാണ് അവർക്കാവശ്യം.

ക്രിസ്തീയ ജീവിതത്തിനു മാതൃക ആയിരിക്കേണ്ട നേതൃത്വത്തെക്കുറിച്ച് ജനങ്ങൾ പ്രതീക്ഷിക്കുന്നത് ക്രിസ്തുവിന്റെ ഭാവം ഉള്ളവരായിരിക്കണം എന്നാണ്. സ്വർഗ്ഗരാജ്യം പ്രാപിപ്പാൻ എന്തുചെയ്യേണം എന്ന് ചോദിച്ച ധനവാനോട് കർത്താവ് പറഞ്ഞത് “നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രർക്ക് കൊടുക്കുക” എന്നാണ്. ബെൻസ് കാറിലും മറ്റും വന്ന് ദരിദ്രന്മാരായ ജനങ്ങളുടെ മുമ്പിൽ സുവിശേഷകനും, ധ്യാനഗുരുവും കർത്താവിന്റെ പ്രതിപുരുഷനും മറ്റുമായി അവതരിക്കുന്ന അച്ചന്മാരെയും, തിരുമേനിമാരെയും മറ്റും കാണുമ്പോൾ സാധാരണക്കാരന്റെ മനസ്സിൽ എന്താണ് തോന്നുക എന്ന് ഊഹിക്കാവുന്നതേയുള്ളൂ. സാധാരണക്കാരന്റെ വിയർപ്പിന്റെ ഫലംകൊണ്ട് കൂടെക്കൂടെ തിരുമേനിമാർ വിദേശയാത്രകൾ പോകുന്നതു കാണുമ്പോൾ തഴച്ചു വളരുന്ന ഇത്തിൾക്കണ്ണിയേയും അതു പറ്റിപ്പിടിച്ചിരിക്കുന്ന ഉണക്കമരത്തേയും ആണ് ഓർമ്മ വരിക. ജനം കുരിശുവരച്ച് ഇടുന്ന കാണിക്കപണം കൊണ്ട് കമ്മിറ്റിക്കാർ ഡൽഹിയിൽ വിമാനത്തിൽ പോയി ദിവസങ്ങളോളം താമസിച്ച് സുപ്രീം കോടതിയിൽ കേസ് വാദിക്കുന്നതും മറ്റും നിഷ്കളങ്കമായ വിശ്വാസത്തെ ചൂഷണം ചെയ്യുന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ്.

“സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും” എന്നാണ് തിരുവെഴുത്തുകളിൽ പഠിപ്പിക്കുന്നത്. പക്ഷേ ഈ തിരുവെഴുത്തിന് ഘടകവിരുദ്ധമായി സമാധാനക്കേട് ഉണ്ടാക്കുന്നവരെ ആണ് സഭ ഇന്ന് അംഗീകരിച്ചു കൊടുത്തു കാണുന്നത്. മലങ്കര സഭയിൽ ഇപ്പോൾ സംഭവിച്ചിരിക്കുന്നത് സഭയെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നവരിൽ നല്ലൊരു ഭാഗവും ക്രിസ്ത്യാനി എന്ന പേരിന് അർഹരായവർ അല്ല എന്നുള്ളതാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ് ക്രിസ്ത്യാനി. ഇന്ന് നാമധേയ ക്രിസ്ത്യാനികളിൽ യാതൊരു ആത്മീക ചൈതന്യവും ആത്മീക ആരാധനയുടെ ലക്ഷണങ്ങൾപോലും കാണാനില്ലാത്ത മട്ടിൽ മിക്കവാറും നിർജ്ജീവമാക്കിത്തീർത്ത അവസ്ഥയാണ് വന്നുഭവിച്ചിരിക്കുന്നത്. പരിശുദ്ധനായ ക്രിസ്തുവിനെ അപകീർത്തിപ്പെടുത്തുന്ന ഈ പ്രവണത എത്രയും നേരത്തെ വിട്ടകന്ന് സത്യവചനത്തിന്റെ ആത്മാവിലേയ്ക്ക് മടങ്ങി വരുന്നതാണ് അനുഗ്രഹമെന്ന് സഹോദര ബുദ്ധിയിൽ ഞങ്ങൾ ബുദ്ധി ഉപദേശിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന് നിങ്ങളുടെ
**പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**യേശുവിനോട് ചേർന്ന് മാത്രമെ പരിശുദ്ധ അമ്മയ്ക്ക് സ്ഥാനം നല്കുന്നുള്ളൂ എന്നത് പ്രത്യേകം ശ്രദ്ധിക്കണം. ഈ നോമ്പ് ആചരണവും, പെരുന്നാളുമെല്ലാം നമ്മുടെ വിശ്വാസജീവിതത്തെ കൂടുതൽ ശക്തീകരിക്കുവാൻ ഇടയാക്കണം.**

കർത്താവിൽ പ്രിയരെ,

ജൂലൈ മാസത്തിലേക്ക് നാം പ്രവേശിച്ചുവല്ലോ. ജൂലൈ 3–ന് തോമാശ്ലീഹായുടെ ദുഖ്റോനോ പെരുന്നാൾ നാം ആചരിച്ചു. 'ഞങ്ങളുടെ കർത്താവും ദൈവവുമേ' എന്ന തോമാശ്ലീഹായുടെ സമർപ്പണത്തിന്റെ പ്രഘോഷണം നടത്തി. ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ വിശ്വാസ സമർപ്പണം നമ്മുടെ ജീവിതത്തിലേക്ക് പകർത്താനുള്ള ആഹ്വാനം ശ്രവിച്ചു. അത് ഉൾക്കൊണ്ട് നമ്മുടെ ജീവിതത്തെ കൂടുതൽ സമർപ്പണത്തിലേക്ക് നയിക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ജൂൺ 24–ന് ക്നാനായ യൂറോപ്യൻ സംഗമത്തിൽ നാം പങ്കെടുക്കുകയുണ്ടായി. നമ്മുടെ വളരെ അധികം ആളുകൾ യൂറോപ്പിലേക്ക് കുടിയേറി പാർത്തുകൊണ്ടിരിക്കുകയാണല്ലോ. ഇത്തരം സംഗമങ്ങൾ നമ്മുടെ ക്നാനായ തനിമ ആഘോഷിക്കുവാനും അതിന്റെ പ്രത്യേകത പുതുതലമുറയ്ക്ക് ഉൾക്കൊള്ളുവാനും ഇടയാക്കും. നമ്മുടെ ഒരു കുടുംബസംഗമമായി അത് മാറാൻ ഇടയായി. വളരെ നല്ല രീതിയിൽ ഓർഗനൈസ് ചെയ്ത നമ്മുടെ ലണ്ടൻ പള്ളി വികാരി, സഹവികാരി, ഇടവക ഭാരവാഹികൾ, കമ്മിറ്റി അംഗങ്ങൾ എല്ലാവരെയും അനുമോദിക്കുന്നു. അതിനോട് അനുബന്ധിച്ച് യുകെയിലെ നമ്മുടെ വിവിധ ദൈവാലയങ്ങളിൽ ഈ ദിവസങ്ങളിൽ സന്ദർശനം നടത്തുവാനും, അവിടെയെല്ലാം നമ്മുടെ മക്കളെ കാണാനും സാധിച്ചു. എല്ലാവരെയും ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. നാം ലോകത്തിന്റെ ഏത് ഭാഗത്ത് ആയാലും അവിടെയെല്ലാം നമ്മുടെ ക്നാനായ തനിമ കാത്തുസൂക്ഷിക്കണം എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

ആഗസ്റ്റ് 1 മുതൽ ശൂനോയോ നോമ്പ് ആചരിക്കുന്നുവല്ലോ. എല്ലാവരും നിർബന്ധമായി 10 മുതൽ 15 വരെ നോമ്പ് ആചരിക്കണം. പരി. ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ 15–ന് നാം ആചരിക്കുന്നു. വി. ദൈവമാതാവിന് എത്ര മാത്രം സ്ഥാനം പരി. സഭ നൽകുന്നു എന്നതാണ് ഇത് പ്രഖ്യാപിക്കുന്നത്. ദൈവമാതാവായ മറിയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് സഭയിൽ വചനിപ്പ് പെരുന്നാൾ സഭ ഒരു വർഷത്തിൽ മാർച്ച് 25 നും ജനനപ്പെരുന്നാളിന് മുമ്പുള്ള ഒരു ഞായറാഴ്ചയും ആചരിക്കുന്നത് കൂടാതെ, ഡിസംബർ 26–ന് ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ, ജനുവരി 15–ന് വിത്തുകളെപ്രതിയും മെയ് 15–ന് കതിരുകളെപ്രതിയും ദൈവമാതാവിന്റെ പെരുന്നാൾ, ആഗസ്റ്റ് 15 ദൈവമാതാവിന്റെ വാങ്ങിപ്പ്പെരുന്നാളും സഭ ആചരിക്കുന്നുണ്ട്. ദൈവമാതാവിന്റെ ജനനത്തോട് അനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 8 വരെ എട്ടുനോമ്പ് ഇന്ന് നാം ആചരിക്കുന്നുണ്ട്. യേശുവിനോട് ചേർന്ന് മാത്രമെ പരിശുദ്ധ അമ്മയ്ക്ക് സ്ഥാനം നല്കുന്നുള്ളൂ എന്നത് പ്രത്യേകം ശ്രദ്ധിക്കണം. ഈ നോമ്പ് ആചരണവും, പെരുന്നാളുമെല്ലാം നമ്മുടെ വിശ്വാസജീവിതത്തെ കൂടുതൽ ശക്തീകരിക്കുവാൻ ഇടയാക്കണം.

ആഗസ്റ്റ് 6–ന് കൂടാരപ്പെരുന്നാൾ നാം ആചരിക്കുന്നു. മറുരൂപപ്പെരുന്നാൾ എന്നും അറിയപ്പെടുന്ന ഈ പെരുന്നാളിൽ യേശു യെരുശലേമിൽ പ്രാപിക്കാനിരിക്കുന്ന നിര്യാണത്തെക്കുറിച്ച് നൂറ്റാണ്ടുകൾക്ക് മുമ്പ് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ മോശയും, ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ട ഏലിയാവും യേശുവിനോട് സംസാരിക്കുന്നു. വാങ്ങിപ്പോയവർ സജീവരാണെന്നും, അവർ നമ്മോടുകൂടെ ആരാധനയിൽ പങ്കെടുക്കുന്നുവെന്നുമുള്ള നമ്മുടെ വിശ്വാസവും, വാങ്ങിപ്പോയവർക്കുവേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നതിന്റെ സാംഗത്യവുമെല്ലാം കൂടാരപ്പെരുന്നാൾ ആചരണം നമ്മെ ഓർപ്പിക്കുന്നു.

നമ്മുടെ ജീവിതം കൂടുതൽ വിശുദ്ധിയിലേക്ക് വളരുവാൻ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

2023 ജൂൺ മാസത്തിലെ സമുദായ വാർത്തകൾ സമുദായ അംഗങ്ങളെ അറിയിക്കുന്നതിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നു. ക്നാനായ സമുദായം വളരെ കടുത്ത പ്രതിസന്ധിയിൽ കൂടി കടന്നു പോയിക്കൊണ്ടിരിക്കുകയാണെന്നു എല്ലാവർക്കും അറിയാമല്ലോ? ഒരു സമുദായം എന്ന നിലയ്ക്കുള്ള നമ്മുടെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. അത്രയ്ക്ക് കലുഷിതമാണ് സമുദായത്തിലെ പ്രശ്നങ്ങൾ. എന്നാൽ ഇതിലൊന്നും പതറാതെ ഇതിനെതിരെ ക്നാനായ കമ്മിറ്റി ശക്തമായ നിലപാട് എടുത്തിട്ടുണ്ട്. ഇപ്പോഴത്തെ ഈ വലിയ പ്രതിസന്ധിയ്ക്ക് കാരണക്കാർ ആരാണെന്ന് ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് അറിയാമല്ലോ? ഒരു രക്തവും ഒരു മാംസവുമായ ഈ സമുദായത്തെ നാലായി പിച്ചിക്കീറണം. ഈ ക്നാനായ കമ്മിറ്റി ഒരിക്കലും അതനുവദിക്കില്ല. ഈ സമുദായം ക്നാനായ ജനങ്ങളുടേതാണ്. ജനങ്ങൾ അംഗീകരിക്കാത്തിടത്തോളം കാലം ഇവരുടെ സ്വാർത്ഥത നടപ്പിലാക്കാൻ പോണില്ല.

2023 മെയ് 30-ാം തീയതി നടന്ന ക്നാനായ അസ്സോസിയേഷനു ശേഷം അസ്സോസിയേഷൻ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൂൺ മാസം 14-ാം തീയതി ക്നാനായ കമ്മിറ്റി കൂടി. ഇവിടെ ആ തീരുമാനങ്ങൾ രേഖപ്പെടുത്തുകയാണ്.

1. ക്നാനായ അസ്സോസിയേഷനിൽ നാട്ടിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും വളരെ പണം മുടക്കി വന്നു സംബന്ധിച്ച എല്ലാ അസ്സോസിയേഷൻ അംഗങ്ങളോടുള്ള നന്ദി അറിയിച്ചു.

2. ലൈവായി അസ്സോസിയേഷൻ മീറ്റിംഗ് സംപ്രേഷണം ചെയ്ത് ലോകം മുഴുവൻ കാണുകയുണ്ടായി. ഇന്ത്യൻ പാർലമെന്റ്, കേരള അസംബ്ലി തുടങ്ങിയ ജനാധിപത്യ സംവിധാനങ്ങൾ മുഴുവൻ ലൈവ് ടെലികാസ്റ്റ് ചെയ്യുമ്പോൾ നമ്മൾക്കും ഭാവിയിൽ ഈ കാര്യങ്ങൾ തുടരാം എന്ന് തീരുമാനിച്ചു.

3. 30-05-2023 ൽ കൂടിയ ക്നാനായ അസ്സോസിയേഷന്റെ മിനിറ്റ്സ് എത്രയും വേഗം അപ്രൂവ് ചെയ്ത് തരുവാൻ സമുദായ വലിയമെത്രാപ്പോലീത്തായോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

4. 30-05-2023 ൽ കൂടിയ ക്നാനായ അസ്സോസിയേഷൻ തീരുമാനപ്രകാരം സമുദായ വലിയ മെത്രാപ്പോലീത്ത, വൈദിക കൗൺസിലും ക്നാനായ കമ്മിറ്റിയുമായി ചേർന്ന് സഹായ മെത്രാന്മാരെ ക്ഷണിച്ചു വരുത്തി ഒരു മീറ്റിംഗ് നടത്തി സമുദായത്തിലെ വിഷയങ്ങൾ ചർച്ച ചെയ്തു പരിഹരിക്കണമെന്നും ക്നാനായ അസ്സോസിയേഷൻ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തായോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ആയതിന്റെ വെളിച്ചത്തിൽ 14-06-2023 ൽ കൂടിയ ക്നാനായ കമ്മിറ്റി വലിയ മെത്രാപ്പോലീത്തായെ ഈ വിവരം രേഖാമൂലം അറിയിച്ചു.

5. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തായും സമുദായത്തിലെ സഹായ മെത്രാപ്പോലീത്തൻമാരും ലെബനോനിൽ നടന്ന സിനഡിൽ സംബന്ധിക്കുവാൻ പോയപ്പോൾ അവിടെ രണ്ട് വൈദിക ശ്രേഷ്ഠരെ മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തി പട്ടംകൊടുത്തു. വിശുദ്ധ ചടങ്ങിൽ സിനഡിൽ സംബന്ധിച്ച എല്ലാ മെത്രാച്ചൻമാരും അംശവസ്ത്രങ്ങൾ (കാപ്പ) ധരിച്ചുകൊണ്ട് ശുശ്രൂഷയിൽ പങ്കെടുത്തു. എന്നാൽ ക്നാനായ സമുദായത്തിലെ സമുദായ മെത്രാപ്പോലീത്ത ഉൾപ്പെടെയുള്ള മെത്രാൻമാർക്ക് അംശവസ്ത്രം നിഷേധിക്കുകയും കറുത്ത കുപ്പായം ധരിച്ചുകൊണ്ട് ആ ശുശ്രൂഷയിൽ പങ്കെടുത്തത് ലോകം മുഴുവൻ ലൈവായി കാണുവാൻ ഇടയായി. ഇത് സമുദായത്തിനു മുഴുവൻ നിന്ദക്കും അവഹേളനത്തിനും കാരണമായി. ഈ അവഹേളനത്തിന്റെയും നിന്ദയുടെയും കാരണം എന്താണെന്ന് കേരളത്തിലെ ക്രൈസ്തവ സഭകളുടെ മേലദ്ധ്യക്ഷൻമാരും അത്മായ നേതാക്കന്മാരും ഞങ്ങളെ വിളിച്ച് ചോദിക്കുകയുണ്ടായി. ഞങ്ങൾക്ക് അതിനു മറുപടി ഇല്ലാതെ ഇരിക്കുകയാണ്. ലോകക്രൈസ്തവരുടെ മുൻപിൽ ക്നാനായ സമുദായം അപമാനിതരും നിന്ദിതരും ആയി എന്നതിൽ സംശയമില്ല. ഇങ്ങനെ നിന്ദിതരും അപമാനിതരുമായി ആ ചടങ്ങിൽ അവർ സംബന്ധിക്കരുതായിരുന്നു എന്നാണ് ഞങ്ങൾക്ക് പറയുവാൻ ഉള്ളത്. ആ ചടങ്ങ് ബഹിഷ്ക്കരിക്കണമായിരുന്നു എന്നാണ് കമ്മിറ്റിയുടെ അഭിപ്രായം. ലോക ക്രൈസ്തവരുടെ ഇടയിൽ ക്നാനായ സമുദായത്തിന് ഉണ്ടായ അപമാനത്തിൽ ഞങ്ങളുടെ ശക്തമായ പ്രതിഷേധവും ദുഃഖവും രേഖപ്പെടുത്തുന്നു. ഇതിനുള്ള പ്രതിഷേധം പരി. പാത്രിയർക്കീസ് ബാവായെ രേഖാമൂലം അറിയിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചു.

6. ലെബനോനിൽ നടന്ന സിനഡിൽ യാക്കോബായ സഭയെ പ്രതിനിധീകരിച്ച് സംസാരിച്ച അഭി.ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനി നടത്തിയ പ്രസംഗത്തിൽ യാക്കോബായ സഭയിലെ 60 ദൈവാലയങ്ങൾ അവർക്കു നഷ്ടമായിയെന്നും, കേരള ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവരുവാൻ ശ്രമിക്കുന്നു എന്ന പ്രസംഗത്തിന് മറുപടിയായി. ഓസ്ട്രേലിയായിലെ ഒരു മെത്രാപ്പോലീത്ത എന്തുകൊണ്ട് ക്നാനായ സമുദായത്തിന്റെ പള്ളികൾ ഓർത്തഡോക്സ് സഭക്കാർ പിടിക്കുന്നില്ല എന്ന് ചോദിച്ചപ്പോൾ, ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനി പറഞ്ഞ മറുപടി "ക്നാനായ സമുദായത്തിന് ശക്തമായ ഒരു ഭരണഘടന ഉണ്ട്, അതിനാൽ അവർ സംരക്ഷിക്കപ്പെട്ടിരിക്കുകയാണെന്നും അതു മൂലം അവരുടെ പള്ളികൾ നഷ്ടപ്പെടുന്നില്ല" എന്നും പറയുകയുണ്ടായി. ഈ വസ്തുത സിനഡിനെ അറിയിച്ചത്, ക്നാനായ കമ്മിറ്റി ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനിയെ വസ്തുതകൾ പറഞ്ഞു മനസ്സിലാക്കിയതിനാലാണെന്ന് കമ്മിറ്റി വിലയിരുത്തി അതാണ് സത്യവും.

7. ക്നാനായ സമുദായത്തിലെ പ്രതിഭകളെ ആദരിക്കുന്ന മെറിറ്റ് അവാർഡ് 2023 ഓഗസ്റ്റ് മാസത്തിൽ നടത്തുന്നതിന് തീരുമാനിച്ചു.

ഈ കമ്മിറ്റിയുടെ തീരുമാനം സമുദായ മെത്രാപ്പോലീത്തായെ രേഖാമൂലം അറിയിക്കുകയും ചെയ്തു.

30-6-2023 ൽ കൂടിയ ക്നാനായ അസ്സോസിയേഷനു ശേഷം സമുദായ മെത്രാപ്പോലീത്തായും സമുദായത്തിലെ മൂന്ന് സഹായ മെത്രാന്മാരും പരി. പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ ലെബനോനിൽ നടന്ന സുന്നഹദോസിൽ സംബന്ധിച്ചല്ലോ? അതിനുശേഷം സമുദായ മെത്രാപ്പോലീത്ത ജൂൺ 12-ാം തീയതി വൈകിട്ട് മോർ അപ്രേം സെമിനാരിയിൽ തിരിച്ചെത്തി. നേരത്തെ പ്ലാൻ ചെയ്തിരുന്ന പ്രോഗ്രാം അനുസരിച്ച് 16-ാം തീയതി യു.കെ.യിലേയ്ക്ക് പോവുകയും ചെയ്തു.

18-06-2023 ഞായറാഴ്ച അമേരിക്കയിൽ ഒരു പുതിയ ദൈവാലയത്തിന്റെ നാമകരണം എന്നൊക്കെ പറഞ്ഞ് അമേരിക്കയിൽ നിന്നും സഹായ മെത്രാൻ അഭി. സിൽവാനോസ് തിരുമേനിയുടെ ഒരു പ്രസംഗം സോഷ്യൽ മീഡിയായിൽ കാണുവാനിടയായി. നിലവിൽ ഹാർട്ട് ഫോർഡിൽ ക്നാനായ സമുദായത്തിന് പുരാതനമായ ഒരു ദൈവാലയം ഉള്ളതിന് അടുത്തുതന്നെ, ആ ദൈവാലയത്തിൽ നിന്നു തന്നെ കുറെ ആളുകളെ കൂട്ടി ക്നാനായ സമുദായത്തിന്റെ അറിവോടുകൂടി അല്ലാതെയാണ് അവിടെ ഒരു പുതിയ ദൈവാലയം സ്ഥാപിച്ചിരിക്കുന്നത് എന്ന് ഇത്തരുണത്തിൽ ഓർമ്മപ്പെടുത്തുന്നു. അതുപോലെ ചിക്കാഗോയിലും ഒരു ദൈവാലയം ഉണ്ടാക്കിയിട്ടുണ്ട്. ഈ ദൈവാലയങ്ങൾ ഒന്നും തന്നെ ക്നാനായ സമുദായത്തിലെ ഇടവകപള്ളികളുടെ ലിസ്റ്റിൽ വരികയില്ല എന്നും ക്നാനായ സമുദായവുമായി ഈ ദൈവാലയങ്ങൾക്ക് യാതൊരു ബന്ധവും ഭാവിയിൽ ഉണ്ടായിരിക്കുന്നതല്ലായെന്നും ഓർമ്മപ്പെടുത്തട്ടെ. ക്നാനായ സമുദായത്തിന്റെ ആസ്ഥാനമായ അപ്രേം സെമ്മിനാരിയ്ക്ക് അടുത്ത് സിൽവാനോസ് സെന്റർ പ്രവർത്തനം തുടങ്ങിയപ്പോൾ പരി.ബാവ അത് വിലക്കിയതാണ്. ഇപ്പോൾ ബാവ എന്തുകൊണ്ട് ഇതിൽ നടപടി എടുക്കുന്നില്ല എന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല.

ഈ ഇല്ലീഗൽ ചടങ്ങിൽ സഹായ മെത്രാച്ചന്റെ പ്രസംഗത്തിൽ ക്നാനായ സമുദായവുമായി ബന്ധപ്പെട്ട കുറെ കാര്യങ്ങൾ കേൾക്കുവാൻ ഇടയായി. ലെബനോനിലെ ചർച്ചയിൽ നടന്ന കാര്യങ്ങൾ ആണോ എന്ന് ഞങ്ങൾക്ക് അറിയില്ല.

സമുദായ മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് വി. കുർബ്ബാന അർപ്പിച്ച വൈദികരെ യാതൊരു അധികാരവും ഇല്ലാത്ത സഹായ മെത്രാച്ചൻ സസ്പെൻഡ് ചെയ്യുന്നു. അത് പരി. ബാവ അംഗീകരിക്കുന്നു. വീണ്ടും അവർ വി.കുർബ്ബാന ചൊല്ലരുതെന്ന് അവർക്ക് നിർദ്ദേശം കൊടുക്കുവാൻ സമുദായ മെത്രാപ്പോലീത്തായോട് താക്കീത് സ്വരത്തിൽ പ്രസംഗിക്കുന്നു. എന്തൊക്കെ വിരോധാഭാസങ്ങളാണ് സമുദായത്തിൽ നടക്കുന്നത്.

ക്നാനായ അസ്സോസിയേഷൻ ഭേദഗതി വരുത്തിയ പരി. ബാവായുടെ 15 നിർദ്ദേശങ്ങൾക്കു പകരം പഴയതുതന്നെ വീണ്ടും നടപ്പിലാക്കണം എന്ന് പ്രസംഗിക്കുന്നു. അതു അനുസരിച്ചില്ല എങ്കിൽ നടപടി ഉണ്ടാകും എന്നും പറയുന്നു.

അഭി. തിരുമേനിമാരെ നിങ്ങൾ തല മറന്ന് എണ്ണ തേക്കരുത്. ക്നാനായ സമുദായത്തിന്റെ ഭരണഘടന അനുസരിച്ച് ക്നാനായ അസ്സോസിയേഷൻ തിരഞ്ഞെടുത്തില്ലായിരുന്നുവെങ്കിൽ നിങ്ങൾ മെത്രാച്ചൻമാർ ആകുമായിരുന്നോ? നിങ്ങളെ തെരഞ്ഞെടുത്തതാണോ സമുദായം ചെയ്ത തെറ്റ്?

സമുദായത്തിലെ വിഷയങ്ങൾ തീരുന്നതിനുവേണ്ടി ക്നാനായ അസ്സോസിയേഷൻ ഐക്യകണ്ഠേന എടുത്ത തീരുമാനമാണ്. വൈദിക കൗൺസിലും ക്നാനായ കമ്മിറ്റിയും സമുദായ മെത്രാപ്പോലീത്തായും, സഹായ മെത്രാപ്പോലീത്തൻമാരും ആയി ഒരുമിച്ചിരുന്ന് സമുദായത്തിലെ വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കണം എന്നുള്ളത്. അതനുസരിച്ച് ക്നാനായ കമ്മിറ്റി കൂടി തീരുമാനമെടുത്ത് സമുദായ മെത്രാപ്പോലീത്തായെ അറിയിക്കുകയുണ്ടായി "എത്രയും വേഗത്തിൽ ആ മീറ്റിംഗ് നടത്തണമെന്ന്".

അതിനിടയിൽ അമേരിക്കയിൽ ഇരുന്നുകൊണ്ട് വെല്ലുവിളിക്കുന്ന പ്രസംഗം നടത്തുന്നത് ശരിയാണോ ഇല്ലയോ എന്ന് സഹായമെത്രാൻമാർ ആലോചിക്കുക. ക്നാനായ സമുദായത്തിലെ പൂർവ്വപിതാക്കന്മാർ 1882 ൽ വിഭാവനം ചെയ്ത് നടന്നു വരുന്നതും ബഹു. സുപ്രീം കോടതി അംഗീകരിച്ചതുമായ ക്നാനായ ഭരണഘടനയ്ക്ക് വിരുദ്ധമായി സമുദായത്തിലെ സഹായ മെത്രാപ്പോലീത്താമാർ തന്നെ പ്രവർത്തിക്കുന്നത് അംഗീകരിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ അസ്സോസിയേഷൻ വിളിച്ചുകൂട്ടി തീരുമാനങ്ങൾ എടുക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ എത്രയും വേഗം ക്നാനായ അസ്സോസിയേഷൻ വിളിച്ചു കൂട്ടുന്നതായിരിക്കും എന്നുള്ള വിവരം സമുദായ ജനങ്ങളെ അറിയിക്കുന്നു.

22-06-2023 ൽ പരി. പാത്രിയർക്കീസ് ബാവായെ ക്നാനായ അസ്സോസിയേഷൻ തീരുമാനം ഉൾപ്പെടെ സമുദായത്തിലെ സമകാലികവിഷയങ്ങൾ രേഖാമൂലം ക്നാനായ കമ്മിറ്റി അറിയിക്കുകയും ചെയ്തു.

എന്നാൽ 23-06-2023 ൽ No.E1.57/23 ആയി അമേരിക്കയിലുള്ള രണ്ട് വൈദികരുടെ മേൽ നടപടിയെടുത്തുകൊണ്ട് പരി.പാത്രിയർക്കീസ് ബാവായുടെ ഒരു കല്പന വരികയുണ്ടായി. 25-06-2023 ഞായറാഴ്ച അമേരിക്കയിലെ ക്നാനായ ദൈവാലയങ്ങളിൽ പരി.പാത്രിയർക്കീസ് ബാവായുടെ 23-06-2023 ലെ No.E1.57/23 കല്പന വായിക്കുവാൻ ബഹു. വൈദികർ ശ്രമിച്ചപ്പോൾ എല്ലാ ക്നാനായ ദൈവാലയങ്ങളിലും വലിയ പ്രതിഷേധം ഉണ്ടാകുകയും വൈദികർക്ക് ബാവായുടെ കല്പന വായിക്കുവാൻ കഴിയാതെ പിന്മാറേണ്ടിവരികയും ചെയ്തു.

ഈ സാഹചര്യത്തിൽ സമുദായത്തിൽ സമാധാനം നിലനിർത്തുന്നതിനുവേണ്ടി 27-06-2023 ൽ ഓൺലൈനിൽ കൂടി ക്നാനായ കമ്മിറ്റി ഒരു സംയുക്ത പ്രസ്താവന ഇറക്കി ക്നാനായ സമുദായത്തിലെ എല്ലാ ദൈവാലയങ്ങളിലും എത്തിക്കുകയുണ്ടായി. ആ സംയുക്ത പ്രസ്താവന താഴെ ചേർക്കുന്നു.

ലോകമെമ്പാടുമുള്ള ക്നാനായ സമുദായത്തിലെ ബഹു. വൈദിക ശ്രേഷ്ഠരെ, അസ്സോസിയേഷൻ അംഗങ്ങളെ, പള്ളി ഭാരവാഹികളെ, ഇടവക ജനങ്ങളെ,

ക്നാനായ സമുദായം ഇന്ന് വലിയ ഒരു പ്രതിസന്ധിയിൽ കൂടിയാണ് കടന്നു പോകുന്നത്. കഴിഞ്ഞ ഞായറാഴ്ച 25-06-2023 ൽ അമേരിക്കയിലെ ക്നാനായ ദേവാലയങ്ങളിൽ പരി.പാത്രിയർക്കീസ് ബാവായുടെ 23-06-2023 ലെ No.EI.57/23 കല്പന വായിക്കുവാൻ ബഹു. വൈദികർ ശ്രമിച്ചപ്പോൾ എല്ലാ ക്നാനായ ദേവാലയങ്ങളിലും വലിയ പ്രതിഷേധം ഉണ്ടാകുകയും, വൈദികർക്ക് ബാവായുടെ കല്പന വായിക്കുവാൻ കഴിയാതെ പിന്മാറേണ്ടി വരികയും ചെയ്തത് എല്ലാവരും സോഷ്യൽ മീഡിയായിൽ കൂടിയും മറ്റും കണ്ടു കാണുമല്ലോ.

ഈ ദുഃഖകരമായ സംഭവത്തിന് തുടക്കം കുറിച്ചത് അമേരിക്കയിലെ നമ്മുടെ ചിക്കാഗോ ദേവാലയത്തിൽ നിന്നുമാണ്. അവിടെ വികാരിയായി സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന വൈദികന്റെ പ്രവർത്തിയാണ് ആ സംഭവം. പൊതുയോഗത്തിൽ എന്തോ തർക്കം ഉണ്ടായി. നമ്മുടെ ഏത് പള്ളിയിലാണ് പൊതുയോഗത്തിൽ തർക്കമുണ്ടാകാത്തത്? പ്രശ്നം തീർക്കാതെ ഇവിടെ ഇനി ഞാൻ വി.കുർബ്ബാന അർപ്പിക്കില്ല എന്നു പറഞ്ഞ് ആ ദേവാലയത്തിലെ വിശ്വാസികൾക്ക് വി. കുർബ്ബാന നിഷേധിച്ചു. അദ്ദേഹം ആ ദേവാ

ലയത്തിൽ വരാതാവുകയും പിന്നീട് അങ്ങോട്ടുള്ള ഒരു ഞായറാഴ്ച പോലും വി. കുർബ്ബാനയോ മറ്റ് കൂദാശകളോ ചെയ്തു കൊടുക്കാതിരുന്ന സാഹചര്യത്തിൽ, ഈ കാര്യമറിഞ്ഞ ക്നാനായ സമുദായ മെത്രാപ്പോലീത്ത ആ വൈദികനുമായും അഭി. സിൽവാനോസ് തിരുമേനിയുമായും പലപ്രാവശ്യം ബന്ധപ്പെട്ട് എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തിട്ടും ഒരു ഫലവും ഉണ്ടായില്ല എന്നു മാത്രമല്ല വികാരി സമുദായ മെത്രാപ്പോലീത്തായ്ക്ക് രാജിക്കത്ത് സമർപ്പിക്കുകയും, ആ ദേവാലയത്തിലെ കുറച്ച് ആളുകളെകൂട്ടി പുതുതായി ഒരു ദേവാലയം തുടങ്ങുകയുമാണ് ഉണ്ടായത്.

ഈ സാഹചര്യത്തിൽ ആ ദേവാലയത്തിലെ സ്ത്രീപുരുഷ ഭേദമെന്യേ ഇടവക അംഗങ്ങൾ ഒപ്പ് ശേഖരണം നടത്തി അവരുടെ ദുഃഖവും, പ്രയാസങ്ങളും,ബുദ്ധിമുട്ടുകളും, ഒരു ഭീമഹർജിയായി ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്കും, ക്നാനായ കമ്മിറ്റിയ്ക്കും അയക്കുകയുണ്ടായി.

ആയതിന്റെ വെളിച്ചത്തിൽ ക്നാനായ കമ്മിറ്റിയുടെയും വൈദിക കൗൺസിലിന്റെയും ശുപാർശപ്രകാരം സമുദായ മെത്രാപ്പോലീത്താ അമേരിക്കയിലുള്ള മൂന്നു വൈദിക ശ്രേഷ്ഠർക്ക് ഒരു കല്പന അയച്ചു. നിങ്ങൾക്ക് സൗകര്യം ഉള്ള സമയത്ത് (ശനിയാഴ്ച ദിവസങ്ങളിൽ ആയാലും മതി) നമ്മുടെ ചിക്കാഗോ ദേവാലയത്തിലെ ക്നാനായ സമുദായ അംഗങ്ങളായ ഇടവകജനത്തിന്റെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കണം എന്നായിരുന്നു കല്പനയുടെ ഉള്ളടക്കം.

അതനുസരിച്ച് ബഹുമാന്യരായ ആ വൈദികർ മുടങ്ങിക്കിടന്ന ദേവാലയത്തിൽപ്പോയി വി. കുർബ്ബാന അർപ്പിക്കുകയും, ശവസംസ്ക്കാരം, മാമ്മോദീസ, വിവാഹം തുടങ്ങിയ ശുശ്രൂഷകൾ നിറവേറ്റിക്കൊടുക്കുകയും ചെയ്തു.

അഭി.സമുദായ മെത്രാപ്പോലീത്തായുടെ നിർദ്ദേശം അനുസരിച്ചു വി.കുർബ്ബാന അർപ്പിച്ചു എന്ന ഒറ്റക്കാരണത്താൽ, ക്നാനായ ഭരണഘടനപ്രകാരം യാതൊരു അധികാരവും ഇല്ലാത്ത സഹായ മെത്രാപ്പോലീത്താ അവരുടെ മേൽ ശിക്ഷണനടപടി സ്വീകരിക്കുകയും, പരി.പാത്രിയർക്കീസ് ബാവായെക്കൊണ്ട് സമുദായഭരണഘടനയ്ക്ക് വിരുദ്ധമായി ആ ശിക്ഷണനടപടി അംഗീകരിപ്പിക്കുകയും ചെയ്തു.

ഈ കാര്യങ്ങളുടെ എല്ലാം സാഹചര്യം വിശദമായി വിവരിച്ച് സമുദായ മെത്രാപ്പോലീത്താ സഹായ മെത്രാപ്പോലീത്തായ്ക്കും പരി.ബാവായ്ക്കും രേഖാമൂലം കത്ത് എഴുതുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഒരു മറുപടിയും അവരിൽ നിന്നും ലഭിച്ചില്ല.

മെയ് 30-ാം തീയതി നടന്ന അസ്സോസിയേഷൻ തീരുമാനപ്രകാരം ക്നാനായ കമ്മിറ്റി കൂടുകയും സഹായ മെത്രാപ്പോലീത്താമാരും വൈദിക കൗൺസിലും ക്നാനായ കമ്മറ്റിയും സംയുക്തമായി കൂടി സമുദായത്തിലെ വിഷയങ്ങൾക്ക് ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി എത്രയും പെട്ടെന്ന് മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിന് സമുദായ മെത്രാപ്പോലീത്തായ്ക്ക് രേഖാമൂലം കത്ത് കൊടുത്തിരിക്കുകയുമാണ്. സമുദായ മെത്രാപ്പോലീത്ത യൂറാപ്പിൽ നിന്നും മടങ്ങി വന്നാലുടൻ സംയുക്ത മീറ്റിംഗ് വിളിച്ചുകൂട്ടാമെന്ന് ക്നാനായ കമ്മറ്റിയെ അറിയിച്ചിട്ടുള്ളതാണ്.

കൂടാതെ 22-06-2023 ൽ ക്നാനായ മാനേജിംഗ് കമ്മിറ്റി പരി.ബാവായ്ക്ക് ക്നാനായ അസ്സോസിയേഷൻ കൂടി എടുത്ത തീരുമാനങ്ങളും സമുദായത്തിലെ പ്രതിസന്ധികളും വിശദമാക്കി മൂന്ന് പേജുള്ള കത്ത് അയച്ചിട്ടുള്ളതുമാണ്. യാതൊരു മറുപടിയും ഇതുവരെയും അതിന് ലഭിച്ചിട്ടില്ല.

ഇതിനിടയിൽ സമുദായ മെത്രാപ്പോലീത്തായുടെ ആവശ്യപ്രകാരം വി.കുർബ്ബാന അർപ്പിച്ച വൈദികരുടെമേൽ പരി. ബാവായെക്കൊണ്ട് കടുത്ത നടപടി എടുപ്പിച്ചതിനെ ഒരു രീതിയിലും അംഗീകരിക്കുവാൻ സാധിക്കുകയില്ല.

ക്നാനായ സമുദായത്തിലെ വൈദികരുടെ മേൽ നടപടി എടുക്കുന്നതിന് ക്നാനായ ഭരണഘടനയുടെ വകുപ്പ് 96 (a) 84 (f) എന്നീ വകുപ്പുകളിൽ കൂടി മാത്രമേ സാധിക്കുകയുള്ളൂ. ബാവായുടെ ഈ കല്പന ഭരണഘടനാ ലംഘനമാണെന്ന് വളരെ ദുഃഖത്തോടെ അറിയിക്കട്ടെ.

അതു കൂടാതെ അമേരിക്ക,യൂറോപ്പ് അടങ്ങിയ മേഖല പൂർണ്ണമായും സിൽവാനോസ് മെത്രാന്റെ അധികാരത്തിൻ കീഴിൽ സ്വതന്ത്രമാക്കിക്കൊണ്ടുമാണ് പരി.പാത്രിയർക്കീസ് ബാവായുടെ ഈ കല്പന. അങ്ങനെയൊരു തീരുമാനം എടുക്കാനോ, നടപ്പിലാക്കോനോ പാത്രിയർക്കീസ് ബാവായ്ക്ക് അധികാരമില്ല. ക്നാനായ അസ്സോസിയേഷനു മാത്രമേ അതിനുള്ള അധികാരമുള്ളൂ. ഈ കല്പന ഈ സമുദായത്തെ പിളർത്തി നശിപ്പിക്കുന്നതാണെന്ന് അറിയിച്ചുകൊള്ളട്ടെ.

ക്നാനായ സമുദായത്തിലെ ദേവാലയങ്ങളിൽ സമാധാനം നിലനിർത്തുന്നതിനും, ഇടവകപള്ളികളിൽ വിഭജനം ഉണ്ടാകാതെയിരിക്കുന്നതിനും, ക്നാനായ സമുദായത്തിന്റെ നിലനിൽപ്പിനുവേണ്ടിയും, സുപ്രീംകോടതി അംഗീകരിച്ചു തന്ന ക്നാനായ ഭരണഘടന നിലനിർത്തുന്നതിനും പരി. പാത്രിയർക്കീസു ബാവായുടെ 23-06-2023 No.EI.57/23 കല്പന ദേവാലയങ്ങളിൽ വായിക്കരുത് എന്ന് സമുദായത്തിലെ എല്ലാ ബഹു.ഇടവകവികാരിമാരോടും ഞങ്ങൾ സംയുക്തമായി ആവശ്യപ്പെടുകയാണ്

ഈ പ്രസ്താവനയ്ക്ക് വിരുദ്ധമായി ഏതെങ്കിലും ദേവാലയത്തിൽ കല്പന വായിക്കുവാൻ ശ്രമിച്ചാൽ അമേരിക്കയിൽ ഉണ്ടായതിനെക്കാൾ അധികമായി പ്രതിഷേധം ദേവാലയങ്ങളിൽ ഉണ്ടാവുകയും അസ്സോസിയേഷൻ അംഗങ്ങളും, പള്ളി ഭാരവാഹികളും, ജനങ്ങളും പ്രതിഷേധിക്കുകയും, അത് സംഘർഷത്തിലേയ്ക്ക് പോകുവാൻ ഇടയാകുകയും ചെയ്യും.

ആയതിനാൽ അടുത്ത അസ്സോസിയേഷൻ കൂടി ഒരു തീരുമാനം ഉണ്ടാകുന്നതുവരെ ക്നാനായ സമുദായത്തിലെ ദേവാലയങ്ങളിൽ സംഘർഷം ഉണ്ടാകാതിരിക്കുവാൻ എല്ലാ വൈദിക ശ്രേഷ്ഠരും ഞങ്ങളുടെ പ്രസ്താവനയോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ വിവരം ഞങ്ങൾ ക്നാനായ സമുദായ മെത്രാപ്പോലീത്തായെയും സഹായമെത്രാൻമാരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഈ കത്ത് വിദേശരാജ്യങ്ങളിൽ ഉള്ള വൈദികരെയും അറിയിക്കുകയുണ്ടായി. എന്നാൽ കമ്മിറ്റിയുടെ നിർദ്ദേശം ലംഘിച്ചുകൊണ്ടു സമുദായ മെത്രാപ്പോലീത്തായുടെ അറിവും ഇല്ലാതെ മനഃപൂർവ്വം പരി.പാത്രിയർക്കീസ് ബാവായെ ജനമദ്ധ്യത്തിൽ അധിക്ഷേപിക്കുവാൻ രണ്ടു മൂന്നു വൈദികർ യു.കെ.യിൽ രണ്ടു ദൈവാലയങ്ങളിൽ കല്പന വായിക്കുവാൻ ശ്രമിച്ചപ്പോൾ ആ ദൈവാലയങ്ങളിലെ ക്നാനായ ജനങ്ങളുടെ പ്രതിഷേധം എല്ലാവരും സോഷ്യൽ മീഡിയയിൽ കൂടി കാണുകയും ഉണ്ടായി. ഈ വൈദികരുടെ പ്രവൃത്തി ക്നാനായ ഭരണഘടനാ വിരുദ്ധവും സമുദായത്തോടുള്ള വെല്ലുവിളിയും ആയി മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ.

എന്നാൽ മലങ്കരയിൽ ഈ കത്ത് 1-7-2023 ശനിയാഴ്ചയ്ക്ക് മുമ്പായിട്ടുതന്നെ ഒട്ടുമിക്ക ദൈവാലയങ്ങളിലേയും പള്ളി വികാരി, ട്രസ്റ്റി, സെക്രട്ടറി, അസ്സോസിയേഷൻ അംഗങ്ങൾ എന്നിവരുടെ പക്കൽ എത്തിക്കുവാൻ ഞങ്ങൾക്ക് സാധിച്ചു അതിന്റെ ഫലം ഞങ്ങൾക്ക് ലഭിക്കുകയും ചെയ്തു

എന്നുള്ള വിവരം വളരെ സന്തോഷത്തോടുകൂടി അറിയിക്കട്ടെ.

ക്നാനായ കമ്മിറ്റിയോട് സഹകരിച്ച പ്രിയപ്പെട്ട വൈദിക ശ്രേഷ്ഠരെ ക്നാനായ സമുദായത്തിലെ ദൈവാലയങ്ങളിൽ സമാധാന അന്തരീക്ഷം തകർക്കാതെ ഇരിക്കുന്നതിനു വേണ്ടിയും ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിയുടെ അഭ്യർത്ഥനയെ മാനിച്ചും അമേരിക്കയിലും യു.കെ.യിലും ഉണ്ടായതുപോലെയുള്ള പ്രതിഷേധങ്ങൾ മലങ്കരയിലെ ദൈവാലയങ്ങളിൽ ഉണ്ടാകാതെ ഇരിക്കുന്നതിനുവേണ്ടിയും, ഭരണഘടനയ്ക്ക് വിരുദ്ധമായി പരി. ബാവായെ തെറ്റിദ്ധരിപ്പിച്ച് ഇറക്കിയ കല്പന ദൈവാലയങ്ങളിൽ വായിക്കാൻ തയ്യാറാകാതെ ധീരമായ നിലപാടെടുത്ത സമുദായത്തിലെ എല്ലാ വൈദിക ശ്രേഷ്ഠരോടും ക്നാനായ കമ്മിറ്റിയും ക്നാനായ സമുദായ ജനങ്ങളും കടപ്പെട്ടിരിക്കുന്നു. ഭരണഘടനയെ മുറുക്കിപ്പിടിച്ച ശ്രേഷ്ഠ വൈദികർക്ക് ക്നാനായ കമ്മിറ്റിയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ക്നാനായ സമുദായത്തിന്റെ സമാധാന അന്തരീക്ഷം തകർക്കുവാൻ ഏതു ഭാഗത്തുനിന്നും നീക്കം ഉണ്ടായാലും അതിനെ ശക്തിയുക്തം കമ്മിറ്റി എതിർക്കുന്നതായിരിക്കും.

സമുദായത്തിലെ പ്രതിസന്ധികൾ രൂക്ഷമായതിനാൽ ഈ കാര്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനു വേണ്ടി ഞങ്ങൾ 5–7–2023 ൽ വീണ്ടും ക്നാനായ കമ്മിറ്റി കൂടി ക്നാനായ അസ്സോസിയേഷൻ നിയമാനുസരണം വിളിക്കുവാൻ തീരുമാനം എടുത്തിരിക്കുകയാണ്. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

എന്ന്

ക്നാനായ കമ്മിറ്റിയ്ക്കുവേണ്ടി

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

സമുദായ സെക്രട്ടറി

# ജീവിതം

**അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്**

വളരെയധികം മാനസിക പ്രശ്നങ്ങൾ നേരിടുന്ന ഒരു യുവാവ് ലോകപ്രസിദ്ധനായ ഒരു കൗൺസിലറിന്റെ അരികിൽ ചെന്ന് തന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ചോദിച്ചു. ഈ യുവാവിന്റെ ആവലാതികൾ കേട്ടു കഴിഞ്ഞ് കൗൺസിലർ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ കൂടെ പഠിച്ചിട്ടുള്ള കുറെ ആൾക്കാരെ കണ്ടു പിടിച്ചിട്ട് അവരൊക്കെ ഇപ്പോൾ എന്തു ചെയ്തു കൊണ്ടിരിക്കുന്നു എന്നു തിരക്കി അറിഞ്ഞിട്ടുവാ അപ്പോൾ ഇതിനു തക്കതായ പരിഹാരം ഉണ്ടാക്കി തരാം. അതിന് ഒരു മാസത്തെ കാലാവധിയും കൊടുത്തു. ഈ യുവാവ് തന്റെ കൂടെ പഠിച്ചിട്ടുള്ള പലരേയും തിരക്കി ഫോണിൽ ബന്ധപ്പെട്ടു. കുറെ പേരു മരിച്ചുപോയന്നറിഞ്ഞു. ചിലരൊക്കെ വിവാഹം കഴിച്ചില്ല. ചിലരുടെ ജീവിത പങ്കാളികൾ മരിച്ചുപോയി, ചിലർക്കു മക്കളില്ല. ഒരാളുടെ മകൻ ഒരു ബൈക്ക് ആക്സിഡന്റിൽ മരിച്ചുപോയി. വേറെ ഒരാൾക്ക് ഒരു മകളേ ഉണ്ടായിരുന്നുള്ളു. അവൾ ആരുടെയോ കൂടെ ഇറങ്ങിപ്പോയി. കുറെപ്പേർ വലിയ ജോലിക്കാരാണ്, അവരിൽ പലരും രോഗത്തിനു ചികിത്സയിലാണ്. ഇതെല്ലാം അറിഞ്ഞു കഴിഞ്ഞു. ആ മനുഷ്യൻ കൗൺസിലറുടെ അരുകിൽ തിരിച്ചുപോയില്ലന്നു മാത്രമല്ല തന്റെ പ്രശ്നങ്ങളൊന്നും ഒരു പ്രശ്നമേ അല്ല എന്നു മനസ്സിലാക്കി. പലർക്കും പല തരത്തിലാണ് ഓരോ അനുഭവങ്ങൾ, ജീവിത യഥാർത്ഥ്യങ്ങൾ. താല്പര്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും എല്ലാം അംഗീകരിച്ചേ മതിയാവൂ. "എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിനു കീഴിലുള്ള സകല കാര്യത്തിനും ഒരു കാലമുണ്ട് (സഭാപ്രസംഗി 3:1–9). എല്ലാവരെയും ഒന്നിച്ചിരുത്തി സദ്യ കൊടുക്കുന്ന ഊട്ടുശാലയല്ല ജീവിതം. ഓരോ ജീവിതത്തിനും അതിന്റേതായ ഭാവങ്ങളുണ്ട്. അവനവന്റെ കാര്യം മാത്രം നോക്കുകയും കാണുകയുമൊക്കെ ചെയ്യുന്നവർക്ക് എല്ലാം പ്രശ്നങ്ങളായിരിക്കും. ശരിക്കും നമ്മുടെ ജീവിതം തന്നെ ഒരു വിനോദയാത്രയാണ്. സ്വന്തം കാര്യങ്ങൾ മാത്രം നോക്കുന്നവർക്ക് അത് വിനോദയാത്രയാകുകയില്ല. പലരുകൂടി സങ്കടങ്ങളും സന്തോഷങ്ങളും ഒക്കെ പറഞ്ഞ് പോകുമ്പോഴാണ് യാത്രയ്ക്ക് ഒരു സുഖം തോന്നുക. ഊട്ടിയിലും, കൊടെക്കനാലിലും, ഗോവയ്ക്കും ഒക്കെ പോയി ആസ്വദിക്കുന്നതുപോലെയുള്ള ഒരു യാത്രയാണ് ഈ ലോകജീവിതം. ദൈവം അതിനാണ് നമ്മളേ ഇങ്ങോട്ടു വിട്ടിരിക്കുന്നത്. വി. കുർബ്ബാനയിൽ ഒടുവിൽ എന്താണ് നമ്മളോടു പറയുന്നത്; നിങ്ങൾ സന്തോഷവും ആനന്ദിച്ചു സമാധാനത്താലെ പോകുവീൻ. വിനോദ യാത്രയൊക്കെ കഴിഞ്ഞു നമ്മൾ നമ്മുടെ വീട്ടിലേക്ക് തിരിച്ചു പോകുമല്ലോ എന്നതുപോലെ തന്നെയാണല്ലോ ഈ ജീവിതവും. കുറെക്കാലം ഇവിടെ ആസ്വദിച്ചിട്ടു തിരിച്ചു പോകേണ്ടവർ. തിരിച്ചുപോകാതെ ഇവിടെ സ്ഥിരമായി താമസിക്കുവാൻ ആർക്കെങ്കിലും കഴിയുമോ.

"ദൈവമക്കൾ നമുക്ക് സ്വന്തം സ്വർഗ്ഗദേശം
കേവലമീപാരിടമോ വെറുംപരദേശം"

"നാം അന്യോന്യം പോരിനുവിളിച്ചും അന്യോന്യം അസൂയപ്പെട്ടുംകൊണ്ട് വൃഥാഭിമാനികളാകരുത്" (ഗലാ.5:26). ദുഃഖിക്കാനൊരു കാരണവുമില്ലാത്ത ഒരു ദിനവും ആർക്കും ഉണ്ടാകില്ല സന്തോഷിക്കാൻ ഒരു കാരണമില്ലാത്ത ഒരു ദിവസവും ഉണ്ടാകില്ല. പനി വരുമ്പോൾ വിഷാദിക്കുന്നവർ കാൻസർ വാർഡിൽ ഒരു ദിവസം സന്ദർശിച്ചാൽ പരിഹാരമാകും. കുറഞ്ഞ വരുമാനത്തിൽ തൃപ്തിപ്പെടാത്തവർ ഒരു വരുമാനവും ഇല്ലാതെ ഭാരപ്പെടുന്നവരുടെ കൂട്ടത്തിൽ ഒരു ദിവസം ചിലവഴിച്ചാൽ ഉള്ളതുകൊണ്ട് തൃപ്തിപ്പെടും ഇതാണ് ജീവിതം.

# കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസം പ്രതിസന്ധിക്ക് പരിഹാരമില്ലേ?

**അനിൽ ബോസ് എ.**

രാജ്യത്തെ ചിലസംസ്ഥാനങ്ങൾക്കായി 50 പുതിയ മെഡിക്കൽ കോളേജുകളും പുതിയതായി 8195 എം.ബി.ബി.എസ്. സീറ്റുകളും അനുവദിച്ചത് കഴിഞ്ഞ 9-ാം തീയതിയാണ്. പുതിയ കോളേജുകൾ അനുവദിച്ചത് തെലുങ്കാന, രാജസ്ഥാൻ, തമിഴ്നാട്, ഒറീസ, നാഗാലാൻഡ്, മഹാരാഷ്ട്ര, ആസ്സാം, ജമ്മുകാശ്മീർ, ബംഗാൾ, ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിലാണ്. മെഡിക്കൽ വിദ്യാഭ്യാസത്തിനായി കുട്ടികൾ നെട്ടോട്ടമോടുന്ന കേരളത്തിന് പുതുതായി ഒരു കോളേജും ഇല്ല. നിലവിലുള്ള കോളേജുകളിലെ സീറ്റും കുറച്ചു. ശബരിമല തീർത്ഥാടകരെ സഹായിക്കാനായി വടശ്ശേരിക്കരയിൽ നടത്താനിരുന്ന മെഡിക്കൽ കോളേജിന് അനുമതിയില്ല. വർക്കലയിലും ചെർപ്പുളശ്ശേരിയിലും ഉണ്ടായിരുന്ന കോളേജുകൾ അടഞ്ഞു കിടക്കുകയാണ്. സർക്കാർ മേഖലയിലും, വയനാട്ടിലും മറ്റ് ജില്ലകളിലും പുതിയതായി കോളേജ് എന്നത് പ്രഖ്യാപനം മാത്രം. 2015 ൽ രാജ്യത്തുണ്ടായിരുന്ന മെഡിക്കൽ സീറ്റുകളിൽ 75% വർദ്ധനയുണ്ടായപ്പോൾ കേരളത്തിൽ സീറ്റുകൾ കൂടിയത് കേവലം 10% മാത്രം.

കേരളത്തിൽ നിന്ന് ഒരു ലക്ഷത്തിലധികം കുട്ടികൾ ഈ വർഷം നീറ്റ് പരീക്ഷയെഴുതി. രാജ്യത്തെ വിദ്യാർത്ഥികളിൽ ഏറ്റവും കൂടുതൽ എം.ബി.ബി.എസ് ആഭിമുഖ്യം പുലർത്തുന്നവരാണ് കേരളത്തിലെ വിദ്യാർത്ഥികൾ. ഇവിടെ പ്രവേശനം ലഭിക്കാത്തതുകൊണ്ട് മാത്രം നിരവധി വിദ്യാർത്ഥികൾ ഓരോവർഷവും മറ്റു രാജ്യങ്ങളിലേക്ക് പോവുകയാണ്. വർഷംതോറും ആയിരത്തിലധികം വിദ്യാർത്ഥികൾ എം.ബി.ബി.എസ്. കോഴ്സിന് ഒരു കോടി രൂപ വീതം ഫീസ് നൽകി പഠിക്കാൻ പരീക്ഷാ കമ്മീഷണർക്ക് എൻ.ആർ.ഐ. വിഭാഗത്തിൽ അപേക്ഷ നൽകുന്നുണ്ട്. എന്നാൽ കേവലം 363 എൻ.ആർ.ഐ.സീറ്റുകളിൽ മാത്രമാണ് കഴിഞ്ഞവർഷം അലോട്ട്മെന്റ് നടത്തിയത്. ഇത്രയധികം വിദേശമലയാളികളും അപേക്ഷകരുമുള്ള സാഹചര്യത്തിൽ എൻ.ആർ.ഐ.സീറ്റുകളിൽ 25% ഉയർത്തേണ്ടത് അനിവാര്യമാണ്. ആയിരത്തോളം വിദ്യാർത്ഥികൾ കേരളത്തിന് പുറത്തും എൻ.ആർ.ഐ.സീറ്റുകളിൾ പ്രവേശനം നേടുന്നു. ഈ പ്രതിസന്ധി പരിഹരിക്കാൻ മറ്റ് സംസ്ഥാനങ്ങളിലെപ്പോലെ സർക്കാർ മെഡിക്കൽ കോളേജിലും എൻ.ആർ.ഐ. സീറ്റുകൾ ഒരുക്കാവുന്നതാണ്.

ഒരിക്കൽ അഫിലിയേഷൻ കിട്ടിയ കോളേജുകളിലെ വീണ്ടും പലവിധ പരിശോധനയുടെ പേരിൽ ആരോഗ്യ സർവ്വകലാശാല ബുദ്ധിമുട്ടിക്കുന്നതായി പല മാനേജ്മെന്റുകളും പരാതി പറയാറുണ്ട്. സർക്കാരും, സർവ്വകലാശാലയും ഒന്നിച്ചു നിന്നാൽ മാത്രമെ കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസം ഉയരൂ. കേരളത്തിന് ലഭ്യമാകേണ്ട ആയിരക്കണക്കിന് കോടി രൂപ മറ്റ് സംസ്ഥാനങ്ങളിലേക്കും മറ്റു രാജ്യങ്ങളിലേക്കും പോകുന്നത് തടയണമെങ്കിൽ നമ്മുടെ ആരോഗ്യ സർവ്വകലാശാലയും സർക്കാരും കുറച്ചുകൂടി സൗഹൃദ സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു.

ഒരു മെഡിക്കൽ സീറ്റിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന നിരവധി കുട്ടികളുണ്ട്. നമ്മുടെ സംസ്ഥാനത്ത് മെഡിക്കൽ പ്രവേശനം പൂർണ്ണമായും നാഷണൽ മെഡിക്കൽ കൗൺസിലിന്റെ നേതൃത്വത്തിലായതോടെ തലവരി ഏർപ്പാട് അവസാനിപ്പിക്കേണ്ടി വന്നതുകൊണ്ടാവുമോ സ്വകാര്യമേഖല ഈ രംഗത്തിനായി ശബ്ദമുയർത്താത്തത്. സ്വകാര്യമേഖലയ്ക്ക് താൽപര്യമില്ലെങ്കിലെന്താ സർക്കാരിന് പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങാമല്ലോ. എന്നാൽ സർക്കാരിനും ഇക്കാര്യത്തിൽ താൽപര്യമില്ല. അതുകൊണ്ടാവാം 50 പുതിയ മെഡിക്കൽ കോളേജുകൾ ലഭിച്ച സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെടാതെ പോയത്.

കോളേജ് സ്ഥാപിക്കുന്ന പ്രദേശത്തിന്റെ വികസനം, പശ്ചാത്തല സൗകര്യങ്ങളുടെ വിപുലീകരണം തുടങ്ങി അനവധി മേഖലകളുടെ വികസനമാണ് ഓരോ പുതിയ മെഡിക്കൽ കോളേജുകളും കാരണം സാദ്ധ്യമാകുന്നത്. ആ സാദ്ധ്യതകൾ കൂടിയാണ് കൊട്ടിയടയ്ക്കുന്നത്. മറ്റു മേഖലകളിൽ കേരളം കേന്ദ്രത്തിന്റെ അവഗണന നേരിടുമ്പോൾ അതിനെതിരെ ശബ്ദമുയർത്താറുള്ള രാഷ്ട്രീയ നേതാക്കൾക്ക് മെഡിക്കൽ കോളേജ് പ്രശ്നത്തിൽ അഭിപ്രായമേയില്ല. സർക്കാർ ഈ രംഗത്തു നിന്നും പിൻവാങ്ങി നിൽക്കുന്നതിന്റെ കാരണവും വ്യക്തമല്ല. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് എന്ന നയമുണ്ടെങ്കിലും അത് യാഥാർത്ഥ്യമാക്കാനുള്ള തുടർനടപടികൾ ഒന്നും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകാത്തത് ദൗർഭാഗ്യകരമാണ്. പതിറ്റാണ്ടുകളുടെ സ്വപ്നമായ എയിംസ് എവിടെ സ്ഥാപിക്കണമെന്നതിലെ ചിന്താക്കുഴപ്പമാണ് പദ്ധതി ഇങ്ങനെ നീണ്ടുപോകാൻ കാരണമായത്. അതുകൊണ്ട് സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം ഊഹിക്കുന്നതിനും അപ്പുറമാണ്.

ഓരോ വർഷം കഴിയുന്തോറും ഡോക്ടർമാരുടെ ആവശ്യം വർദ്ധിക്കുകയല്ലേ. ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ ഇപ്പോഴുള്ള ഡോക്ടർമാർ വളരെ പരിമിതമാണ്. നേഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും എണ്ണത്തിലും വലിയ കുറവാണ് സംസ്ഥാനം നേരിട്ടു കൊണ്ടിരിക്കുന്നത്. ഇത്തരം കോഴ്സുകൾ പഠിക്കാൻ പതിനായിരക്കണക്കിന് വിദ്യാർത്ഥികളാണ് പ്രതിവർഷം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത്. കേരളത്തിന്റെ അടിസ്ഥാന മേഖലയിൽ ക്രയവിക്രയം ചെയ്യേണ്ട കോടിക്കണക്കിന് രൂപയല്ലേ ഇതിലൂടെ നഷ്ടമാവുന്നത്. നമ്മുടെ സംസ്ഥാനത്തു നിന്നും പഠിച്ചു പാസ്സാകുന്ന ഡോക്ടർമാരിലും പാരാമെഡിക്കൽ ജീവനക്കാരിലും ബഹുഭൂരിപക്ഷവും വിദേശങ്ങളിലേയ്ക്ക് ചേക്കേറുകയാണ്. ആയതിനാൽ കൂടുതൽ പദ്ധതികൾ വിഭാവനം ചെയ്ത് സംസ്ഥാനത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ശക്തമാക്കി പ്രാഗല്ഭ്യമുള്ള ഒരു മെഡിക്കൽ ടീമിനെ വാർത്തെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു

*ലേഖകൻ തിരുവനന്തപുരം ഐ.എം.ജി. യിൽ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്) അക്രഡിറ്റഡ് ട്രെയിനറാണ് Ph: 9447358647).*



# 25 Years of Togetherness

**29-06-2023**

## Santhosh & Joice

**Kattayil House**
**Moolamkulam**
**Chingavanam**

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി

Best wishes
Jessal and Ann

Advt -G



# അഭിനന്ദനങ്ങൾ

## Mindu Kurian

Australian Catholic University യിൽ നിന്നും Migration Law യിൽ graduate ആയി Australian government registered migration lawyer ആയി enroll ചെയ്ത മിന്റു കുര്യന് അഭിനന്ദനങ്ങൾ. South Australia യിലെ വിവിധ കോളേജുകളിലും യൂണിവേഴ്സിറ്റിയിലും നീണ്ട 12 വർഷം Campus Manager ആയി പ്രവർത്തിച്ച് അനുഭവ പരിചയമുള്ള മിന്റുവിനെ Australian Migrations സംബന്ധമായും education സംബന്ധമായുമുള്ള ഏതൊരു ആവശ്യത്തിനും സമീപിക്കാവുന്നതാണ്. വാകത്താനം സെന്റ് സൈമൺസ് പുതുശ്ശേരി പള്ളി ഇടവകാംഗമായ കമ്പക്കാലുങ്കൽ കുര്യൻ സഖറിയായുടെയും ജെസി കുര്യന്റെയും മകനും, ചിങ്ങവനം പാറത്താഴെ വീട്ടിൽ Reshmi യുടെ ഭർത്താവുമാണ്. വ്യാപാര വ്യവസായ ഏകോപന സമിതി യൂത്ത് വിംഗിന്റെ സംസ്ഥാന വൈസ് പ്രസിഡന്റ് ജിന്റു കുര്യൻ (JMK Finance) ഏക സഹോദരനാണ്.

Contact Details

**Mindu Kurian**
Upright Migration & Education Services
Level 12, 108 Kingwilliam St,
Adelaide, Australia
Mob- +61411791452 (Whatsapp), +618770817828

Advt - O


1ST WEDDING ANNIVERSARY
JULY 9, 2023
BICHU & ACHU BEN
CHERUMADAKALA HOUSE
PHILADELPHIA, USA
JEREMIAH 30:22
"YOU SHALL BE MY PEOPLE AND
I WILL BE YOUR GOD."


PROJECT BY
WAKE
KNANAYA
WEDDINGS.COM
ക്നാനായ
വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com

Advt - O



## *50 Years of Togetherness*

**15-07-2023**

# Mr. Joy T.K
# &
# Mrs. Josini Joy

**Thinamkalayil, Trivandrum**

*Happy Golden Anniversary*
*Appachan & Ammachy*
With Love,
Cinda, Rowan, Reece & Serene

## *Congratulations*

**Sinto Stephen**

**Masters in chemical & petroleum Engineering from University of Calgary, Canada, S/o Stephen & Anila Stephen, Kunnathethu, Ranni. He is the member of St. Thomas Valiya Palli Ranni.**



## 50-ാം വിവാഹ വാർഷികം

(01-07-1973 - 01-07-2023)



**സുവിശേഷകൻ ജയിംസ് & വത്സമ്മ**

**(K. J. Thomas & Valsamma Thomas)**

**കുന്നുകണ്ടത്തിൽ, കുറ്റൂർ**

“ഇത്രത്തോളം യഹോവ നടത്തി”

**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

# അഭി. ഗീവർഗീസ് മോർ സേവേറിയോസ് മെത്രാപ്പോലിത്തായുടെ 96-ാം ശ്രാദ്ധപ്പെരുന്നാൾ



അഭി. ഗീവർഗീസ് മോർ സേവേറിയോസ് മെത്രാപ്പോലിത്തായുടെ 96–ാം ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ചു നടന്ന അനുസ്മരണ സമ്മേളനം മന്ത്രി വി. എൻ. വാസവൻ ഉദ്ഘാടനം ചെയ്യുന്നു. തോമസ് ചാഴികാടൻ എം. പി., തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ. എ., വികാരി ഫാ. ഡോ. തോമസ് എബ്രഹാം മലേശ്ശേരിൽ, മഹാത്മാഗാന്ധി സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ. സിറിയക്ക് തോമസ്, സമുദായ സെക്രട്ടറി റ്റി. ഒ. എബ്രഹാം തോട്ടത്തിൽ, സമുദായ ആക്റ്റിംഗ് ട്രസ്റ്റി തോമസ്കുട്ടി മറ്റയ്ക്കാട്ട്, പ്രോഗ്രാം ജനറൽ കൺവീനർ ജേക്കബ് പണിക്കർ, സുനിൽ എബ്രഹാം കല്ലുവെട്ടാംകുഴി, മുനിസിപ്പൽ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജോസ് പള്ളിക്കുന്നേൽ, ട്രസ്റ്റി എം. കെ. തോമസ് മള്ളൂശ്ശേരി, സെക്രട്ടറി മനീഷ് ജോയി ഒഴുക്കൂത്ര, മുനിസിപ്പൽ കൗൺസിലർ ഷേബ മാർക്കോസ് എന്നിവർ സമീപം



വി. കുർബ്ബാനാനന്തരം കബറിങ്കൽ മുളമൂട്ടിൽ വന്ദ്യ. റോയി മാത്യു കോറെപ്പിസ്കോപ്പായുടെ കാർമികത്വത്തിൽ ധൂപ പ്രാർത്ഥന നടത്തുന്നു.

# പരിസ്ഥിതിദിനാചരണം



പരിസ്ഥിതിദിനാചരണം ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ മാർ അപ്രേം സെമിനാരിയിൽ വൃക്ഷത്തൈ നട്ടുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ. എ. ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജേക്കബ് കല്ലുകുളം, ഫാ. ഏലിയാസ് സ്ഖറിയാ ഇളവൻകുളം ഫാ. ലിജോ ജോസഫ് പട്ടുകാലയിൽ, റോയ് പുത്തൻപുരയ്ക്കൽ, അനീഷ് റ്റി. സി. തകിടിയിൽ, ബിജു വഴിയിൽ എന്നിവർ സമീപം

## 1 – ാം ചരമവാർഷികം

11-08-2023



**T.T. Kurian (Kariyachan) (82)**

(Rtd. K.S.E.B)

**Chempil House, Pavukkara, Mannar**


"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ: മറിയാമ്മ കുര്യൻ

മക്കൾ: തോമസ്കുട്ടി, ലൈസി

മരുമക്കൾ: അനിയച്ചൻ ചിറയിൽ, സിന്ദു ചന്ദനപള്ളി

കൊച്ചുമക്കൾ: അലീന, റ്റിസാ, റ്റിവൽ, ആരോൺ



# ജീവിതവും വിദ്യാഭ്യാസവും നിലവാരമുള്ളതാക്കാം

സുനിൽ ഡി. കുരുവിള

പുതിയ അദ്ധ്യയന വർഷം ആരംഭിച്ചല്ലോ. ഏവർക്കും ആശംസകൾ! നമ്മുടെ വിദ്യാഭ്യാസം സമഗ്രവും അർത്ഥവത്തും ആകേണ്ടേ? തൊഴിലില്ലായ്മയ്ക്കും യുവതയിലെ അപചയങ്ങൾക്കും കാരണം വിദ്യാഭ്യാസത്തിലെ പോരായ്മകൾ തന്നെയാണ്. വിദ്യാഭ്യാസം മാറിയിട്ട് നമുക്ക് എല്ലാം നേടാം എന്ന് കരുതിയിരുന്നാൽ നിരാശയാകും ഫലം. പകരം അതിന്റെ ഉത്തരവാദിത്വം നാം സ്വയം ഏറ്റെടുക്കുകയാണ് അഭികാമ്യം. ഈ അഞ്ചു കാര്യങ്ങൾ ശ്രദ്ധിക്കാം

**മനസ്സിലാക്കി പഠിക്കാം:**

കാണാതെ പഠിത്തം വലിയ അപകടമാണ്. ചെറിയ ക്ലാസ്സുകളിൽ മാർക്ക് കൂടുതൽ വാങ്ങാൻ അത് ഉപകരിച്ചേക്കും. കണക്കുപോലുള്ള വിഷയങ്ങൾ അത്തരക്കാർക്കു പഠിക്കാൻ പിന്നീട് പ്രയാസം വരും. വലിയ ക്ലാസ്സുകളിൽ എത്തുമ്പോൾ കാണാതെ പഠിത്തം ഉപകരിക്കില്ല.... പഠന നിലവാരം കുറയും. ആധുനിക കാലത്തു ചിന്തിക്കാനും ചോദ്യം ചോദിക്കാനും വിശകലനം ചെയ്യാനും കഴിയാത്തവർക്ക് ഭാവിയില്ല. അതുപോലെ തന്നെ പഠിക്കുന്ന കാര്യങ്ങളെ പ്രവൃത്തിതലത്തിൽ (application) ഉപയോഗിക്കാനറിയില്ലെങ്കിൽ തൊഴിൽ രംഗത്ത് നമുക്ക് വിജയിക്കാൻ കഴിയില്ല. അതുകൊണ്ടു ചെറിയ പ്രായത്തിലെ മനസ്സിലാക്കി പഠിക്കാൻ ശ്രമിക്കുക. കാണാതെപഠിച്ചു വാരിക്കൂട്ടന്ന മാർക്കും ഗ്രേഡും ഒക്കെ നാളെ ജീവിതത്തിൽ ഉപകരിക്കുകയില്ല.

**ലൈഫ് സ്കിൽസ് വളർത്താം:**

ആധുനിക ലോകത്തു നൈപുണ്യങ്ങളുടെ വൈവിധ്യമാണ് വിജയം നേടാനുള്ള വഴി. നല്ല ആത്മവിശ്വാസം, ഭാഷാശേഷി, ആശയവിനിമയപാടവം, കാര്യപ്രാപ്തി, തീരുമാനശേഷി, പ്രശ്നപരിഹാര ശേഷി, ഭവനവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യാനുള്ള കഴിവ്, മനുഷ്യനുമായി ഇടപെടാനുള്ള കഴിവ്, സമൂഹത്തിൽ ഇടപെടാനുള്ള കഴിവ്, ബന്ധങ്ങൾ സൂക്ഷിക്കാനുള്ള കഴിവ്, സഹായിക്കാനുള്ള കഴിവ്, തെറ്റും ശരിയും തിരിച്ചറിയാനുള്ള കഴിവ്, നന്മ ചെയ്യാനുള്ള കഴിവ്...... എവിടെയാണ് ഇങ്ങനെയുള്ളവർ പരാജയപ്പെടുക? നേതൃത്വഗുണവും ആശയവും മൂല്യങ്ങളും കാഴ്ചപ്പാടുമുള്ള യുവത ലോകം കീഴടക്കും. അവർ ജീവിതം ആഘോഷിക്കും. ട്യൂഷനിലും coching ലും തളച്ചിടരുതേ! സമഗ്രമായി വളരുക. കളിയും കലയും സംസ്ക്കാരവും പ്രകൃതിയും ഒക്കെ ജീവിതത്തോട് ചേർന്ന് നിൽക്കട്ടെ!

**ശാരീരിക ആരോഗ്യം ശ്രദ്ധിക്കാം**

ഇന്ന് അമിതമായ academic പ്രാധാന്യം കാരണം കുട്ടികളുടെ ആരോഗ്യം വേണ്ടപോലെ ശ്രദ്ധിക്കുന്നില്ല. സ്കൂളും ട്യൂഷനും കോച്ചിംഗും ഒക്കെ കഴിഞ്ഞു വെള്ളം കുടിക്കാനും ആഹാരം കഴിക്കാനും എപ്പോൾ ആണ് സമയം? ഇത് രോഗികളായ ഒരു യുവസമൂഹത്തെ ലോകത്തു സൃഷ്ടിക്കുന്നു. ഓർഡർ ചെയ്തു ഈസിയായി വാങ്ങുന്ന ആഹാരം നമ്മളെ ഈസി ആയി രോഗിയാക്കിയേക്കാം! നല്ല ഭക്ഷണം-പോഷക സമൃദ്ധവും വിഷരഹിതവുമായ ഭക്ഷണം കുട്ടികൾക്ക് കൊടുക്കാൻ ശ്രദ്ധിക്കണം. 'Junk' ഫുഡ് കഴിച്ചു 'broiler' ആയി മാറുന്ന ഒരു തലമുറ നാടിനു ഭീഷണിയാണ്. ഓരോ modern ഹോട്ടലും ഓരോ ആധുനിക ആശുപത്രിയും കൂടി തുറക്കാൻ അവസരം നൽകുന്നു. അതോ ഇതെല്ലാം ഒരു കൂട്ട് കച്ചവടമാണോ?

നല്ല ഭക്ഷണം ശരീരത്തിന് മാത്രമല്ല മാനസിക ആരോഗ്യത്തിനും അനിവാര്യമാണ്. നല്ല ഉറക്കം, ശുചിത്വം, വ്യായാമം, ഓടിച്ചാടിയുള്ള കളികൾ ഒക്കെ ആരോഗ്യത്തെ പരിപോഷിപ്പിക്കുന്നു. സെൽ ഫോണും മറ്റും ഇന്ന് പലപ്പോഴും കുട്ടികളെ രോഗികളാക്കുന്നു എന്ന് തിരിച്ചറിയുക. ഫോൺ നമ്മുടെ master അല്ല servant ആണ്.... അല്ലെങ്കിൽ അങ്ങനെയാവണം!

**സന്തോഷം കണ്ടെത്താം, ഏറ്റവും പ്രധാനം:**

ജീവിതത്തിന്റെ ഏറ്റവും ഉന്നതമായ ലക്ഷ്യം സന്തോഷമാണ്. സന്തോഷമില്ലെങ്കിൽ മറ്റൊന്നുമില്ല. സന്തോഷം ചെറിയ പ്രായത്തിലെ കണ്ടെത്താൻ ശീലിക്കണം. തൃപ്തിയും നന്ദിയും പ്രത്യാശയും ഉള്ളവരായി ജീവിക്കാൻ കഴിഞ്ഞാൽ അതാണ് ഏറ്റവും വലിയ ധന്യത! ചെറിയ പ്രായത്തിലെ പഠനത്തോടൊപ്പം നിങ്ങൾക്ക് ചില ഹോബികൾ ഒക്കെ ഉണ്ടാകട്ടെ. കല, കളികൾ, സാംസ്കാരിക പ്രവർത്തനങ്ങൾ, നല്ല സൗഹൃദങ്ങൾ, വിനോദങ്ങൾ, ഒക്കെ നമ്മുടെ ജീവിതത്തിലെ സന്തോഷം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. സന്തോഷമുള്ളവർക്കു മറ്റൊരു ലഹരി ആവശ്യമില്ല. അവർക്കു ജീവിതം തന്നെയാണ് ലഹരി! സന്തോഷമുള്ളവർ thankful ആണ്. അവർ പോസിറ്റീവ് ആണ്. അവർ കൂടുതൽ hopeful ആണ്.

മാതാപിതാക്കളും സമൂഹവും ഒക്കെ 'സന്തോഷം' എന്ന സാധ്യത മനസ്സിലാക്കാൻ ശ്രമിക്കുക. കുട്ടികളെ രക്ഷിക്കാനും മികവുള്ളവരാക്കാനും ഏറ്റവും വലിയ നിക്ഷേപം അവരിൽ സൃഷ്ടിക്കുന്ന സന്തോഷമാണ്. അതിനു തടസ്സം നിൽക്കുന്ന കാര്യങ്ങൾ കണ്ടെത്തി പരിഹരിക്കാം. counsel-ling ഉം guidance ഒക്കെ ഈ കാര്യത്തിൽ വലിയ സംഭാവനകൾ നൽകാൻ കഴിവുള്ള പ്രവർത്തനങ്ങൾ ആണ്. ജ്ഞാനത്തോടെ ഉപയോഗപ്പെടുത്താം!

**നല്ല ബന്ധങ്ങൾ - സൗഹൃദങ്ങൾ പരിപോഷിപ്പിക്കാം:**

കുട്ടികളുടെയും യുവതലമുറയുടെയും ജീവിതം ഇന്ന് ഒരു 'screen' നുള്ളിലേക്ക് പരിമിതപ്പെടുകയാണോ? തുരുത്തായി മാറുകയാണോ? ഗെയിം അഡിക്ഷനും സ്വഭാവ-വ്യക്തിത്വ-മാനസിക രോഗങ്ങളും എല്ലാം കുട്ടികളിൽ വർദ്ധിക്കുന്നു. നിരാശയും അരക്ഷിതാവസ്ഥയും അക്രമവാസനയും ആത്മഹത്യയും ഒക്കെ അവരിൽ അനുദിനം പെരുകുന്നു! ആരോഗ്യപരമായ ഒരു യുവജന പരിപാലനം കൂടിയേ തീരൂ. സമൂഹവും ചുറ്റുപാടും മനുഷ്യരും ആയി ആരോഗ്യപരമായി 'connect' ചെയ്യപ്പെട്ട ഒരു development

കുട്ടികൾക്ക് അനിവാര്യമായിരിക്കുന്നു.... അത് കണ്ടില്ല എന്ന് നടിച്ചാൽ വലിയ വില നമ്മൾ നൽകേണ്ടിവരും. നല്ല ബന്ധങ്ങളെ പരിപോഷിപ്പിക്കുകയും സൗഹൃദങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ നല്ല വ്യക്തിത്വ വികസനവും സാമൂഹിക വളർച്ചയും കുട്ടികളിൽ രൂപപ്പെടും. ദുരന്തങ്ങൾ വരുമ്പോൾ 'മുതലക്കണ്ണീർ' പൊഴിച്ചിട്ടു എന്ത് കാര്യം? സൂചനകളിൽ നിന്ന് പഠിക്കാത്ത സമൂഹത്തിനു ദുരന്തം ആഘോഷിക്കേണ്ടി വരും, ഒരു സംശയവും വേണ്ട.

അമിതമായ 'material' ആർത്തിയാണ് ബന്ധങ്ങൾക്ക് തടസ്സമായത്. കെട്ടിപ്പൊക്കിയ മതിലുകളും താരതമ്യങ്ങളും മത്സരങ്ങളും ഒക്കെ മനുഷ്യനെ അകറ്റാനാണ് സഹായിച്ചത്. സ്ക്രീനിൽ ജീവിക്കുന്ന തലമുറ ഇതിന്റെയെല്ലാം പരിണിത ഫലമല്ലേ? ഒരു അതിഥി വീട്ടിൽ വരുന്നതുപോലും 'ശല്യമായി'; ബന്ധങ്ങൾ എങ്ങനെയുണ്ടാകും? കോച്ചിംഗ് സെന്ററുകളോടൊപ്പം മാനസിക ആരോഗ്യ കേന്ദ്രങ്ങളും കൂടുന്നു... ലഹരിയുടെ കച്ചവടവും! ചിന്തിക്കാം!!!

"2022 ൽ ലഹരി മാഫിയ വലയിലാക്കിയ സ്കൂളുകളുടെ എണ്ണം 250 ആയിരുന്നു. കഴിഞ്ഞ ഒരു വർഷത്തെ ലഹരിക്കെതിരെയുള്ള 'ഫ്ളാഷ് മൊബ്' കളി ഫലം കണ്ടു. 2023 ൽ ലഹരി വിഴുങ്ങാൻ തയ്യാറെടുക്കുന്നത് 1050 സ്കൂളുകളെ!!!".

ജ്ഞാനം നയിക്കട്ടെ! ഏവർക്കും ആശംസകൾ!

*(സുനിൽ ഡി. കുരുവിള: പ്രമുഖ കരിയർ കൗൺസിലറും, മാനവശേഷി വികസന പരിശീലകനുമാണ്. ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ 24 വർഷങ്ങൾ കൊണ്ട് 4000 അധികം പരിശീലന പ്രോഗ്രാമുകൾ നയിച്ചു.Cell: 9656144712/ 9847400712*

*Email: sunil_kuruvilla@rediffmail.com.*

*You Tube:'Sunil kuruvilla' എന്ന*

# സമാഗമന കൂടാരം

**സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ, നെല്ലിക്കമൺ, റാന്നി**

**പുറപ്പാട് 34:6–8**

സർവ്വശക്തനായ ദൈവം താൻ തിരഞ്ഞെടുത്ത തന്റെ ജനത്തിനു (നടുവിൽ) തനിയ്ക്ക് താമസിക്കുവാനായി ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കണമെന്ന് കനാനിലേയ്ക്ക് ഉള്ള പ്രയാണമദ്ധ്യേ മോശയോട് കല്പിക്കുകയും തിരുനിവാസവും അതിലെ ഉപകരണങ്ങളും താൻ കാണിക്കുന്ന മാതൃകപ്രകാരം നിർമ്മിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തു (പുറ.25:8–9). ഭൂമിയിൽ ആദ്യമായി ദൈവത്തിന്റെ കല്പനപ്രകാരം മനുഷ്യൻ നിർമ്മിച്ച ഈ ദൈവാലയം അനായാസം പൊളിച്ചു മാറ്റുന്നതിനും വീണ്ടും സ്ഥാപിക്കുന്നതിനും കഴിയുമായിരുന്ന കൂടാരരൂപത്തിൽ ആയിരുന്നു നിർമ്മിക്കപ്പെട്ടിരുന്നത്. കാരണം യിസ്രായേൽ മക്കളുടെ കനാൻ യാത്രയിൽ ദൈവകല്പന അനുസരിച്ച് വിവിധ സ്ഥലങ്ങളിൽ പാളയം അടിക്കുമ്പോൾ തിരുനിവാസം സ്ഥാപിക്കാനും യാത്ര പുനഃരാരംഭിക്കുമ്പോൾ എടുത്തുകൊണ്ടു പോകുവാനും അത് അത്യന്താപേക്ഷിതമായിരുന്നു. "സമാഗമന കൂടാരം" എന്ന് മോശ നാമകരണം ചെയ്ത ഈ തിരുനിവാസം അഥവാ ദൈവത്തിന്റെ വിശുദ്ധ മന്ദിരം ഇന്ന് ഭൂമിയിലുള്ള ദൈവാലയങ്ങളുടെ മുന്നോടിയായിരിക്കുന്നു. മോശ ഈ കൂടാരത്തിൽ കടക്കുമ്പോൾ മേഘസ്തംഭം ഇറങ്ങി കൂടാരവാതിൽക്കൽ നിൽക്കുകയും യഹോവ ഒരു സ്നേഹിതനോട് സംസാരിക്കുന്നതുപോലെ മോശയോട് സംസാരിക്കുകയും ചെയ്യുമായിരുന്നു (പുറപ്പാട് 33:7–11). ദൈവം നൽകിയ മാതൃകയിൽ പണിതു തീർത്ത സമാഗമന കൂടാരത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന നിയമപെട്ടകത്തിൽ ഉണ്ടായിരുന്നത് എന്തെങ്കിലും പ്രതിമകളോ, പ്രതിരൂപങ്ങളോ അല്ലായിരുന്നു. പിന്നയോ 10 കല്പനകൾ എഴുതിയ കൽപ്പലകകളും, മന്നാ നിക്ഷേപിച്ചിരുന്ന ചെപ്പും, അഹരോന്റെ തളിർത്തവടിയും ആയിരുന്നു. ഇവയെല്ലാം അത്യുന്നതനായ ദൈവത്തിനു മനുഷ്യനോട് ഉള്ള സ്നേഹത്തിന്റെയും കരുതലിന്റെയും കരുണയുടെയും പ്രതീകങ്ങളായിരുന്നു. തിരുനിവാസം അഥവാ സമാഗമനകൂടാരം പടുത്തുയർത്തിയത് ജനങ്ങൾ നൽകിയ വഴിപാടുകൾകൊണ്ടും അവരുടെ അദ്ധ്വാനഫലങ്ങൾ കൊണ്ടുമായിരുന്നു. ഇതാണ് സമാഗമനകൂടാരത്തിന്റെ പ്രത്യേകത.

**നിയമപെട്ടകം**

യഹോവയുടെ പെട്ടകം സാക്ഷ്യപെട്ടകം എന്നു തുടങ്ങിയ പേരുകളാൽ ഇത് വിളിക്കപ്പെട്ടിരുന്നു. സമാഗമന കൂടാരത്തിലെ അതിവിശുദ്ധവും പരിപാവനവുമായ നിയമപെട്ടകം പെട്ടിയുടെ ആകൃതിയിൽ ഖദിരമരം കൊണ്ട് നിർമ്മിച്ചതും, അകവും പുറവും സ്വർണ്ണംകൊണ്ടു പൊതിഞ്ഞതുമായിരുന്നു. ഏകദേശം 48 ഇഞ്ച് നീളവും 27 ഇഞ്ച് വീതിയും 27 ഇഞ്ച് ഉയരവുമുള്ള പെട്ടകത്തിൽ പത്തു കല്പനകൾ ഉള്ള കൽപലകകളും (പുറ.25:16–21) മന്നാ നിക്ഷേപിച്ചിരുന്ന സ്വർണ്ണ ചെപ്പും (പുറ. 16:32–34) അഹരോന്റെ തളിർത്ത വടിയും (സംഖ്യാ.17:8) സൂക്ഷിച്ചിരുന്നു. (എബ്രാ.9:4) പെട്ടകത്തിന്റെ തങ്കനിർമ്മിതമായ പുറമൂടിയുടെ മുകളിൽ ചിറക് വിടർത്തി അഭിമുഖമായി നിൽക്കുന്ന രണ്ട് കെരൂബുകളുടെ രൂപങ്ങൾ ഉണ്ടായിരുന്നു മഹാപുരോഹിതൻ എല്ലാ വർഷവും പാപപരിഹാര ദിനത്തിൽ കൃപാസനത്തിൽ രക്തം തളിച്ചിരുന്നു (ലേവ്യ16:15). സർവ്വശക്തനായ ദൈവം കൃപാസനത്തിനു മുകളിലായി കെരൂബുകളുടെ മദ്ധ്യത്തിൽ മോശയോട് സംസാരിച്ചിരുന്നു. തന്റെ ജനത്തോടൊപ്പം വസിക്കുന്ന അത്യുന്നതനായ ദൈവത്തിന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നതായിരുന്നു ഈ സാക്ഷ്യപെട്ടകം. ഈ പെട്ടകത്തിന്റെ നാല് മൂലകളിലും ഓരോ സ്വർണ്ണവളയം ഉണ്ട്. ഖദിരമരം കൊണ്ട് നിർമ്മിച്ച സ്വർണ്ണവളയം പൊതിഞ്ഞ തണ്ടുകളിൽ ആ വളയങ്ങളിലൂടെ കടത്തി അവ തോളിൽ വഹിച്ചുകൊണ്ട് ആയിരുന്നു പുറത്തു കൊണ്ടു പോയിരുന്നത്.

# വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടേണ്ട വന്ദ്യ താപസ ശ്രേഷ്ഠൻ- ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊാമ്മൻ കത്തനാർ

റ്റി.എം. തോമസ്, കൊച്ചുപുരയ്ക്കൽ. തുണ്ടിയിൽ, കല്ലിശ്ശേരി

ഇന്നു കേരളക്കരയിലും ഇൻഡ്യയിലും പൗരാണിക സുറിയാനി വിശ്വാസവും സുറിയാനി ക്രിസ്ത്യാനികളും അവശേഷിക്കുന്നതിനു കാരണഭൂതനായവൻ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊാമ്മൻ കത്തനാർ ഒരാൾ മാത്രമാണെന്നുള്ളത് തർക്കമില്ലാത്ത സത്യമാണ്. ഉള്ളിൽ ബോധമുണ്ടെങ്കിലും ഉരിയാടാൻ വയ്യ എന്ന പരിതാപകരമായ പരിതസ്ഥിതിയിൽ ഇരിക്കുമ്പോഴാണ് യുഗപ്രഭാവനായ ഇട്ടിത്തൊാമ്മൻ ആനപ്രാമ്പാൽ ആഞ്ഞിലിമൂട്ടിൽ 1600 മേടം 7 നു ഭൂജാതനായത്.

16-ാം നൂറ്റാണ്ടിൽ വ്യാപാരികളായി കേരളക്കരയിൽ പോർട്ടുഗീസുകാർ വന്നപ്പോൾ അവർക്കു സഹായികളായിരുന്നത് ഇവിടുത്തെ സുറിയാനി ക്രിസ്ത്യാനികളായിരുന്നു. കാലക്രമേണ അവർ കരബലവും സേനാബലവുമുള്ള ഭരണാധിപന്മാരായി മാറി. നാട്ടുരാജാക്കന്മാർ അവരുടെ ഹിതാനുവർത്തികളാകുവാൻ നിർബന്ധിതരായി. ഇവിടെയുള്ള ക്രിസ്ത്യാനികളും പറങ്കികളുടെ ഹിതാനുവർത്തികളായി വർത്തിച്ചുകൊള്ളാമെന്ന മനോഭാവത്തിലേക്കു മാറി. പറങ്കികളുടെ റീത്തായ ലത്തീൻ റീത്തല്ലാത്ത ക്രിസ്ത്യാനികൾ എല്ലാം തന്നെ വേദവിപരീതികളാണെന്ന് അവർ മുദ്രകുത്തി. സർവ്വജനത്തേയും അവരുടെ രീതിയിലേക്ക് ആക്കുവാൻ ഏതു കുത്സിത മാർഗ്ഗവും സ്വീകരിക്കാൻ മടിച്ചില്ല എന്ന വസ്തുത ഇടവഴിക്കൽ ശ്രീ. ഈ.എം. ഫിലിപ്പോസും മറ്റു പല സഭാചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. വിശ്വാസികളുടെ പ്രീതി പറ്റുവാൻ പള്ളിപ്പെരുന്നാളുകളിൽ  ഇവർ മധുരപലഹാരങ്ങൾക്കൊപ്പം കൊഴുക്കട്ടക്കകത്ത് സ്വർണ്ണനാണയങ്ങൾ വച്ചു കൊടുക്കൽ ആദിയായ പല കുത്സിത മാർഗ്ഗങ്ങളും സ്വീകരിച്ചിരുന്നു. പീഡനങ്ങളാലും മറ്റു വിധത്തിലുള്ള സ്വാധീനങ്ങളാലും രാജ്യപ്രീതിക്കുവേണ്ടിയുമൊക്കെ കുറെപ്പേർ കത്തോലിക്ക വിശ്വാസത്തിലേക്ക് മറിഞ്ഞുകൊണ്ടിരുന്നു. പോർട്ടുഗീസ് സൈന്യത്തിന്റേയും നാട്ടുരാജ്യസൈന്യത്തിന്റെയും പീഡനങ്ങളാലും ഭീഷണികളാലും മറ്റും മിക്കപ്പോഴും കത്തനാരും അദ്ദേഹത്തോടൊപ്പം ഒന്നാം മാർത്തോമ്മായും ഒളിവിൽ കഴിയേണ്ടിയിരുന്ന സാഹചര്യവുമായിരുന്നു.

മലങ്കരയിലെ നസ്രാണികൾ തങ്ങളുടെ വിശ്വാസപാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നവരും  വിശ്വസ്തരുമായിരുന്നതിനാൽ അവരുടെ അമൂല്യങ്ങളായ വിശ്വാസ പാരമ്പര്യങ്ങൾ അടിയറ വെക്കുകയില്ല എന്ന ഉറച്ച തീരുമാനത്തിൽ സുധീരം നില കൊണ്ടതിനാൽ രാജശക്തിയിൽ നിന്നുള്ള പീഡനങ്ങൾ മൂലം വളരെ വീർപ്പുമുട്ടിക്കൊണ്ടിരുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിലാണ് സഭാ സംരക്ഷകനായി നാടും വീടും വിട്ടു വിശ്വാസ സംരക്ഷകനായി പ്രിയ കത്തനാർ രംഗപ്രവേശനം ചെയ്യുന്നത്. അദ്ദേഹത്തോടൊപ്പം ഒന്നാം മാർതോമ്മായും സന്തതസഹചാരിയായി, സഹായകനായി കൂടെയുണ്ടായിരുന്നു. പറങ്കിസേനകളുടെയും ഗോദവർമ്മൻ രാജാവിന്റെ സൈന്യത്തിന്റെയും കണ്ണിൽപ്പെടാതെ ഒളിവിൽ കഴിഞ്ഞുകൊണ്ടാണ് പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഈ കാലയളവിൽ ഒരിക്കൽ കത്തനാരെയും തോമ്മാ അർക്കതിയാക്കോനെയും മുളന്തരുത്തി പള്ളിയിൽ തടവിലാക്കി കൊച്ചി ഗോദവർമ്മൻ രാജാവിന്റെയും പറങ്കിപട്ടാളിന്റെയും കാവലിൽ ആക്കിയിരുന്നു. ഒരിക്കൽ കത്തനാരെയും മാർത്തോമ്മായേയും സന്ദർശിക്കാനായി രണ്ടു അൽമായ പ്രമുഖന്മാർ മുളന്തുരുത്തിപ്പള്ളിത്തടവറയിൽ ചെന്നപ്പോൾ കൂർമ്മബുദ്ധിയായ കത്തനാർ സന്ദർശകരുമായി വേഷപ്പകർച്ച നടത്തി അവിടെ നിന്നും രക്ഷപെടുകയായിരുന്നു.

നിരന്തരമായ പ്രാർത്ഥനയും നോമ്പും ഉപവാസവും കുമ്പിടീലും അദ്ദേഹത്തെ ശക്തിപ്പെടുത്തി കൊണ്ടിരുന്നു. ഇട്ടിത്തൊാമ്മന്റെ കാൽമുട്ടിലെ തഴമ്പ് അക്കാലത്തു അശ്രാദ്ധപരിശ്രമത്തിന്റെ ഒരു ചിഹ്നമായി കരുതിയിരുന്നു. താപസനെന്നതിനുപരിയായി അദ്ദേഹം ഒരു എഴുത്തുകാരനും നർമ്മരസം തുളുമ്പുന്ന ഒരു താർക്കികനും ആയിരുന്നു. വിസ്താരഭയത്താൽ അധികം നീട്ടുന്നില്ല എങ്കിലും ഒരു സംഭവം മാത്രം രേഖപ്പെടുത്തുന്നു. സുപ്രസിദ്ധനായ ഒരു താർക്കികൻ എന്ന നിലയിൽ അദ്ദേഹം എക്കാലവും പ്രകീർത്തിക്കപ്പെട്ടിരുന്നു. വർഷം തോറും തമിഴ്നാട്ടിൽ നിന്നും ഒരു സവർണ്ണനായ താർക്കികൻ വന്നു കേരളത്തിലെ ബ്രാഹ്മണ ഭവനങ്ങൾ സന്ദർശിക്കുകയും ഒരു  പണ്ഡിത സദസ്സ് സംഘടിപ്പിച്ച്, ആരെന്തു പറഞ്ഞാലും അതിനെതിരായി തർക്കിച്ച് അവരെ തോൽപ്പിച്ച് പ്രതിഫലമായി പറഞ്ഞിരിക്കുന്ന പൂവരാഹൻ വാങ്ങിപ്പോകുക പതിവായിരുന്നു. ആർക്കും തന്നെ അദ്ദേഹത്തെ തോൽപ്പിക്കാൻ സാധിച്ചിരുന്നില്ല. അങ്ങനെ ഒരിക്കൽ  ചെങ്ങന്നൂർ മുണ്ടങ്കാവിലുള്ള  വഞ്ഞിപ്പുഴ മഠത്തിൽ താർക്കികൻ വന്നതറിഞ്ഞ് ഇട്ടിത്തൊാമ്മൻ കത്തനാർ അവിടെ ആഗതനായി. ആരെന്തു പറഞ്ഞാലും അതിനെതിരെ തർക്കിച്ച് അവരെ  തോൽപ്പിക്കുകയായിരുന്നു ടിയാന്റെ രീതി. എല്ലാവരും തന്നെ ഭയന്നു മാറി നിന്നപ്പോൾ കത്തനാരു ചെന്ന് ടിയാന്റെ സാമുദ്രിക ലക്ഷണങ്ങൾ പരിശോധിക്കുന്നതായി ഭാവിച്ച ശേഷം കത്തനാരു പറഞ്ഞു അങ്ങയുടെ അച്ചൻ ഒരു സാംബവൻ (പറയൻ) അല്ലായിരുന്നോ?. ശാസ്ത്രി വിയർത്തുപോയി. ടിയാൻ അതിനുശേഷം വന്നിട്ടില്ല എന്നാണ് കേൾക്കുന്നത്. ഇതേ മാതിരി പല സംഭവങ്ങൾ ഉണ്ട്. വിസ്താരഭയത്താൽ വിടുകയാണ്. പൗലോസിന്റെ ചരിത്രം എന്നൊരു പദ്യകൃതി അദ്ദേഹം രചിച്ചിട്ടുണ്ട്. സാഹചര്യത്തിന് അനുസൃതമായി പല കമന്റുകൾ പറയുമായിരുന്നത്രേ. ഒന്നാം മാർത്തോമ്മയ്ക്ക് കൈവെപ്പു കൊടുക്കാൻ അന്ത്യോഖ്യായിൽ നിന്നും മേൽപ്പട്ടക്കാരെ കിട്ടാതെ വന്ന സാഹചര്യത്തിൽ 7 വൈദികർ ചേർന്ന്

കൈവെപ്പു നടത്തിയപ്പോൾ കത്തനാരുടെ പ്രതികരണം ''ആയിരം ചുരകത്തി (ക്ഷൗരകത്തി) വച്ചാൽ മരം വീഴുമോ"എന്നു പറഞ്ഞു മാറി നിൽക്കുകയായിരുന്നു. പുറകാലെ 1665 ൽ ഒന്നാം മാർത്തോമ്മയ്ക്ക് ഗ്രിഗോറിയോസ് പാത്രിയാർക്കീസ് കൈവെപ്പു നൽകി.

സുറിയാനി മേൽപട്ടക്കാർക്ക് ഇൻഡ്യയിൽ കടന്നു വരാൻ അനുവദിക്കാതിരുന്ന കാലഘട്ടത്തിൽ 1653 ൽ സൂററ്റിൽ വന്നിറങ്ങിയ അഹത്തുള്ള പാത്രിയാർക്കീസിനെ പോർട്ടുഗീസുകാർ പിടിച്ചു ബന്ധനത്തിലാക്കി അവരുടെ ആസ്ഥാനമായ ഗോവയിലേക്ക് കൊണ്ടുപോകുന്നതിനായി കൊച്ചി അഴിമുഖത്ത് കൊണ്ടു വന്ന വിവരം അറിഞ്ഞ് ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിൽ ആയിരക്കണക്കിനു രണശൂരന്മാരായ സുറിയാനിക്കാർ കൊച്ചിയിലെത്തി. ഇവിടെ വന്നപ്പോൾ കിട്ടിയത് അഹത്തുള്ള പാത്രിയാർക്കീസിനെ കടലിൽ കെട്ടിത്താഴ്ത്തി എന്ന ദുഃഖവാർത്തയാണ്. പ്രകോപിതരായ വിശ്വാസസമൂഹത്തെ നിയന്ത്രിച്ച്, പറങ്കികളുടെ കോട്ടവാതിൽ അടച്ചതിനാൽ തടിച്ചു കൂടിയ ആയിരക്കണക്കിനു സുറിയാനിക്കാരെ മട്ടാഞ്ചേരി കുരിശിലേക്ക് നയിച്ച് അതിൽ ആലാത്ത് കെട്ടി അതിൽ പിടിച്ച് റോമാ നുകത്തിനു അടിമപ്പെടാതെ ആദിത്യ ചന്ദ്രന്മാർ ഉള്ളിടത്തോളം അന്ത്യോഖ്യാ വിശ്വാസത്തിൽ ഉറച്ചു നിൽക്കും എന്ന സത്യവാചകം ചൊല്ലിക്കൊടുത്ത് വിശ്വാസികൾ അത് ഏറ്റു പറഞ്ഞ മഹൽ പ്രക്രിയയാണല്ലോ കൂനൻകുരിശു സത്യം എന്ന ചരിത്ര സംഭവം.

അറത്തുങ്കൽ കടലോരത്തു വെളുത്തച്ചന്റെ മൃതദേഹം അടിഞ്ഞു കയറിയെന്നും അവിടെയാണ് അർത്തുങ്കൽ പള്ളി സ്ഥാപിച്ചിരിക്കുന്നതെന്നുമാണ് ആ നാട്ടുകാരുടെ ഇടയിലെ ഐതിഹ്യ സംസാരം.

ഒന്നാം മാർത്തോമ്മയായി തെരഞ്ഞെടുത്ത വ്യക്തിത്വത്തിനു കൈവയ്പ്പിനായി അന്ത്യോഖ്യായിലെ പാത്രിയർക്കീസിനോട് അപേക്ഷിച്ചിരുന്നുവെങ്കിലും പോർട്ടുഗീസുകാരുടെ ആധിപത്യം നിമിത്തം ആർക്കും കടന്നുവരാൻ സാധിച്ചിരുന്നില്ല. വിശ്വസ്തതയോടും സത്യത്തോടും കൂടി മിക്കവാറും ഏകനായി സ്വസഭയ്ക്കും സമുദായത്തിനുമായി സമരം ചെയ്തുവെങ്കിലും പുണ്യവാനായ മോശയെപ്പോലെ സ്വപ്രയത്നത്തിന്റെ സന്തോഷകരമായ ഫലങ്ങളെ കണ്ടാനന്ദിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. പരമഭക്തനും ധീരനുമായ ക്രിസ്തുവിന്റെ ഈ ഭടൻ 1659 മേടം 27–ാം തീയതി കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെടുകയും സ്വഇടവകയായ കല്ലിശ്ശേരി പള്ളിയിൽ യഥാവിധി സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

മട്ടാഞ്ചേരിയിൽ നടത്തിയ ഈ സത്യത്തിന്റെ സ്മാരകമായി കല്ലിശ്ശേരി പള്ളിയിൽ ഒരു ശിൽപ്പരൂപം സ്ഥാപിക്കുന്നതിനു സാധിച്ചതിൽ കല്ലിശ്ശേരി ഇടവകക്കാരും വിശിഷ്യ അതിന്റെ നിർമ്മാണ കമ്മിറ്റിക്കാരും നിർമ്മാണത്തിനു സഹകരിച്ച വ്യക്തികളും അഭിമാനം കൊള്ളുന്നു.

കത്തോലിക്ക സഭയൊഴിച്ചുള്ള എല്ലാ സുറിയാനി ക്രിസ്ത്യാനികളും ഇന്നു കേരളക്കരയിൽ നിലനിൽക്കുന്നതിനു കാരണഭൂതനായ പ്രിയ പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനു സഭാനേതൃത്വം ബാദ്ധ്യസ്ഥരാണ്.

പ്രിയ പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനു ആവശ്യമായ നടപടിക്രമങ്ങൾ അധികാരപ്പെട്ടവർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## കോഹനെ ആൽബം പ്രകാശനം ചെയ്തു



ക്നാനായ സമുദായത്തെ ആത്മീയ ശുശ്രൂഷയിലൂടെ പരിപോഷിപ്പിച്ചു ഈ ലോകം വിട്ടു കർത്തൃസന്നിധി പ്രാപിച്ച വൈദിക ശ്രേഷ്ഠരുടെ ഫോട്ടോകൾ ചേർത്ത് 'കോഹനെ' എന്ന പേരിൽ ഒരു ആൽബം തയ്യാറാക്കിയിരിക്കുന്നു. ചരിത്ര പ്രസിദ്ധമായ കൂനൻ കുരിശ് സത്യത്തിനു നേതൃത്വം നൽകിയ കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായപള്ളി ഇടവകാംഗമായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെയും, പുരാതന പുരോഹിതന്മാരുടെയും ലഭ്യമായ മുഴുവൻ ഫോട്ടോയും ഈ ആൽബത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ആൽബം ക്നാനായ സുറിയാനി സഭയുടെ പുരാതന ചരിത്രം വെളിപ്പെടുത്തുന്നു. ഇതു സഭയ്ക്കും സമുദായത്തിനും ഒരു മുതൽക്കൂട്ടാണ്. നീലംപേരൂർ സെന്റ് ജോർജ് സിറിയൻ സൺഡേസ്ക്കൂൾ അദ്ധ്യാപകരുടെയും ഇടവക വികാരി ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ അച്ചന്റെ സഹകരണത്തിലുമാണ് ക്രമീകരിച്ചു പൂർത്തീകരിച്ചിരിക്കുന്നത്. ഇതിന്റെ പ്രകാശനകർമ്മം സമുദായ മെത്രാപ്പോലീത്താ അഭി.കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നീലംപേരൂർ സെന്റ് ജോർജ് വലിയപള്ളിയിൽ വി.കുർബ്ബാനയ്ക്കുശേഷം നിർവ്വഹിച്ചു ഈ ആൽബം വേണമെന്നുള്ളവർ 9447660365 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## റാന്നി മേഖല വനിതാ സമാജം ഭാരവാഹികൾ



പ്രസിഡന്റ് റവ. ഫാ. രാജൻ ഏബ്രഹാം കുളമടയിൽ, വൈ. പ്രസിഡന്റ് റവ.ഫാ.കുറിയാക്കോസ് എം.ഫിലിപ്പ് മേലേക്കുറ്റ്, സെക്രട്ടറി പ്രീതാ രാജേഷ് പഴയപുരയിൽ, ജോ. സെക്രട്ടറി ജയമോൾ ഷാജി മൂലേത്തറ, ട്രസ്റ്റി ബിന്ദു സാബു എള്ളുംകാലായിൽ.

കമ്മറ്റി മെമ്പേഴ്സ്: പ്രീതി സ്ക്കറിയ ചരിവുകാലായിൽ, കൊച്ചുമോൾ ടൈറ്റസ് പാരൂർ, സൂസമ്മ ഏബ്രഹാം മേപ്പുറത്ത്, ബിൻസി റജി മണിമലേത്ത്, ജാൻസി പീറ്റർ കാവുങ്കൽ, സുനിതാ കുറിയാക്കോസ് ചേരിക്കലേത്ത്, ദീപ സജി ചാലുവേലിൽ, ഓഡിറ്റർ രാജമ്മ ജേക്കബ് മണിമലേത്ത്

# വിതച്ചതേ കൊയ്യൂ...!

റ്റി.സി. തോമസ്, തോപ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

വിതച്ചാൽ കൊയ്യാം, വിതച്ചതേ നമുക്ക് കൊയ്യാൻ പറ്റൂ. നന്മ വിതച്ചാൽ നന്മ കൊയ്യാം. തിന്മ വിതച്ചാൽ തിന്മയും. ഒരു വൃക്ഷം അറിയപ്പെടുന്നത് അതിന്റെ ഫലത്തിന്റെ പേരിലാണ്. ഒരു മനുഷ്യൻ അവന്റെ പ്രവർത്തിയുടെ പേരിലും. മറ്റുള്ളവർ പ്രവർത്തിക്കണമെന്ന് നിങ്ങൾ ഉപദേശിക്കുന്ന കാര്യങ്ങൾ നിങ്ങൾ ആദ്യം തന്നെ പ്രവൃത്തിക്കുക. ഒരു വ്യക്തി മഹാനാകുന്നത് ജന്മത്തിലൂടെയല്ല പ്രവൃത്തിയിലൂടെയാണെന്ന് ചാണക്യൻ പറയുന്നു. പലതിനും പരസഹായം വേണ്ട നാം സഹായം കിട്ടി വിജയിച്ചുകഴിയുമ്പോൾ സഹായം തന്നെ ആളെ മറക്കുന്നു. എന്നു മാത്രമല്ല സഹായിച്ചയാൾക്കെതിരെ തിരിയുന്നവരുമുണ്ട്. എന്റെ സാമർത്ഥ്യം കൊണ്ടു മാത്രം കൈവന്നതാണ് വിജയം എന്ന് അഹങ്കരിക്കുന്നയാൾ കയറി വന്ന ഏണി പിന്നിലേക്കു തള്ളി, അതു കണ്ടില്ലെന്നു നടിക്കുന്നു. ഒരാൾ എത്ര സമർത്ഥനോ സമ്പന്നനോ ആയേക്കാം. അയാളുടെ ജീവിത വിജയത്തിന് മറ്റുള്ളവരുടെ സൗഹൃദവും സഹകരണവും സേവനവും ഉണ്ടെന്നുള്ളതിന് സംശയമില്ല. അതിനാൽ കൃതജ്ഞതയുടെ ഗുണവിശേഷം കാത്തു സൂക്ഷിക്കാൻ മനുഷ്യന് സാധിക്കണം.

അടിമയായ ആൺഡ്രോ ക്ലീസ് തന്റെ ക്രൂരനായ യജമാനന്റെ മർദ്ദനം സഹിക്കവയ്യാതെ ഒളിച്ചോടി. അവൻ കാട്ടിൽ ഭയന്നാണ് കഴിഞ്ഞത്. തളർന്നു ക്ഷീണിച്ച അയാൾ കാട്ടിലെ ഒരു ഗുഹയിൽ കിടന്ന് മയങ്ങിപ്പോയി. പെട്ടെന്ന് ഒരു മുരൾച്ച കേട്ടുണർന്ന ആൺഡ്രോക്ലീസ് ഞെട്ടിപ്പോയി. ഗുഹയ്ക്കുള്ളിൽ ഒരു സിംഹം! തന്റെ ജീവിതം തീർന്നുവെന്ന് അയാൾ ചിന്തിച്ചു. എന്നാൽ തീർത്തും അവശനായ ആ സിംഹം കടുത്ത വേദനകൊണ്ട് ഞരങ്ങുകയായിരുന്നു. അയാൾ വളരെ ശ്രദ്ധയോടെ സാവധാനം സിംഹത്തിന്റെ അടുത്തു ചെന്നു. സിംഹത്തിന്റെ കാലിൽ ഒരു മുള്ള് തറച്ചിരുന്നു. അത് പഴുത്ത് വ്രണമായി മാറിയിരുന്നു. സിംഹം പ്രതീക്ഷയോടെ അയാളെ നോക്കി. ആൺഡ്രോക്ലിസ് സാവധാനം സിംഹത്തിന്റെ കാലിൽ തറച്ച മുള്ള് വലിച്ചൂരി. ആഴത്തിലുള്ള മുറിവ് ശുദ്ധമാക്കി. പച്ചില മരുന്നുകൾ വച്ചു കെട്ടി. സിംഹം സന്തോഷവാനായി.

വർഷങ്ങൾ ചിലതു കഴിഞ്ഞു. കാട്ടിലെത്തിയ വേട്ടക്കാർ ആൺഡ്രോക്ലിസിനെയും സിംഹത്തെയും കെണിയിലാക്കി. അവർ അയാളെ രാജാവിന് കൈമാറി. സിംഹത്തെ രാജാവിന്റെ മൃഗശാലയിലും അടച്ചു. രാജാവ് ദിവസങ്ങളോളം അയാളെ പട്ടിണിക്കിട്ടു. ഒളിച്ചോടിയ കുറ്റത്തിന് രാജാവ് ആൺഡ്രോക്ലിസിനെ സിംഹക്കൂട്ടിലേക്ക് വലിച്ചെറിഞ്ഞ് വധശിക്ഷ നടപ്പാക്കാൻ കല്പിച്ചു. വധശിക്ഷയുടെ ദിവസമായി. ഭടന്മാർ അയാളെ സിംഹക്കൂടിന് അടുത്തെത്തിച്ചു. ഇരയെ കടിച്ചു കീറാനുള്ള ആർത്തിയോടെ സിംഹവും അക്ഷമനായി നിലകൊണ്ടു. ഭടന്മാർ വന്ന് സിംഹത്തിന്റെ കൂടു തുറന്നിട്ടു. വിചിത്രമായ ഈ കാഴ്ച കണ്ട് രസിക്കാൻ ജനങ്ങൾ ആകാംക്ഷയോടെ തടിച്ചുകൂടി. ഇരയുടെ നേരെ അലറി വിളിച്ചെത്തിയ സിംഹം ഒരു നിമിഷം അറച്ചുനിന്നു. പിന്നെ പരിചയ ഭാവത്തിൽ തലകുലുക്കി. വാലാട്ടിക്കൊണ്ട് ആൺഡ്രോക്ലീസിന്റെ ദേഹം സ്നേഹമസൃണമായി നക്കി തുടച്ചു. സിംഹം അയാളെപറ്റിച്ചേർന്നു കിടന്നു. ഭയന്നുപോയ അയാൾ സിംഹത്തിന്റെ പള്ളയിലേക്കു ചാഞ്ഞുവീണു. ജനങ്ങൾ അത്ഭുതസ്തബ്ധരായി. ഇതിന്റെ പിന്നിലുള്ള കാര്യമെന്തെന്ന് രാജാവ് ആൺഡ്രോക്ലീസിനോടു തിരക്കി. അയാൾ കാര്യങ്ങൾ രാജാവിനെ ബോദ്ധ്യപ്പെടുത്തി. സ്നേഹവും നന്മയും നിറഞ്ഞ ആ മനുഷ്യനെ മോചിപ്പിക്കാൻ രാജാവ് ഉത്തരവിട്ടു. നന്മ ചെയ്താൽ അതിന്റെ ഫലം കാലം കഴിഞ്ഞാലും പലിശ സഹിതം തിരിച്ചു കിട്ടും.

നന്മയുടെ ഫലം നന്മയല്ലാതെ മറ്റെന്താണ്. നെല്ലു വിതച്ചിട്ട് ഗോതമ്പ് കൊയ്യാനാകില്ലല്ലോ. മഹാനായ ആൽബർട്ട് ഷെയ്സർ പറയുന്നു. മനുഷ്യ സേവനത്തേക്കാൾ വലുതായ ഒരുമതവുമില്ല. സ്വാർത്ഥന്മാർ സ്വയം വിജയത്തിന്റെ വഴികൾ അടച്ചിടുകയാണ് ചെയ്യുന്നത്. മനോഭാവങ്ങൾ പൊളിച്ചടുക്കിയാൽ അവർക്കു കിട്ടുന്നത് സ്വർഗ്ഗീയമായ ആഹ്ലാദാനുഭൂതിയാണ്.

ജീവിതം ഒരു പിയാനോപോലെയാണ്. വെളുത്ത കീകൾ സന്തോഷത്തിന്റെയും കറുത്ത കീകൾ ദുഃഖത്തെയും സൂചിപ്പിക്കുന്നു. പക്ഷേ ഒരു കാര്യം ഓർക്കുക ഇവ രണ്ടും ഒന്നിച്ചുപയോഗിച്ചാൽ മാത്രമേ അതിൽനിന്നു മനോഹരമായ സംഗീതമുണ്ടാകു. അലക്കിവെച്ച വെള്ളതുണിപോലെയാണ് മനസ്സ്. ചുവന്ന ചായത്തിൽ മുക്കിയാൽ അതു ചുവന്നിരിക്കും. നീലത്തിൽ മുക്കിയാൽ നീലിച്ചിരിക്കും. കാലദേശങ്ങൾ മാറിപോയാലും ഒരുവന്റെ നല്ല പ്രവർത്തികൾ സത്ഫലം വിധിക്കും. ചീത്ത പ്രവർത്തികൾ ദുഷ്ഫലവും. രാവിലെ കിഴക്കൻ ആകാശത്തിൽ ഉദിക്കുകയും വൈകുന്നേരം പടിഞ്ഞാറെ ആകാശത്തിൽ അസ്തമിക്കുകയും ചെയ്യുന്ന സൂര്യനെ നാം കാണുന്നുണ്ട്. അനന്തകാലമായി ഈ ഹരിതഗൃഹത്തിന്റെ പ്രാണവായുവും വെളിച്ചവും ശക്തി ചൈതന്യവുമായി പരിലസിക്കുന്ന സൂര്യൻ തന്റെ നിസ്വാർത്ഥമായ സേവനത്തിന് ഭൂമിയോടോ, മറ്റു ചരാചരങ്ങളോടോ പ്രതിഫലം ചോദിച്ചിട്ടുള്ളതായി നമുക്കാർക്കുമറിയില്ല. മേഘങ്ങളെ തടഞ്ഞു നിർത്തി മഴ പെയ്യിക്കുന്ന മഹാവനങ്ങളും ഏതൊരു നാടിനെയും സമ്പുഷ്ടമാക്കുന്ന വൻനദികളും തങ്ങളുടെ സേവനത്തിന് പ്രതിഫലമായി ഒന്നും തന്നെ ആഗ്രഹിക്കുന്നില്ല.

വനത്തിൽ വിറകുതേടി പോവുകയായിരുന്ന സുഹൃത്തുക്കളെന്നു വിശ്വസിച്ചിരുന്ന രാമുവും ദാമുവും അപ്രതീക്ഷിതമായി ഒരു കരടിക്കു മുന്നിൽ അകപ്പെട്ടു. പെട്ടെന്ന് രാമുവിനെ കൂടാതെ ദാമു ഓടി രക്ഷപെട്ടു. നിസ്സഹായനായ രാമു ശ്വാസമടക്കി അവിടെത്തന്നെ കിടന്നു. കുറച്ചു നേരം അവനെ മണപ്പിച്ചുനിന്നശേഷം കരടി നടന്നുപോയി. ഒളിച്ചുനിന്ന ദാമു തിരികെവന്ന് എന്താണ് കരടി പറഞ്ഞതെന്ന് രാമുവിനോടു

ചോദിച്ചു. ആപത്തിൽ ചതിക്കുന്ന വ്യക്തി ഒരിക്കലും സുഹൃത്തല്ലെന്ന് കരടി ഉപദേശിച്ചതായി രാമു പറഞ്ഞു. A friend in need is a friend indeed. എന്ന ഇംഗ്ലീഷ് പഴഞ്ചൊല്ല് ഇവിടെ പ്രസക്തമാണ്.

ഡോക്ടർ കെറ്റി എന്ന പ്രസിദ്ധനായ ഡോക്ടർ വേനൽക്കാലത്ത് വേട്ടയാടാൻ പോയി. വഴി തെറ്റി കൂട്ടുകാരിൽ നിന്നും വേർപെട്ടുപോയ അദ്ദേഹം ക്ഷീണിതനായി ഒരു കൊച്ചു കുടിലിൽ എത്തി. ദരിദ്രയായ ഒരു പെൺകുട്ടി മാത്രമെ അവിടെ ഉണ്ടായിരുന്നുള്ളു. അന്നു വൈകിട്ടത്തേക്കു ഭക്ഷണമായി കരുതിയിരുന്ന ഒരു കപ്പു പാൽ അവൾ ദാഹിച്ചിരുന്ന ഡോക്ടർക്കു കൊടുത്തു. കുറെ വർഷങ്ങൾ കഴിഞ്ഞ് ഈ പെൺകുട്ടിയുടെ മാതാവിനെ ആ ഡോക്ടറുടെ അടുക്കൽ ചികിത്സക്കു കൊണ്ടുപോയി. തന്നെ പണ്ടു സഹായിച്ച പെൺകുട്ടിയെ അദ്ദേഹം തിരിച്ചറിയുകയും മാതാവിനെ ചികിത്സിച്ചു സുഖമാക്കുകയും ചെയ്തു. ചികിത്സയ്ക്ക് ആയിരത്തിൽ കൂടുതൽ ഡോളർ ചെലവായി. അത് അദ്ദേഹം പൂർണ്ണമായി ഇളവു ചെയ്തുകൊടുത്തു. ഡോക്ടർ ആ ബില്ലിൽ ഇങ്ങനെ എഴുതി. This bill is equal to that cup of milk. "ധർമ്മം തല കാക്കും തക്ക സമയത്ത് ഉയിർ കാക്കും" എന്ന തമിഴ് മൊഴിയിൽ കരുണയുടെ കരങ്ങൾ നീട്ടി ഒരാളുടെ ജീവിതത്തിന് താങ്ങായി മാറുമ്പോൾ പിന്നീട് നമ്മുടെ ആപത്ഘട്ടങ്ങളിൽ രക്ഷയായി ഭവിക്കും. എന്തു ചെയ്താലും എനിക്കെന്തു കിട്ടും എന്ന വാണിജ്യ ചിന്താഗതിയെ അകറ്റാൻ കഴിഞ്ഞാൽ മാത്രമേ നിസ്വാർത്ഥപരമായി മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുവാനും അവരെ സ്നേഹിക്കുവാനും കഴിയുകയുള്ളു. മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും. ●

# ക്നായിതോമ പ്രാർത്ഥനായോഗം

പാക്കിൽ പൂവൻതുരുത്ത്: ക്നായിതോമ പ്രയർ ഫെലോഷിപ്പിന്റെ ജൂലൈ മാസത്തെ പ്രാർത്ഥനായോഗം പാക്കിൽ സെന്റ് തോമസ് യാക്കോബായ പള്ളിയുടെ പാരീഷ് ഹാളിൽ വച്ച് 30 –07–23 ഞായർ വൈകുന്നേരം 6 മണിക്ക് നടത്തുന്നതാണ്. ക്നായിതോമ പ്രയർ ഫെലോഷിപ്പ് വൈസ് പ്രസിഡന്റ് റവ.ഫാ. സി.സി. ഏലിയാസ് കട്ടയിലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന പ്രാർത്ഥനായോഗത്തിൽ റവ.ഫാ. അജു. കെ. ഫിലിപ്പ് (കോട്ടയം) മുഖ്യ സന്ദേശം നൽകുന്നതാണ്. എല്ലാ വിശ്വാസികളും പ്രസ്തുത പ്രാർത്ഥനായോഗത്തിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ താല്പര്യപ്പെടുന്നു.

# കോട്ടയം വലിയപള്ളിയിൽ ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 96-ാമത് ശ്രാദ്ധപ്പെരുന്നാൾ

കോട്ടയം: മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ പുണ്യശ്ലോകനായ ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 96–ാം ശ്രാദ്ധപ്പെരുന്നാൾ വന്ദ്യപിതാവ് കബറടങ്ങിയിരിക്കുന്ന കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയ പള്ളിയിൽ 2023 ജൂൺ 10, 11 (ശനി, ഞായർ) ദിവസങ്ങളിൽ ഭക്ത്യാദരപൂർവ്വം ആചരിച്ചു. 10 –ാം തീയതി ശനിയാഴ്ച വൈകിട്ട് സന്ധ്യാനമസ്ക്കാരം ക്നാനായ സമുദായത്തിലെ സീനിയർ വൈദികൻ മുളമൂട്ടിൽ റോയി മാത്യു കോറെപ്പീസ്ക്കോപ്പായുടെയും അനേകം വൈദികരുടേയും നേതൃത്വത്തിൽ നടന്നു. തുടർന്ന് നടന്ന അനുസ്മരണ സമ്മേളനം ബഹു. കേരള സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ വാസവൻ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ഡോ. തോമസ് ഏബ്രഹാം മലേച്ചേരിൽ അദ്ധ്യക്ഷം വഹിച്ചു. മഹാത്മാ ഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ് മുഖ്യ പ്രഭാഷണം നടത്തി. തോമസ് ചാഴിക്കാടൻ എം.പി., തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. എബ്രഹാം തോട്ടത്തിൽ, സമുദായ ആക്ടിംഗ് ട്രസ്റ്റി തോമസ് കുട്ടി മറ്റയ്ക്കാട്ട്, നഗരസഭ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ജോസ് പള്ളിക്കുന്നേൽ, മുനിസിപ്പൽ കൗൺസിലർ ഷേബ മാർക്കോസ്, പള്ളി ട്രസ്റ്റി എം. കെ. തോമസ് മള്ളൂശ്ശേരിൽ, സെക്രട്ടറി മനീഷ് ജോയി ഒഴുക്കൂത്ര, സുനിൽ ഏബ്രഹാം കല്ലുവെട്ടാംകുഴി, പ്രോഗ്രാം ജനറൽ കൺവീനർ ജേക്കബ് പണിക്കർ എന്നിവർ പ്രസംഗിച്ചു.

11–ാം തീയതി ഞായറാഴ്ച രാവിലെ പ്രഭാത പ്രാർത്ഥനയും തുടർന്ന് 8 മണിക്ക് വി. മൂന്നിന്മേൽ കുർബ്ബാന മുളമൂട്ടിൽ വെരി.റവ റോയി മാത്യു കോറെപ്പിസ്കോപ്പയുടെ പ്രധാന കാർമികത്വത്തിലും, റവ.ഫാ. കെ.കെ. ഏബ്രഹാം കുറ്റിയിൽ, റവ.ഫാ.ഏലിയാസ് സക്കറിയ ഇളവൻകുളത്തിന്റെയും സഹകാർമികത്വത്തിലും നടത്തപ്പെട്ടു. ●

# ദൈവമാതാവ്, വിശുദ്ധ കന്യകമറിയം

സീമ തോമസ്, കന്നിയേൽ, റാന്നി

ലോകരിലേവൻ മറിയാമേപ്പോൽ താഴ്ന്നിട്ടുണ്ട്?
അവളൊടു തുല്യം ഉന്നതപദവിയുമാരാർജിച്ചു?

ഈ ലോകചരിത്രത്തിൽ എവിടെയും പരിശുദ്ധ അമ്മയെപ്പോലെ താഴ്ന്നിട്ടുള്ള ഒരു വ്യക്തിയെ നമുക്ക് കാണാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ അമ്മയെപ്പോലെ ഉന്നതപദവിയിലെത്തിയ മറ്റൊരു വ്യക്തിയുമില്ല. ഇന്ന് ലോകം മുഴുവനും പരിശുദ്ധ അമ്മയുടെ മഹത്വം വാഴ്ത്തിപ്പാടുകയാണ്. തമ്പുരാനെ പ്രസവിച്ച അമ്മയുടെ മഹിമയും നന്മയും വാഴ്ത്തിപ്പാടാൻ ബലഹീനമായ നമ്മുടെ വായ്കളേയും അധരങ്ങളേയും ഒരുക്കിയതിനെ ഓർത്ത് നമുക്ക് നന്ദി പറയാം. താൻ ക്രൂശിക്കപ്പെടുന്ന സമയത്ത് പുത്രൻ തമ്പുരാൻ തന്റെ അമ്മയെ തന്റെ പ്രിയ ശിഷ്യന്റെ കൈകളിൽ ഏൽപ്പിക്കുന്നു. തന്റെ കുരിശിന്റെ ചുവട്ടിൽ ചങ്ക് പിളർക്കുന്ന വേദനയോടെ നിൽക്കുന്ന അമ്മയെ സ്വന്തം പ്രാണൻ പോകുന്ന നേരത്തുപോലും സുരക്ഷിതമായ കൈകളിൽ ഏൽപ്പിക്കുക എന്ന ചിന്തയായിരുന്നു ആ സ്നേഹസ്വരൂപന്റെ ഹൃദയത്തിലുണ്ടായിരുന്നത്.

യോഹന്നാൻ 19:25-27 യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നത് കണ്ടിട്ട് "സ്ത്രീയേ" ഇതാ നിന്റെ മകൻ എന്ന് അമ്മയോട് പറഞ്ഞു, പിന്നെ ശിഷ്യനോട് ഇതാ നിന്റെ അമ്മ എന്നും പറഞ്ഞു. ആ നാഴിക മുതൽ അവളെ ആ ശിഷ്യൻ തന്റെ വീട്ടിൽ കൈക്കൊണ്ടു. ഇവിടെ പുത്രൻ തമ്പുരാൻ പരിശുദ്ധ അമ്മയെ സംബോധന ചെയ്യുന്നത് "സ്ത്രീയേ" എന്നാണ്. സ്വന്തം അമ്മയെ സ്ത്രീയേ എന്ന് വിളിക്കുന്നതിലൂടെ വലിയൊരു സത്യം ലോകത്തിന് മുന്നിൽ പുത്രൻ തമ്പുരാൻ വെളിപ്പെടുത്തി കൊടുക്കുകയാണ്. പാപം ചെയ്ത് നഷ്ടപ്പെട്ടുപോയ ജനതയെ വീണ്ടെടുക്കാൻ ഒരു ലോകരക്ഷകൻ വരുമെന്ന് വർഷങ്ങൾക്ക് മുൻപേ പ്രവാചകന്മാർ പ്രവചിച്ചിരുന്നു. "സ്ത്രീയുടെ സന്തതി" സാത്താന്റെ തല ചതയ്ക്കുമെന്നായിരുന്നു ആ പ്രവചനം.

മാനവജാതിയുടെ പാപങ്ങളകറ്റി തങ്ങളെ രക്ഷിക്കാൻ അവതരിപ്പിക്കുന്ന സ്ത്രീയുടെ സന്തതി ആരാണെന്നറിയാൻ ലോകം അക്ഷമയോടെ കാത്തിരുന്നു. സ്വന്തം ജീവൻ കുരിശിൽ ബലിയായി നൽകി മാനവ കുലത്തിനെ പാപത്തിൽനിന്നും മോചിപ്പിക്കാൻ വന്ന ദൈവകുഞ്ഞാട് താനാണെന്നും മാനവരാശി ഉറ്റുനോക്കിയിരുന്ന ആ സ്ത്രീയാണ് തന്റെ കുരിശിൻ ചുവട്ടിൽ കണ്ണീർ വാർത്തു കേഴുന്നതെന്നും ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കാൻ ആ നാവിൽ നിന്നും "സ്ത്രീയേ" എന്ന് അമ്മയെ സംബോധന ചെയ്തു. സ്വന്തജീവൻ ബലിയായി നൽകി കാൽവരി കുന്നിൽ മൂന്നാണികളിന്മേൽ മരണം വരിച്ച് ലോകത്തെ മുഴുവൻ പാപത്തിൽനിന്ന് മോചിപ്പിക്കുകയും സാത്താന്റെ തല ചതച്ച് മൂന്നാം നാൾ മരണത്തെപ്പോലും തോൽപ്പിച്ചിട്ട് ഉയിർത്തെഴുന്നേറ്റ സ്ത്രീയുടെ സന്തതി താനാണെന്ന് കർത്താവ് തമ്പുരാൻ "സ്ത്രീയേ" എന്ന ഒറ്റ പദത്തിലൂടെ ലോകത്തോട് വിളിച്ചു പറയുകയായിരുന്നു.

പുത്രൻ തമ്പുരാൻ തന്റെ അമ്മയെ അത്രയേറെ സ്നേഹിച്ചിരുന്നു എന്നതിന് ഏറ്റവും വലിയ തെളിവാണ് കാനാവിലെ കല്യാണദിനത്തിൽ സംഭവിച്ചത്. വീട്ടിലെ വീഞ്ഞു തീർന്നു എന്നറിഞ്ഞ പരിശുദ്ധ അമ്മ യേശുവിനോട് അവർക്ക് വീഞ്ഞില്ല എന്നറിയിക്കുന്നു. അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാൻ സമയമായിട്ടില്ലെങ്കിലും പരിശുദ്ധ അമ്മ ഒരു കാര്യം ആവശ്യപ്പെട്ടാൽ അതൊരിക്കലും നിഷേധിക്കുവാൻ പുത്രൻ തമ്പുരാന് കഴിയുകയില്ല. അമ്മയുടെ ആവശ്യപ്രകാരമാണ് കൽഭരണികളിലെ വെള്ളം മേത്തരമായ വീഞ്ഞാക്കി പുത്രൻ മാറ്റിയത്. അമ്മയ്ക്ക് പുത്രൻ തമ്പുരാന്റെ സന്നിധിയിൽ ധൈര്യവും മുഖപ്രസാദവും ഉള്ളതുകൊണ്ട് വിശ്വാസികളായ നാമും ആ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നു.

പരിശുദ്ധ അമ്മയ്ക്ക് വി. സഭ കൊടുക്കുന്ന വിശേഷണങ്ങൾ പലതാണ്. അമ്മ വിശുദ്ധിയുടെ ഉറവയും, നിർമ്മലതയുടെ ഒഴുക്കും, കന്യാവ്രതത്തിന്റെ മുദ്രയും പരിപാകതയുടെ നിക്ഷേപവുമാകുന്നു. അവിടുത്തെ മാതാവ് മലിനപ്പെടാത്ത നിത്യകന്യകയും, സ്വർഗ്ഗീയ ആദമിന്റെ ചൈതന്യം പൂണ്ട പറുദീസയും, സന്തോഷങ്ങളുടെ സംഭരണശാലയും, ദൈവികാഗ്നിയുടെ ഊഷ്മളതകൊണ്ട് വെന്തുപോകാത്ത മുൾച്ചെടിയും, സ്വർഗ്ഗീയപതിമഞ്ഞിനെ സ്വീകരിച്ച വിശുദ്ധ രോമക്കെട്ടും, മനുഷ്യപ്രകൃതി മുഴുവന്റെയും ഉറവിനെ രുചിപ്പെടുത്തിയ ഉപ്പ് ഇട്ടിരുന്ന പുതുകുടവും ജീവജലം ഒഴുക്കി ലോകത്തിന്റെ ദാഹം തീർത്ത മരുഭൂമിയിലെ കിണറും മനുഷ്യവർഗ്ഗത്തിന്റെ പരിത്രാണത്തിനു രക്ഷയുടെ മുട്ടാടിനെ വഹിച്ചിരുന്ന വൃക്ഷവും ഉറയ്ക്കാത്ത ജലം ഉൾക്കൊണ്ടിരുന്ന ശലോമോന്യ തൂവാലയും ആകുന്നു.

അമ്മയുടെ വിശേഷണങ്ങൾ ഇതിലൊന്നും അവസാനിക്കുന്നതല്ല. നമ്മുടെ ജീവിതത്തിലെ എല്ലാ പ്രതീക്ഷകളും, നമ്മുടെ ഭാവിയും ആകുലതകളും ദു:ഖങ്ങളും എല്ലാം പരിശുദ്ധ അമ്മയുടെ കരങ്ങളിലേക്ക് നമുക്കു കൊടുക്കാം. അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് മുന്നോട്ട് ജീവിക്കാം. ●

**WANTED SR. EXECUTIVE**

GCC experienced Sr. executive, well versed in admin, legal, contracts, liaison work & amp; real estate development is looking for partnership business opportunities in UAE/ INDIA, from interested parties.

Email: projectgccindia@gmail.com

# ഇരുവായ്ത്തലവാൾ

കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

സത്യത്തിന്റെ പരിജ്ഞാനം പ്രാപിച്ചതിനു ശേഷം വീണ്ടും പാപം ചെയ്താൽ പാപങ്ങൾക്കായ് ഒരു യാഗവും ശേഷിക്കുന്നില്ല (എബ്രാ.10:26). നാം എല്ലാവരും തന്നെ യേശുവിനെയും, തന്റെ ഉപദേശത്തെപ്പറ്റിയും പരിജ്ഞാനം പ്രാപിച്ചവരാണ്. നൂറുശതമാനവും ബോധവും, സുബോധവും, സമ്മതവും ഉണ്ടായിട്ടു ചെയ്ത ഒരു പ്രവൃത്തിയാണല്ലോ പുണ്യവും പാപവും. മനുഷ്യൻ ബലഹീനനാകയാൽ ചിലപ്പോൾ പാപത്തിൽ വീണുപോകും. ചെയ്യേണ്ടത് ചെയ്യാത്തതും, ചെയ്യരുതാത്തതു ചെയ്യുന്നതുമാണല്ലോ പാപത്തിന്റെ നിർവചനം. ഇപ്രകാരം നാം പാപത്തിൽ വീണുപോയാൽ ആ പാപമോചനത്തിനുള്ള നമ്മുടെ വഴിപാടാണല്ലോ വി. കുർബ്ബാന. നമ്മുടെ അനുതാപത്തോടുള്ള പാപമോചനത്തിനുള്ള വി. കുർബ്ബാന ഫലം ഇല്ലെന്നപോലെ മുകളിലെ ഉദ്ധാരണവചനം തോന്നിപ്പോകും. ഈ അർത്ഥത്തിൽ നാം ഈ വചനം വിശ്വസിച്ചാൽ നമ്മുടെ സഭയുടെ നാരായവേര് വെട്ടിമാറ്റുന്നതിനു സമമാണ്.

എന്നാൽ ഈ വചനത്തിലൂടെ പൗലോസ് എന്താണ് ഉദ്ദേശിച്ചതെന്നതാണ് നമ്മുടെ ഇന്നത്തെ പഠനവിഷയം. യെശയ്യാവിന്റെ പുസ്തകം വായിച്ചു വന്ന ഷണ്ഡൻ ഫിലിപ്പോസിനോട് പൊരുളു തിരിച്ചുതരാനായിട്ട് ആവശ്യപ്പെട്ടതിൽ (അപ്പോ.8:30) ചില വചനങ്ങൾ നമുക്കു പൊരുൾ തിരിച്ചാലെ മനസ്സിലാകുള്ളൂ. ചിലതിന് ഒന്നിലധികം അർത്ഥം ഉണ്ട്. ചിലതിനു ഇരുവായ്ത്തല ഉള്ളതായിട്ടുണ്ടെന്ന് എബ്രാ. 4:12 ലും, വെളി.1:16 ലും രേഖപ്പെടുത്തിയിരിക്കുന്നു. വരം ലഭിച്ചവയല്ലാതെ മറ്റാരും ഈ വചനങ്ങൾ ഗ്രഹിക്കുന്നില്ലെന്ന് മത്താ.19:11 ൽ യേശുവും പ്രതിപാദിച്ചിരിക്കുന്നതിനാൽ ചിലതു ഗ്രഹിക്കുവാൻ പ്രയാസമാണ്. പെന്തിക്കോസ്ത് ദിവസം സെഹിയോൻ മാളികയിൽ വച്ച് ആയിരുന്നല്ലോ ക്രിസ്തുമതം രൂപം പ്രാപിച്ചത്. അന്നു മൂവായിരം യഹൂദന്മാരായിരുന്നു ആദ്യമായി സഭയിൽ ചേർന്നത്. പിന്നീട് പലരും ക്രിസ്തു സഭയിൽ ചേർന്നു തുടങ്ങി. ഇത് കണ്ട് ശാസ്ത്രിമാരും, പരീശന്മാരും, റബ്ബിമാരും കൂടിച്ചേർന്ന് ഗൂഢാലോചന ആലോചിച്ചു. അവർ ഏശ.7:14 പ്രവചനം വളച്ചൊടിച്ച് പ്രചരിപ്പിച്ച് പലരേയും തിരിയെ വരുത്തി. വിട്ടുപോകാതിരുന്ന വിശ്വാസികൾ തങ്ങളുടെ ചാർച്ചക്കാരായവർ യേശുവിനെപ്പറ്റി പരിജ്ഞാനം പ്രാപിച്ചശേഷം തള്ളിപ്പറഞ്ഞ അവരുടെ പാപമോചനത്തിനായി വി. കുർബ്ബാന നടത്തുന്നതു ഫലമില്ലെന്നു പഠിപ്പിച്ചത്. നമ്മുടെ കർമ്മപാപങ്ങൾക്കായി നാം നടത്തുന്ന വി. കുർബ്ബാനയോട് തുല്യപ്പെടുത്തി ദുരുപദേശം നൂതനസഭക്കാർ വളച്ചൊടിച്ച് സത്യസഭയിൽപ്പെട്ടിരുന്ന പലരേയും ഇന്നും വഴിതെറ്റിക്കുന്നു.

അന്ന് ഏശ.7:14 അവർ വളച്ചൊടിച്ചതിപ്രകാരമായിരുന്നു. യഹൂദരാജാവായിരുന്ന ആഹാസിന്റെ കാലത്ത് ശത്രുരാജ്യമായ അരാമ്മ്യരാജാവും, യിസ്രായേൽ രാജാവും തനിക്കു നേരെ യുദ്ധത്തിനു വരുന്ന വിവരം അറിഞ്ഞ ആഹാസുരാജാവിന്റെ ഹൃദയം കാട്ടിലെ വൃക്ഷങ്ങൾ കാറ്റിനാൽ ഉലയുന്നപോലെ ഉലഞ്ഞു തുടങ്ങിയപ്പോൾ ഭയപരവശനായി ദൈവത്തോടു നിലവിളിച്ചു പ്രാർത്ഥിച്ചു. അപ്പോൾ ദൈവം ഏശയ്യാ പ്രവാചകൻ മുഖാന്തരം പ്രാർത്ഥനയ്ക്ക് മറുപടിയായി ഒരു അടയാളം ആ കാലത്ത് കന്യക ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കുമെന്ന സംഭവം ഉണ്ടാകും. അന്ന് നടന്ന അത്ഭുത പ്രവൃത്തി, പിന്നീട് യേശുവിന്റെ ജനനത്തോടെ ക്രിസ്ത്യാനികൾ വചനം വളച്ചൊടിച്ചതാണെണ് പഠിപ്പിച്ചാണ് പല യൂദന്മാരും സഭവിട്ടതും തിരിയെ പോയതും. എന്നാൽ പ്രവചനങ്ങൾ മിക്കവാറും ഭാവി സൂചനവും, ഇരുവായ്ത്തലയുള്ളതും ആകയാൽ അവയ്ക്കു നാനാർത്ഥങ്ങളും, ചിലതിനു ഇരുവായ്ത്തലയുള്ളതും ആണെന്നാണ് പല ബൈബിൾ പണ്ഡിതന്മാരുടെയും അഭിപ്രായം

യേശുവിന്റെ ജനനത്തിനെപ്പറ്റിയുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രവചനം തന്നെയാണ് ഏശ. 7:14. എന്നാൽ ഇതു കൂടാതെയുള്ള ധാരാളം പ്രവചനങ്ങൾ നമുക്കു പരിശോധിക്കാം.

1. യിസ്രായേലിന്റെ അധിപൻ നിന്നിൽ നിന്ന്. (മീഖ 5:2)

2.ദൈവം (യേശു) ജഡത്തിൽ വെളിപ്പെട്ടു (1.തീമോ.3:16)

3.യീശായിയുടെ കുറ്റിയിൽ നിന്ന് ഒരു മുള വരും (എശാ.11:1)

4. നീ എന്റെ വലതുഭാഗത്തിരിക്കുക (സങ്കീ.110:1)

5. ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു (സങ്കീ.2:7)

6. എന്റെ വസ്ത്രങ്ങൾ അവർ പങ്കിട്ടു (സങ്കീ.22:19)

7. അവന്റെ അസ്ഥി ഒന്നും ഒടിയില്ല (സങ്കീ. 22:17)

8. എന്നെക്കുറിച്ച് പുസ്തക ചുരുളിൽ എഴുതിയിരിക്കുന്നു. സങ്കീ. 40:7

9. വീടു പണിയുന്നവർ തള്ളിയ കല്ല് മൂലക്കല്ലായി (സങ്കീ. 118:22)

10. ആദിയിൽ ദൈവം എന്നെ സൃഷ്ടിച്ചു (സദൃ.22:32)

11. ആടിനെപ്പോലെ അവൻ വായ് തുറന്നില്ല (എശ. 53:7)

12. മനുഷ്യരാൽ നിന്ദിക്കപ്പെടും (ഏശ. 53:3)

13. എന്റെ മുൻപിൽ എല്ലാ മുഴങ്കാലും മടങ്ങും (ഏശ. 45:23)

14. അവന്റെ അസ്ഥികൾ ഒന്നും ഒടിഞ്ഞു പോകില്ല. (സങ്കീ. 34:20)

15. യേശു ദൈവമെന്ന് പറഞ്ഞ് മുഴങ്കാൽ മടങ്ങും. ഫിലി. 2:19)

16. ആദ്യ ജാതനെ നമസ്ക്കരിക്കണം (എബ്രാ.1:6)

17. ദൈവം (യേശു) ജഡത്തിൽ വന്നു

(1 യോഹ.1:7)

ഇതുപോലെ ഹിന്ദുമതത്തിലെ നാലു വേദങ്ങളിൽപ്പെട്ട അഥർവ്വവേദത്തിലും 10-ാം അവതാരമായ പ്രജാപതിയെപ്പറ്റി വിശദീകരിച്ച് പരാമർശിച്ചിട്ടുള്ളതിപ്രകാരമാണ് കാണുന്നത്. മനുഷ്യവർഗ്ഗത്തിനു ബോധം കൊടുത്ത പ്രജാപതി അരൂപിയും, സർവ്വവ്യാപിയും, അവൻ പിതാവും പുത്രനും, ആത്മാവും ചേർന്ന ദൈവവും, ഭൂമിയൽ വച്ച് മരത്തൂണിൽ കരചരണങ്ങൾ (കൈകാലുകൾ) ആണികളാൽ തറയ്ക്കപ്പെട്ടവനും, അവന്റെ അസ്ഥികൾ തകരാതെ, തലയിൽ മുൾകിരീടം ചൂടി, ചാട്ടവാറിനടിയേറ്റും, പുളിവീഞ്ഞു പാനീയമായി ലഭിച്ചവനും, അവന്റെ അങ്കി പങ്കിട്ടും രൂപത്തിൽ മനുഷ്യനും, പ്രകൃതത്തിൽ ദൈവവും, മരിച്ച് മൂന്നാം നാൾ വീണ്ടും ജനിച്ചവന്റെ ശരീരവും, രക്തവും പാനം ചെയ്യാനും ഇടയായിത്തീർന്ന ഒരു അവതാര പുരുഷൻ യേശുവിൽ അല്ലാതെ ആരിലും ഇന്നവരെ ഉണ്ടായിട്ടില്ലെന്ന സത്യമാണ് അഥർവ്വവേദവും സാക്ഷ്യപ്പെടുത്തുന്നത്. ഇപ്പോൾ ആര്യവേദപ്രകാരം കലിയുഗമാണ്. അതിന്റെ ഫലം ഇന്ന് സ്നേഹം തണുത്തുപോയും, സ്വാർത്ഥതയും, ചതിയും, അസൂയയും, വഞ്ചനയും, ആക്രമണങ്ങളും, സ്ത്രീപീഡനങ്ങളും, സ്വവർഗ്ഗരതിയും എവിടെയും വിളങ്ങിക്കാണുന്നു.

മക്കൾക്കുവേണ്ടി മാതാപിതാക്കന്മാരാണ് സ്വത്ത് സമ്പാദിച്ച് വയ്ക്കേണ്ടത്. 2 കൊരി. 12:14 തങ്ങളുടെ ജീവിത സുഖങ്ങൾ വെടിഞ്ഞ് ജീവിച്ച പല മാതാപിതാക്കളും ഇന്ന് വൃദ്ധസദനങ്ങളിൽ പാർക്കുന്നതു കാണുമ്പോൾ കലിയുഗം സൂചിപ്പിക്കുന്ന ലോകാവസാനം വിദൂരമല്ലെന്ന സത്യം നമ്മെ ചിന്തിപ്പിക്കട്ടെ!

ഇതാണ് യേശുവും അത്തിവൃക്ഷം തളിർക്കുമ്പോൾ വേനൽ അടുത്തെന്ന് നിങ്ങൾ അറിയണമെന്ന് യഹൂദനോട് അത്തിവൃക്ഷത്തെ ഉപമിച്ചത്. 1948 മെയ് 14 ന് യിസ്രായേൽ രാഷ്ട്രം രൂപം പ്രാപിച്ച അത്തിവൃക്ഷം. അതിനാൽ ലോകാവസാനം സമീപിച്ചിരിക്കയാൽ പത്തു കന്യകമാർ മണവാളനെ സ്വീകരിക്കാൻ ഒരുക്കം പ്രാപിച്ചവരെപ്പോലെ നമ്മുടെ പാപജീവിതം ഉപേക്ഷിച്ച് ഒരുക്കമുള്ളവരായിത്തീരണം.

ഈ ലേഖന തലക്കെട്ടിൽ തന്നെ തുടർച്ചയായ ഇരുവായ്ത്തലയുള്ള ചില വചനങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ തുടരും.

# മോർ സേവേറിയോസ് പ്രസംഗ മത്സരം



Delna Sajan
1st Prize



Liliya Ann Thomas
2nd Prize



Johana Achu Bobby
2nd Prize



Naina Jitto
3rd Prize

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത പുണ്യശ്ലോകനായ അഭി. ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 96-ാം ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച് അതിഭദ്രാസനത്തിലെ സ്കൂൾ-കോളജ് വിദ്യാർത്ഥികൾക്കായി "മലങ്കര സഭയ്ക്ക് ക്നാനായ കുടിയേറ്റം നൽകിയ സംഭാവന" എന്ന വിഷയത്തിൽ പ്രസംഗമത്സരം നടത്തി.

പ്രഥമ റൗണ്ട് മത്സരങ്ങൾ മേഖലാടിസ്ഥാനത്തിൽ മെയ് 21 ഞായറാഴ്ച ചിങ്ങവനം സെന്റ്ജോൺസ് ദയറാ പള്ളിയിലും കുറ്റൂർ സെന്റ് മേരീസ് ഊർശിലേം പള്ളിയിലും റാന്നി സെന്റ്തോമസ് വലിയ പള്ളിയിലും നടത്തപ്പെട്ടു. ഇതിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർ ഫൈനൽ മത്സരത്തിന് യോഗ്യരായി തെരഞ്ഞെടുക്കപ്പെട്ടു.

കോട്ടയം വലിയപള്ളിയിൽ 2023 ജൂൺ 4-ാം തീയതി ഞായറാഴ്ച വി. കുർബാനയെ തുടർന്ന് നടന്ന ഫൈനൽ റൗണ്ട് മത്സരത്തിൽ ചിങ്ങവനം ശാലേംപള്ളി ഇടവകയിലെ ഡെൽനാ സാജൻ ഒന്നാം സ്ഥാനവും, റാന്നി സെന്റ് തോമസ് വലിയ പള്ളി ഇടവകയിലെ ലിലിയ ആൻ തോമസും, മഴുക്കീർ സെന്റ് മേരീസ് പള്ളി ഇടവകയിലെ ജോഹാന അച്ചു ബോബിയും രണ്ടാം സ്ഥാനവും, ചിങ്ങവനം സെന്റ് ജോൺസ് ദയറ പള്ളി ഇടവകയിലെ നൈന ജിറ്റോ മൂന്നാം സ്ഥാനവും നേടി.

ഫൈനൽ റൗണ്ട് മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ച വിജയിക്ക് 10,000 രൂപ ക്യാഷ് അവാർഡും രണ്ടും മൂന്നും സ്ഥാനക്കാർക്കുള്ള 5000 രൂപ പാരിതോഷികങ്ങളും ലഭിച്ചു. മേഖലാ മത്സരങ്ങളിൽ വിജയികളായവർക്ക് യഥാക്രമം 3000, 1000 രൂപ എന്ന ക്രമത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും നൽകുകയും ചെയ്തു.

# ഏവൻഗേലിയോൻ ദീപം



**ഡീ. ബിബിൻ ആൻഡ്രൂസ്**

**പെന്തിക്കോസ്തിക്കു ശേഷം ഏഴാം ഞായർ**
(വി. മർക്കോസ് 3:20-30) 16-07-2023

കർത്താവായ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ആദ്യഘട്ടമാണ് പ്രസ്തുത വേദഭാഗത്ത് വിവരിച്ചിട്ടുള്ളത്. കർത്താവിന്റെ പരസ്യശുശ്രൂഷാവേളയിൽ അനേകം അത്ഭുതപ്രവൃത്തികൾ നിർവ്വഹിക്കപ്പെടുകയുണ്ടായി. വി. മർക്കോസ് 1,2,3 അദ്ധ്യായങ്ങൾ പരിശോധിക്കുമ്പോൾ കർത്താവ് മുടന്തർക്ക്, കുരുടർക്ക്, രോഗാതുരരായ ജീവിതങ്ങൾക്ക് സൗഖ്യം നൽകുന്നതായി നമുക്ക് വായിക്കുവാൻ സാധിക്കും.

പ്രതീക്ഷ നഷ്ടപ്പെട്ടുപോയ ലോകത്ത് ഒരു പുതിയ പ്രതീക്ഷയായി ക്രിസ്തുവിന്റെ ജീവിതവും, ശുശ്രൂഷയും തീരുകയുണ്ടായി. ഈ സാഹചര്യത്തിൽ യേശുക്രിസ്തുവിന്റെ ജീവിതത്തെയും, അവന്റെ ശുശ്രൂഷയെയും, വിലയിരുത്തുവാനായി ന്യായശാസ്ത്രിമാരും, പ്രമാണിമാരും ശ്രമിക്കുന്നു. അവർക്ക് ലഭിച്ചിരുന്ന അംഗീകാരവും, സ്വീകാര്യതയും നഷ്ടപ്പെടുമെന്ന ഭീതി അവരെ വല്ലാതെ ഭരിച്ചിരുന്നു. യേശുക്രിസ്തുവിനെക്കുറിച്ച് അപവാദം പറയുന്നതിനായി അവർ ശ്രമിക്കുന്നതാണ് നാം ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗത്ത് വായിക്കുന്നത്. യേശുക്രിസ്തുവിന്റെ ദൈവദത്തമായ ശക്തിയെ അവർ പിശാച് നൽകുന്ന ബലമായി ചിത്രീകരിക്കുന്നു. ഈ അവസരത്തിൽ യേശുക്രിസ്തു തന്റെ ദൈവരാജ്യ ശുശ്രൂഷയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുന്നതും, അവരോട് ശക്തമായ ഭാഷയിൽ സംവദിക്കുന്നതും നാം ഈ ഭാഗത്ത് വായിക്കുന്നു.

വി. ഏവൻഗേലിയോൻ പ്രധാനമായും പങ്കുവയ്ക്കുന്ന രണ്ടു ചിന്തകൾ

**1. ക്രിസ്തുവിന്റെ സ്വയ അവബോധം**

ലോകം തന്നെ തിരസ്ക്കരിക്കുമ്പോഴും ഏറ്റവും അധികം സ്നേഹിക്കേണ്ടവർ പോലും തന്നെ തള്ളിപ്പറയുന്ന സാഹചര്യത്തിൽ കർത്താവ് അല്പംപോലും അസ്വസ്ഥനാവുന്നില്ല. തന്നെ ഏറ്റവും ആഴത്തിൽ അറിയേണ്ടവർ, ലോകത്തോട് ചേർന്ന് തന്റെ ശുശ്രൂഷയെ വിലകുറച്ച് കാണുന്ന സാഹചര്യത്തിൽ, യേശുക്രിസ്തു തന്റെ ശുശ്രൂഷയെക്കുറിച്ചും, തന്റെ സമർപ്പണത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുന്നു.

ന്യായശാസ്ത്രിമാർ ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ബലം പിശാചിൽ നിന്നാണ് എന്ന് അവകാശപ്പെടുമ്പോൾ കർത്താവ് അല്പംപോലും വൈകാരികമായി പ്രതികരിക്കുകയോ, നിരാശനായി തീരുകയോ ചെയ്യുന്നില്ല എന്ന് നാം മനസ്സിലാക്കുന്നു. മറിച്ച് തന്റെ ശുശ്രൂഷയുടെ അനന്യതയെക്കറിച്ചും, താൻ അയക്കപ്പെട്ടതിന്റെ ഉദ്ദേശവും, തന്റെ നിയോഗത്തെക്കുറിച്ചുള്ള തെളിമയും ക്രിസ്തുവിനെ എല്ലായ്പ്പോഴും ഭരിച്ചിരുന്നു.

ഈ കാലയളവിൽ ക്രിസ്തു ശിഷ്യന്മാർ തങ്ങളെ വിളിച്ചിരിക്കുന്ന വിളിയെപ്പറ്റി സ്വയ അവബോധത്തോടെ തങ്ങളുടെ ശുശ്രൂഷകൾ നിർവ്വഹിക്കാൻ കടപ്പെട്ടവരാണ്; തങ്ങളെ വിളിച്ചത് ദൈവം ആണെന്നും, നിയോഗങ്ങൾ പകർന്ന് നൽകിയിട്ടുള്ളത് പിതാവ് ആണ് എന്നും ഉള്ള ബോധ്യം നമ്മെ എല്ലാകാലത്തും ഭരിക്കട്ടെ.

**2. ദൈവരാജ്യ ശുശ്രൂഷകളെ തള്ളിപ്പറയുന്ന ദുരുയോഗം ഉണ്ടാകാതിരിക്കുവാൻ നാം ശ്രദ്ധിക്കണം.**

പരിശുദ്ധാത്മാവിന് നേരെ കള്ളസാക്ഷ്യം പറയുന്നവരോട് ഈ ഭൂമിയിൽ ഒരിക്കലും ക്ഷമിക്കുകയില്ല എന്ന് ക്രിസ്തു അസന്നിഗ്ധമായി പറയുന്നു. എന്താണ് അത് വ്യക്തമാക്കുന്നത്? യേശുക്രിസ്തു ദുരാത്മാവ് ബാധിച്ച വ്യക്തി ആണെന്ന് വരുത്തിത്തീർക്കുവാനാണ് ന്യായശാസ്ത്രിമാർ ശ്രമിച്ചത്. എന്നാൽ ദൈവാത്മനിറവിൽ തന്റെ ശുശ്രൂഷകളെ നിറവേറ്റുന്ന വ്യക്തിത്വം ആണ് 'ക്രിസ്തു'.

വി. മർക്കോസിന്റെ സുവിശേഷത്തിലും, മറ്റ് സുവിശേഷങ്ങളിലും ക്രിസ്തുവിന്റെ സ്നാനത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നിടത്ത് 'അവൻ പരിശുദ്ധാത്മാവ് നിറഞ്ഞവനാണെന്നും, സ്വർഗ്ഗത്തിന്റെ പ്രിയപുത്രനാണെന്നും' സാക്ഷിക്കുന്നത് നാം ഓർക്കണം. ദൈവാത്മശക്തിയാൽ രോഗികളെ സൗഖ്യമാക്കുന്ന ക്രിസ്തുവിന്റെ ദൈവരാജ്യ ശുശ്രൂഷകളെ ഉൾക്കൊള്ളുവാൻ കഴിയാതെ പോകുന്നതാണ് ഏറ്റവും വലിയ ദുരുയോഗം.

ക്രിസ്തുവിനെയും, ക്രിസ്തുവിന്റെ ശുശ്രൂഷയെയും തള്ളിപ്പറയുക എന്നു പറഞ്ഞാൽ അത് പരിശുദ്ധാത്മാവിനെ തള്ളിപ്പറയുന്നതിന് തുല്യമാണ്. പരിശുദ്ധാത്മാവിനെ തള്ളിപ്പറയുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ ആളത്വത്തെയും, ശുശ്രൂഷകളെയും വേണ്ടുംവണ്ണം ഉൾക്കൊള്ളാതെ പോകുന്ന ദുരുയോഗം ആണ്. അങ്ങനെയുള്ളവർ ആണ് ദൈവരാജ്യത്തിന് ഇടർച്ചയായി ഭവിക്കുന്നത്. ദൈവരാജ്യ ശുശ്രൂഷയെ നിസ്സാരവൽക്കരിക്കുന്നത് ഈ ഭൂമിയിൽ ഒരിക്കലും പൊറുക്കുവാൻ കഴിയാത്ത പാപം ആണ് എന്ന് ക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്നു.

നാം എപ്പോഴെങ്കിലും ദൈവിക ആരാധനയെയും ശുശ്രൂഷകളെയും ഒക്കെ നിസ്സാരമാക്കി എണ്ണാറുണ്ടോ? നൽകേണ്ട ഭയഭക്തി ആരാധനകൾക്ക് നൽകുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? അതൊക്കെ ക്രിസ്തുവിനെ തള്ളിപ്പറയുന്നതും, ആത്യന്തികമായി പരിശുദ്ധാത്മാവിനെ തള്ളിപ്പറയുന്നതുമാണ് എന്ന് ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു. അവ ഭൂമിയിൽ ഒരിക്കലും പൊറുക്കുവാൻ സാധിക്കാത്ത അപരാധങ്ങൾ ആയി എണ്ണപ്പെടും എന്നും ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

**പെന്തിക്കോസ്തിക്കു ശേഷം എട്ടാം ഞായർ**
(വി. മർക്കോസ് 8:1-10) 23-07-2023

ജനം വളരെ പ്രതീക്ഷയോടുകൂടിയാണ് കർത്താവിനെ അനുഗമിക്കുന്നത്. യേശുക്രിസ്തുവിൽ ഒരു വലിയ പ്രതീക്ഷ അവർ കണ്ടു. കർത്താവിന്റെ ദൈവരാജ്യ സന്ദേശങ്ങൾ അവരിൽ പുതിയ ഉണർവും, പ്രതീക്ഷയും നൽകി. അവരുടെ

ഇടയിൽ ഉള്ള അനീതിയുടെ ഘടനകൾക്ക് വിരുദ്ധമായി സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും, സമത്വത്തിന്റെയും, സമൃദ്ധിയുടെയും ഒരു സുവിശേഷം യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളിൽ അവർ കണ്ടു. ഈ പശ്ചാത്തലത്തിൽ കർത്താവ് ചെയ്ത ഈ അത്ഭുത പ്രവൃത്തിയെ നാം മനസ്സിലാക്കുകയും, ധ്യാനിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

പ്രധാനമായും രണ്ട് ചിന്തകൾ ആണ് വി. ഏവൻഗേലിയോൻ ഭാഗത്തിൽ കൂടെ നമുക്ക് ലഭിക്കുന്നത്.

**1. മാനുഷിക പരിമിതികളിൽ സാധ്യതകളെ കാണുന്ന ക്രിസ്തു.**

വി. ഏവൻഗേലിയോൻ ഭാഗത്തിൽ കർത്താവ് ശിഷ്യൻമാരോട് ചോദിക്കുകയാണ് എന്താണ് നിങ്ങളുടെ കൈകളിൽ ബാക്കിയുള്ളത്? അത് 'ഏഴ്' അപ്പംമാത്രമാണ് എന്നായിരുന്നു അവരുടെ ഉത്തരം. ഏഴ് അപ്പം, അവിടെ കൂടിയിരിക്കുന്ന '4000' ത്തോളം പേർക്ക് മതിയാവില്ല എന്ന് നന്നായി അറിയാമായിരുന്ന കർത്താവ് എന്നാൽ ആ പരിമിതികളിൽ ഒരു വലിയ അത്ഭുതം ഒളിപ്പിച്ച് വച്ചിട്ടുണ്ട്. മാനുഷിക പരിമിതികളിൽ നിറഞ്ഞു വരുന്നതാണ് 'കൃപ' എന്ന് പറയുന്നത്. ദൈവകൃപ മാനുഷികമായ പരിമിതികളിൽ ഒരുപാട് സാധ്യതകളെ കണ്ടെത്തുവാൻ നമ്മെ സഹായിക്കുന്നു. മനുഷ്യർക്ക് എല്ലാവർക്കും പരിമിതികൾ ഉണ്ട്. എന്നാൽ ദൈവകരങ്ങളിലേയ്ക്ക് നൽകപ്പെടുമ്പോൾ അത് അത്ഭുതങ്ങളായി തീരും എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് ഈ അത്ഭുതപ്രവർത്തി.

നമ്മുടെ കൈയ്യിൽ എന്ത് ഉണ്ട് എന്നതിനെക്കുറിച്ചല്ല ദൈവം ചിന്തിക്കുന്നത് മറിച്ച്, നമുക്ക് ഉള്ളതിനെ പൂർണ്ണമായി വിട്ടുകൊടുക്കുവാനുള്ള മനസ്സ് ഉണ്ടോ എന്നുള്ളതാണ്. (God is not concerned about our abilities rather God is concerned about our availability). ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുവാനുള്ള മനസ്സ് ഉണ്ടോ എന്നുള്ളതാണ് പ്രധാനം. ദൈവകരങ്ങളിലേയ്ക്ക് വിട്ടുകൊടുത്തിട്ടുള്ളതിനെ എല്ലാം അവിടുന്ന് ആശിർവദിച്ചിട്ടുണ്ട്; അതിലൊക്കെ അനന്തമായ സാധ്യതകൾ ദൈവം ഒരുക്കുന്നുണ്ട് എന്നുള്ളതാണ് നമുക്ക് നൽകുന്ന വലിയ പ്രതീക്ഷ.

**2. തൃപ്തിയുടെ ദൈവരാജ്യ അനുഭവം**

വി. ഏവൻഗേലിയോനിൽ നാം വായിക്കുന്നു. ഈ പന്തിഭോജനത്തിൽ പങ്കെടുത്ത എല്ലാവരും തൃപ്തരായി ആണ് മടങ്ങിപ്പോയത്. വചനത്തിന്റെ തൃപ്തി മാത്രമല്ല; അവരുടെ ഭൗതിക ആവശ്യങ്ങൾക്കും കർത്താവ് മതിയായവൻ ആകുന്നു. യേശുക്രിസ്തു പങ്കുവയ്ക്കുമ്പോൾ മാത്രമേ തൃപ്തി ഉണ്ടാവുകയുള്ളൂ എന്ന് നാം എല്ലായ്പ്പോഴും ഓർക്കണം. ആ ഭക്ഷണകൂട്ടായ്മയിൽ വി.കുർബ്ബാനയുടെ അതേ 'formula' തന്നെയാണ് കർത്താവ് ഉപയോഗിക്കുന്നത്. 'അവിടുന്ന് അപ്പം എടുത്ത് വാഴ്ത്തി സ്തോത്രം ചെയ്ത് നുറുക്കി നൽകുന്നു. ക്രിസ്തുവിനോട് ഒപ്പം ഉള്ള എല്ലാ അനുഭവങ്ങളും അത്തരത്തിൽ വി. കുർബ്ബാനപോലെ പവിത്രമാണ് എന്ന് വി. ഏവൻഗേലിയോൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവികമായ അനുഗ്രഹങ്ങളാൽ മാത്രമാണ് മനുഷ്യന് തൃപ്തി കണ്ടെത്തുവാൻ സാധിക്കുന്നത്.മാനുഷികമായ എല്ലാ പ്രയത്നങ്ങളും, പരിശ്രമങ്ങളും അപൂർണ്ണമാണ് എന്ന് നാം ഓർക്കണം. ദൈവം നിറയ്ക്കുമ്പോൾ മാത്രമെ 'പടക്' നിറയാറുള്ളൂ എന്ന് നാം മറന്ന് പോകരുത്. ഇവിടെ നാം ഒരു 'തൃപ്തിയുടെ സാമ്പത്തിക ശാസ്ത്രബോധനം കാണുന്നു. അത് മരുഭൂമിയിൽ യിസ്രായേൽ ജനത്തിന് 'മന്ന' നൽകിയപ്പോഴും നാം കാണുന്നുണ്ട്. അന്നന്നത്തേക്കുള്ളത് മാത്രം നൽകുന്നു; അധികം ചേർത്തുവയ്ക്കുന്നവർക്ക് ആർക്കും അധികം ലഭിക്കുന്നില്ല. ഓരോരുത്തർക്കും ആവശ്യമുള്ളത് നൽകപ്പെടുന്നു. അതുപോലെതന്നെ ജനങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞ്, അവരുടെ ആവശ്യങ്ങൾക്ക് മതിയായത് നൽകുന്ന ക്രിസ്തുവിനെയാണ് നാം ഈ വി. ഏവൻഗേലിയോൻ ഭാഗത്ത് ദർശിക്കുന്നത്.

ഇന്ന് തൃപ്തി ഒട്ടും ഇല്ലാത്ത ഈ ലോകത്തിൽ മനുഷ്യർക്ക് തൃപ്തിയും, സമാധാനവും, പൂർണ്ണതയും നൽകുവാൻ സാധിക്കുന്നത് ദൈവീക അനുഗ്രഹങ്ങൾക്ക് മാത്രമാണ് എന്ന് നാം മറക്കരുത്.വി. ഏവൻഗേലിയോൻ ഭാഗത്ത് ആരും അതൃപ്തരായി നാം കാണുന്നില്ല. വീണ്ടും ശേഷിച്ച അപ്പം 'ഏഴ്'കുട്ടകൾ നിറച്ചെടുത്തു എന്ന് നാം മനസ്സിലാക്കുന്നു. ആ ശേഷിച്ച ഏഴുകുട്ടകൾ സാക്ഷ്യത്തിന്റെ അടയാളങ്ങൾ ആയിരുന്നു. ഈ കുട്ടകളുമായി യേശുവിനോടൊപ്പം ശിഷ്യന്മാർ നടന്നുപോകുമ്പോൾ തീർച്ചയായും ആളുകൾ ചോദിക്കും ഈ അപ്പക്കുട്ടകൾ എവിടുന്നാണ് എന്ന്? അപ്പോൾ അതെല്ലാം സാക്ഷ്യത്തിന്റെ അടയാളങ്ങളായി പരിണമിക്കുന്നു. ദൈവാനുഗ്രഹങ്ങൾ എല്ലാം ദൈവനാമ മഹത്വത്തിന്റെ മുഖാന്തരങ്ങൾ ആയിത്തീരുവാനുള്ളതാണ് എന്ന് ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

## പെന്തിക്കോസ്തിക്കു ശേഷം ഒമ്പതാം ഞായർ
## (വി. ലൂക്കോസ് 14:7–11) 30–07–2023

ശാബതുനാളിൽ കർത്താവായ യേശുക്രിസ്തു പരീശപ്രമാണിമാരിൽ ഒരുവന്റെ വീട്ടിൽ ഭക്ഷണം കഴിക്കുവാൻ വന്നപ്പോൾ ഉണ്ടായ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ യേശുക്രിസ്തു പങ്കുവയ്ക്കുന്ന ചില ദൈവരാജ്യ ദർശനങ്ങൾ ആണ് ഈ ആഴ്ചയിലെ വി.ഏവൻഗേലിയോൻ ഭാഗത്ത് നാം വായിക്കുന്നത്.

ദൈവരാജ്യത്തിന്റെ ദർശനങ്ങൾ (Alternative vision of God's Kingdom) അത് ജീവനെ നിലനിർത്തുന്നതും (life affirming) ജീവന്റെ ആഘോഷമായി തീരുന്നതും ആണ്. അത്തരത്തിലുള്ള ദൈവിക രാജ്യത്തിന്റെ ധാർമിക മര്യാദകൾ കർത്താവ് ഒരു വിരുന്നിന് ക്ഷണിക്കപ്പെട്ട അതിഥികളുടെ ഉപമയിൽ കൂടി പങ്ക് വയ്ക്കുന്നു. ഇന്നത്തെ വി. ഏവൻഗേലിയോനിൽ പങ്കുവയ്ക്കുന്ന മൂന്നു പ്രധാനപ്പെട്ട ചിന്തകൾ

**1. നമ്മുടെ യോഗ്യതകളെക്കാൾ വിളിച്ചവന്റെ വിശ്വസ്തതയാണ് ദൈവരാജ്യത്തിന്റെ ബദൽദർശനം.**

വചനം നമ്മെ ഓർമ്മിപ്പിക്കുന്നു നാം ദൈവത്തെ തിരഞ്ഞെടുത്തതല്ല മറിച്ച് ദൈവം തന്റെ വിശ്വസ്തതയിൽ നമ്മെ തിരഞ്ഞെടുത്തതാണ്. (It is not we who have chosen God; rather God has chosen us). ഇവിടെ വിരുന്നിനു ക്ഷണിച്ച ആൾ നമ്മുടെ യോഗ്യതകൾ നോക്കാതെ തന്റെ വിശ്വസ്തതയിൽ നമ്മെ ക്ഷണിക്കുകയും നമുക്ക് തക്കതായ ഇരിപ്പിടം നൽകുകയും ചെയ്യുന്നു. വിളിച്ച ദൈവത്തിന്റെ വിശ്വസ്തതയാണ് നമ്മുടെ ശുശ്രൂഷാജീവിതത്തിന്റെ അടിസ്ഥാന മാനദണ്ഡം.

അതുകൊണ്ടുതന്നെ സ്വന്തം ജീവിതത്തെയും, യോഗ്യതകളെയും കുറിച്ചു അതിരുകവിഞ്ഞ അഭിമാനമോ, വിലയിരുത്തലുകളോ ഉണ്ടാവുക എന്നത് ഒരു ദൈവപൈതലിന് ഭൂഷണം അല്ല. നാം അയോഗ്യമായിരിക്കുമ്പോൾത്തന്നെ നമ്മെ സ്നേഹിച്ച ദൈവത്തിന്റെ സ്നേഹവും, വിശ്വസ്തതയുമാണ് നമ്മെ ക്രിസ്തീയ ജീവിതത്തിൽ നിലനിർത്തുന്നത് എന്ന് നാം മറന്നുപോകരുത്.

**2. വിളിച്ചവന്റെ സമയത്തിനായി കാത്തിരിക്കുവാനുള്ള പക്വത.**

ക്ഷണിച്ചവൻ നമ്മോട് ഇടപെടുന്ന സമയം ഉണ്ട്. ക്ഷണി

ച്ചവൻ നമ്മുടെ അടുത്തേയ്ക്ക് വരുന്ന ഒരു വേളയുണ്ട്. അതു വരെ ക്ഷമയോടെ കാത്തിരിക്കുവാനുള്ള ആത്മീയ പക്വത ഒരു ദൈവ പൈതലിന് ഉണ്ടാവണം. പുതിയനിയമഭാഗത്ത് സമയത്തിന് രണ്ട് ഗ്രീക്ക് പദങ്ങൾ ആണ് ഉപയോഗിച്ചിരിക്കുന്നത് (1) chronos (2) kairos. അതിൽ (1) chronos എന്ന പദത്തിൽ നിന്നാണ് chronology എന്ന ഇംഗ്ലീഷ് വാക്ക് ഉണ്ടായിട്ടുള്ളത്. chronos എന്നാൽ സാധാരണ സമയം എന്നാണ്. എന്നാൽ kairos എന്നാൽ (God's appointed time) ദൈവീക ഇടപെടലിന്റെ സമയം എന്ന് കൂടി അർത്ഥമാക്കുന്നുണ്ട്.

പന്തിക്കുവിളിച്ചവൻ നമ്മെ ചേർത്ത് പിടിക്കുന്നു. നമ്മെ മാനിക്കുന്ന ഒരു സമയം ഉണ്ട് എന്നുള്ള പൂർണ്ണമായ പ്രതീക്ഷയും, ആ സമയത്തിനു വേണ്ടിയുള്ള ഒരു കാത്തിരിപ്പും നമുക്ക് ഉണ്ടാവണം. പൗലോസ് അപ്പോസ്തോലൻ പറയുന്നു 'കർത്താവിന്റെ അമിതബലത്തിൽ ആശ്രയിക്കുവാനും, അവന്റെ ബലമുള്ള ഭുജത്തിൽ കീഴെ താണിരിപ്പാനും ഒരു വിശ്വാസിക്ക് എപ്പോഴും സാധിക്കണം. (Waiting for God's time and waiting for the moment of kairos)

**(3) സ്വയം താഴ്ത്തുന്നതിലൂടെ മഹത്വവൽക്കരിക്കപ്പെടുന്ന ജീവിതങ്ങൾ ആവണം.**

സ്വന്തം മഹത്വങ്ങളെക്കുറിച്ച് പറയുന്നവരുടെ മദ്ധ്യേ, സ്വന്തം കഴിവുകളെ ഉള്ളതിനെക്കാൾ ഉപരിയായി ഉയർത്തിക്കാട്ടുന്ന ഒരു ലോകത്ത് ഇല്ലാത്തത് ഉണ്ട് എന്ന് വരുത്തിത്തീർക്കുവാൻ ശ്രമിക്കുന്നവരുടെ ഇടയിൽ കർത്താവ് പറയുകയാണ്. "തന്നെത്തന്നെ ഉയർത്തുന്നുവോ അവൻ താഴ്ത്തപ്പെടും. തന്നെത്തന്നെ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടുകയും ചെയ്യും". കർത്താവ് തന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവരോട് സുവിശേഷഭാഗത്ത് പറയുന്നു 'ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ'.

'സ്വയം ത്യജിക്കുക' എന്നതിന്റെ അർത്ഥം സ്വന്തം ഇഷ്ടങ്ങളും, ആഗ്രഹങ്ങളും, പിടിവാശികളും എല്ലാം കർത്താവിന്റെ ക്രൂശിന് മുമ്പിൽ സമർപ്പിക്കുകയും ദൈവഹിതം കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്യുക എന്നതാണ്. സ്വയം ത്യജിക്കുകയും, തന്റെ ക്രൂശ് എടുത്ത് കർത്താവിനെ അനുഗമിക്കുന്നവർക്ക് മാത്രമേ ക്രിസ്തുശിഷ്യരായി തീരുവാൻ സാധിക്കുകയുള്ളൂ. സ്വയം താഴ്ത്തുന്നതിലൂടെ മഹത്വവൽക്കരിക്കപ്പെടുവാനുള്ള വലിയ വിളിയാണ് നമുക്ക് ഉള്ളത് എന്ന് ഓർക്കണം.

'Ego' എന്ന പദത്തിന് ഉള്ള ഒരു നിർവ്വചനം 'Edging God Out' (ദൈവത്തിന്റെ അരികുകളിലേയ്ക്ക് പാർശ്വവൽക്കരിക്കുക) പകരം നമ്മുടെ സ്വയത്തെ മുഖ്യസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്യുന്ന അവസ്ഥയാണ്. എന്തിൽ തൊടുമ്പോഴാണ് നമ്മുടെ ഹൃദയം ഉലയുന്നത് അതാണ് നമ്മുടെ ഈഗോ. കർത്താവ് ദൈവരാജ്യത്തിന്റെ ബദൽ ദർശനമായി നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവസന്നിധിയിൽ താഴ്ത്തുന്നവർക്ക്, തങ്ങളെതന്നെ ത്യജിക്കുന്നവർക്ക്, ദൈവത്തെ കൃത്യമായി പരിഗണിക്കുന്നവരെ ഉയർത്തുന്ന ഒരു ദൈവം ഉണ്ട് എന്ന വസ്തുതയാണ്. ആ സമയം വരെയും ക്ഷമയോടെ കാത്തിരിക്കുവാനുള്ള മനസ്സ് നമുക്ക് ഉണ്ടാവണം.

**കൂടാരപ്പെരുന്നാൾ**

(വി. ലൂക്കോസ് 9:27-36) 06-08-2023

കൂടാരപ്പെരുന്നാൾ അഥവാ മറുരൂപമലയുടെ ഓർമ്മദിനം പ്രാർത്ഥനയുടെ ഏറ്റവും ഉദാത്തമായ മാതൃകയാണ്. കർത്താവായ യേശുക്രിസ്തു തന്റെ ഐഹിക ശുശ്രൂഷയുടെ മദ്ധ്യേ തന്റെ ശിഷ്യന്മാരുമായി വേറിട്ട് പ്രാർത്ഥിക്കുന്നതിനായി പോകുന്നതാണ് വി.ഏവൻഗേലിയോനിൽ നാം വായിക്കുന്നത്.

പ്രാർത്ഥനയെക്കുറിച്ചുള്ള രണ്ടുചിന്തകൾ വി. ഏവൻഗേലിയോന്റെ വെളിച്ചത്തിൽ പങ്കുവയ്ക്കട്ടെ.

**1. പ്രാർത്ഥനയ്ക്ക് ഒരുക്കവും, ഇടവും ആവശ്യമാണ്.**

എബ്രായ ചിന്തയിൽ മലമുകളിൽ ആണ് ദൈവസംസർഗ്ഗം അനുഭവിക്കുന്നത് എന്ന് നാം കാണുന്നു. 121-ാം സങ്കീർത്തനത്തിൽ 'സഹായം വരുന്ന പാറയിലേയ്ക്ക്' നോക്കേണ്ട ആവശ്യകതയെക്കുറിച്ച് സങ്കീർത്തനകാരൻ പറയുന്നുണ്ട്. യേശുക്രിസ്തു വിജനമായ മലമുകളിൽ തന്റെ ശിഷ്യൻമാരുമായി പ്രാർത്ഥനയ്ക്കായി പോകുന്നത് സുവിശേഷം സാക്ഷിക്കുന്നുണ്ട്. പ്രാർത്ഥനയ്ക്ക് ഒരു ഇടം ഉണ്ടാകേണ്ടത് വളരെ പ്രധാനമാണ് എന്ന് കർത്താവ് ഓർമ്മിപ്പിക്കുന്നു. മറ്റ് എല്ലാ തിരക്കുകളിൽ നിന്നും ഈ ലോകത്തിന്റെ ശബ്ദ കോലാഹലങ്ങളിൽ നിന്നും മാറി ശാന്തമായി പ്രാർത്ഥനയ്ക്കായി ഇടങ്ങൾ രൂപപ്പെടുത്തേണ്ടത് വളരെ പ്രധാനമാണ് എന്ന് കർത്താവ് ഇവിടെ ഓർമ്മിപ്പിക്കുന്നു.

ദൈവപുത്രനായ ക്രിസ്തു പ്രാർത്ഥനയ്ക്കായി ഒരു പ്രത്യേക ഇടത്തേയ്ക്ക് പോകുന്നത് നമുക്ക് ഒരു പ്രചോദനം ആകട്ടെ. നമ്മുടെ ഭവനങ്ങളിൽ ധാരാളം മുറികൾ ഉണ്ട്. എന്നാൽ പ്രാർത്ഥനയ്ക്കായി ഒരിടം വേർതിരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? നമ്മുടെ ആലയങ്ങൾ പ്രാർത്ഥനയ്ക്ക് അനുയോജ്യമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നുണ്ടോ എന്ന് നാം ഉറപ്പ് വരുത്തണം. പ്രാർത്ഥനയുടെ ഇടങ്ങൾ, പ്രാർത്ഥനയ്ക്ക് മാത്രം വേർതിരിക്കപ്പെട്ടതായി നിലനിൽക്കട്ടെ എന്ന് നമുക്ക് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

**2. പ്രാർത്ഥന ദൈവഹിതത്തോട് താദാത്മ്യപ്പെടുന്നതിനാണ്.**

പ്രാർത്ഥന ദൈവത്തിന്റെ മനസ്സ് മാറ്റുന്നതിനാണോ? ദൈവം എല്ലാം നല്ലതിനായി ചെയ്യുന്നു എങ്കിൽ പിന്നെ ദൈവത്തിന്റെ മനസ്സ് മാറ്റേണ്ട കാര്യം ഉണ്ടോ? ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത്. 'പ്രാർത്ഥന ദൈവഹിതത്തോട് താദാത്മ്യപ്പെടുന്നതിനാണ്'. ദൈവത്തിന്റെ മനസ്സ് മാറ്റുന്നതിനെക്കാൾ, ദൈവത്തിന്റെ മനസ്സ് അനുസരിച്ച് നമ്മുടെ മനസ്സും ചിന്തകളും രൂപാന്തരപ്പെടുന്നതിന് വേണം നാം പ്രാർത്ഥിക്കുവാൻ. ദൈവഹിതത്തിൽ തന്നെ നിലനിൽക്കുവാനുള്ള ഹലം പ്രാപിക്കുന്നതിനാവണം നാം പ്രാർത്ഥിക്കേണ്ടത്

അങ്ങനെ ദൈവീക ഇഷ്ടത്തോട് താദാത്മ്യപ്പെടുമ്പോൾ സ്വർഗ്ഗം സാക്ഷിക്കുകയാണ് 'ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിക്കുന്നു എന്ന്' നമ്മുടെ പ്രാർത്ഥനകളിലും ഇപ്രകാരം സ്വർഗ്ഗം നമ്മെ നോക്കി സന്തോഷിക്കുവാൻ, പ്രിയപുത്രൻ/പുത്രി എന്ന് നമ്മെക്കുറിച്ചും സാക്ഷിക്കുവാൻ ദൈവം സംഗതിയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**കൂടാരപ്പെരുന്നാളിനു ശേഷം ഒന്നാം ഞായർ**

(വി. മത്തായി 21:28-32) 13-08-2023

പ്രസ്തുത ഏവൻഗേലിയോൻ ഭാഗത്ത് കർത്താവ് തന്റെ അധികാരത്തിന്റെ അടിസ്ഥാനം എവിടെ നിന്നാണ് എന്ന് പ്രധാന ആചാര്യന്മാരോടും, കശ്ശീശൻമാരോടും പറയുന്നു. ഒരു മനുഷ്യന് രണ്ട് പുത്രന്മാർ ഉണ്ടായിരുന്നു എന്ന ഉപമയിൽ കൂടി കർത്താവ് അവരോട് പറയുകയാണ്. ഈ ഉപമയുടെ പശ്ചാത്തലത്തിൽ രണ്ടു ചിന്തകൾ വി. ഏവൻഗേലിയോൻ നമ്മോട് പങ്കുവയ്ക്കുന്നു.

**1. സ്വയം നീതീകരണത്തിന്റെ തടവറയിൽ നിന്ന് പുറത്ത് വരുക**

ചുങ്കക്കാരന്റെയും, പരീശന്റെയും ഉപമ കർത്താവ് സുവിശേഷഭാഗത്ത് വിവരിക്കുന്നത് നാം ഓർക്കണം. 'ചുങ്കക്കാർ' ആ കാലത്ത് ഏറ്റവും പാപികൾ എന്ന് യഹൂദജനം കരുതി ഇരുന്നവർ ആണ്. കാരണം അവർ റോമൻ ഭരണകൂടത്തിന്റെ പ്രതിനിധികൾ ആയി പ്രവർത്തിച്ച് ജനങ്ങളിൽ നിന്ന് കരം പിരിച്ചിരുന്നു. അവർ സാധാരണക്കാരായ ജനങ്ങളെ ചൂഷണ വ്യവസ്ഥിതിയ്ക്ക് വിധേയരാക്കി എന്നതുകൊണ്ട് ജനം അവരെ പാപികളായി മുദ്രകുത്തി.

'വേശ്യകൾ' ന്യായപ്രമാണത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നതുകൊണ്ട് അവരെയും യഹൂദജനം പാപികളായി കണക്കിടും. എന്നാൽ അവർ എല്ലാവരും ദൈവരാജ്യത്തിന്റെ ഭാഗമായിരുന്ന ഒരുകാലത്തെക്കുറിച്ച് കർത്താവ് പറയുന്നു കാരണം ചുങ്കക്കാർക്കും, വേശ്യക്കാർക്കും അവർ പാപികളാണെന്നുള്ള തിരിച്ചറിവ് ഉണ്ടായിരുന്നു. തങ്ങളുടെ കുറവുകളെക്കുറിച്ച് ബോധ്യമുണ്ടാകുമ്പോൾ അവരുടെ സമർപ്പണത്തെ കർത്താവ് മാനിക്കുന്നു.

ഇവിടെ ന്യായപ്രമാണം ദുർവ്യാഖ്യാനം ചെയ്തും, അത് സാധാരണ ജനങ്ങൾക്ക് ദുഷ്കരമാക്കി തീർക്കുകയും ചെയ്ത പ്രധാന ആചാര്യന്മാരും കശ്ശീശപ്രമാണിമാരും സ്വയം നീതീകരണത്തിന്റെ തടവറയിൽ ആയിരുന്നു. തങ്ങൾക്ക്തന്നെ അവർ വിശുദ്ധന്മാരായി തോന്നി ഇരുന്നു എങ്കിലും, ദൈവീക വിശുദ്ധിയോട് ചേർന്ന് നിൽക്കുവാൻ അവർക്ക് കഴിയാതെ പോയി എന്ന് കർത്താവ് ഓർമ്മിപ്പിക്കുകയാണ്. ദൈവത്തിന്റെ വിശുദ്ധിയുടെ അടുത്ത് വരുമ്പോൾ നമ്മൾ അശുദ്ധരാണെന്ന് തിരിച്ചറിഞ്ഞ് വിനയത്തോടെ ദൈവസന്നിധിയിൽ ആയിരിപ്പാൻ നമുക്ക് ഇടയാകണം. തങ്ങൾ സ്വയം വിശുദ്ധരാണ് എന്ന് നടിച്ച ആളുകളോട് കർത്താവ് എത്ര ശക്തമായിട്ടാണ് സംഭാഷിക്കുന്നത്.

**2. രൂപാന്തരപ്പെട്ട് ദൈവരാജ്യ അനുഭവത്തിൽ മുന്നേറുക.**

ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള മാനദണ്ഡമായി യേശുക്രിസ്തു പറയുന്നത് മാനസാന്തരപ്പെട്ട് ദൈവരാജ്യത്തിന്റെ പുതുക്കം പ്രാപിക്കുക എന്നുള്ളതാണ്. യോഹന്നാൻ സ്നാപകൻ മാനസാന്തരത്തിനായുള്ള ആഹ്വാനത്തിൽ മനസ്സ് പുതുക്കം പ്രാപിക്കുന്നതിനെക്കുറിച്ച് ശക്തമായി പറയുന്നുണ്ട്. ദൈവരാജ്യം നിങ്ങളുടെ ഹൃദയങ്ങളിൽ ആണ് എന്ന് യേശുക്രിസ്തുവും തന്റെ പഠിപ്പിക്കലുകളിൽ വ്യക്തമാക്കുന്നു. അപ്പോൾ ഹൃദയത്തിന്റെ രൂപാന്തരത്തിലാണ് ഒരാൾ ദൈവരാജ്യ അനുഭവത്തിലേക്ക് പ്രവേശിക്കുന്നത് എന്ന് നാം ഓർക്കണം. ബാഹ്യമായ കർമ്മ അനുഷ്ഠാനങ്ങളെക്കാൾ ഉപരിയായി ഒരാൾക്ക് ഉള്ളിൽ ഉണ്ടാകേണ്ട പരിവർത്തനമാണ് യഥാർത്ഥ്യത്തിൽ ദൈവരാജ്യത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള മാനദണ്ഡം

കർത്താവ് ഓർമ്മിപ്പിക്കുന്നു സ്വയം നീതീകരണത്തടവറയിൽ നിന്ന് പുറത്ത് വരുകയും, മനസ്സ് രൂപാന്തരപ്പെട്ട് ദൈവരാജ്യഅനുഭവത്തിൽ നിലനിൽക്കുന്നതിന് ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. ●

## ശുഭചിന്തകൾ

**എല്ലാവരും സ്വപ്നങ്ങൾ കാണും,**
**ചുരുക്കം ചിലർ ഒരേ സ്വപ്നം**
**വീണ്ടും വീണ്ടും കാണും.**
**എന്നിട്ടത് ജീവിച്ചു ലോകത്തിനു**
**കാട്ടിക്കൊടുക്കും.**

*കവിത*

# ജീവിതത്തിൽ തീരുമാനം എടുക്കാൻ പറ്റുന്നില്ലേ?

**ജയ്നമ്മ മർക്കോസ്**
**നടുവിലേപറമ്പിൽ, കുഴിമറ്റം**

ജീവിത സഖിയായ കർത്തനിൽ നീ
ജീവിതം പൂർണ്ണമായി ഏല്പിച്ചിട്ട്
സന്തോഷ സന്താപം പങ്കു വെച്ചാൽ
ജീവിതം കർത്തൻ ഏറ്റെടുക്കും
രാപകലില്ലാതെ കർത്തനെ തേടി
ഉള്ളിലെ അഗ്നി ജ്വലിപ്പിക്കുക
ആത്മാവിനായി ദാഹിക്കുമ്പോൾ
ആത്മശക്തി ലഭിച്ചിടുമേ
ഉയിർപ്പിന്റെ സന്ധ്യയ്ക്ക് കർത്തൻ തന്റെ
ശിഷ്യരെ തേടി എത്തിയപ്പോൾ
ശിഷ്യരുടെ മേൽ റൂഹായെ ഊതിയിട്ടും
ശിഷ്യർക്ക് പേടി മാറിയില്ല
നാല്പതു നാളോളം കൂടെ നടന്നു
ദൈവിക മർമ്മം പഠിപ്പിച്ചയീശൻ
ഉയരത്തിൽ നിന്നും ശക്തി ലഭിക്കാൻ
ഒരു മനസ്സോടെ പ്രാർത്ഥിക്കാൻ കല്പിച്ചു
ഉള്ളിലെ ആവിയെ ഉദ്ധരിക്കാൻ
കുമ്പസാരക്കൂട്ടിലെത്തിയിട്ട്
ഉള്ളിലെ പാപം കഴുകിക്കൊണ്ട്
ആത്മശക്തിയ്ക്കായി പ്രാർത്ഥിക്കുവിൻ
മടുത്തുപോയ, മരവിച്ചുപോയ
മക്കളിൽ ആവി നിറച്ചീടുക
ഉള്ളിലെ ചാരം തട്ടിക്കളഞ്ഞ്
വീണ്ടും ജീവൻ നൽകിടുക.
ദൈവത്തെ സാക്ഷിക്കാൻ ശക്തി വേണം
മുട്ടുന്നു നാഥാ തുറക്കൂ നാഥാ
നിന്നുടെ ജ്ഞാനം നൽകിടുക
എരിവോടെ നിന്നെ സ്തുതിച്ചിടട്ടേ
ലോകം എനിക്ക് യോഗ്യമല്ല
ലോകം ജയിക്കാൻ ശക്തി നൽകൂ
ലോക മോഹങ്ങളിൽപ്പെട്ടിടാതെ
തലമുറയെ കാത്തു സൂക്ഷിക്കുക.
യാചിക്കുന്നു നാഥാ യാചിക്കുന്നു
തേടുന്ന നാഥാ തേടുന്നു ഞാൻ
നിന്നിലെ സന്തോഷം അനുഭവിക്കാൻ
ഹൃദയത്തിൻ വാതിൽ തുറന്നു തരൂ!
പരിശുദ്ധ അമ്മേ പരിശുദ്ധന്മാരേ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ
പരിശുദ്ധ ആവി ലഭിച്ചുകൊണ്ട്
പരിശുദ്ധ തോഴരായി തീർന്നിടട്ടെ
മണിയറ വാതിൽ ഒരുക്കിക്കൊണ്ട്
കർത്തൻ ഞങ്ങൾക്കായി കാത്തിരിപ്പൂ
കർത്തനൊടൊത്തു ജീവിക്കുവാൻ
ജീവിതം പൂർണ്ണമായി സമർപ്പിക്കുന്നു.
കളങ്കം, മാലിന്യ മേശീടാതെ
ഈ ലോക ജീവിതം ജയിച്ചു മടങ്ങാൻ
നിന്നുടെ കാന്തയായി തീർന്നിടുവാൻ
കാരുണ്യവാനേ എന്നിൽ നിറയൂ!
കർത്തനോടൊത്തു ജീവിക്കുമ്പോൾ
കാര്യത്തിൻ തീരുമാനം കൈവരിക്കും
ആത്മശക്തി ലഭിച്ചുകൊണ്ട്
ഉത്തമ സാക്ഷിയായി തീർന്നിടുമേ! ●




# മുന്തിരിങ്ങ പുളിക്കും

കുറുക്കന് നല്ല വിശപ്പുണ്ടായിരുന്നു. ദാഹവും സഹിക്കുക വയ്യ. തിന്നാൻ എന്തു കിട്ടുമെന്നു കണ്ണോടിച്ചു നടക്കെ അവൻ വിചാരിച്ചു. 'കുറുക്കനെ കണികണ്ടാൽ ബഹുവിശേഷമാണെന്നു മനുഷ്യർ പറയും. പക്ഷേ കുറുക്കനായ ഞാൻ ഏതു കിറുക്കൻ നായയെയാണാവോ കണികണ്ടിരിക്കുക? അടുത്തകാലത്തൊന്നും ഇങ്ങനെ ഒരവസ്ഥ തനിക്ക് ഉണ്ടായിട്ടില്ല'.

ഇതിനിടയിൽ കുറുക്കൻ ഒരു മുന്തിരിത്തോട്ടത്തിലെത്തി. പഴുത്ത മുന്തിരിക്കുലകൾ എങ്ങും തൂങ്ങിക്കിടക്കുന്നു. എന്തൊരു നല്ല കാഴ്ച!

താൻ നേരത്തെ ചിന്തിച്ചതൊക്കെ തെറ്റായിപ്പോയി. ശകുനം അത്ര മോശമല്ലെന്നും തോന്നുന്നു. ഈ മുന്തിരിക്കുലകൾ പറിച്ചെടുത്തു വിശപ്പും ദാഹവും മാറ്റാമല്ലോ.

പക്ഷേ, അടുത്തെത്തിയപ്പോഴാണ് തനിക്ക് ഉയരം പോരാ എന്നു തോന്നിയത്. സാരമില്ല. ചാടിപ്പിടിക്കാവുന്നതേയുള്ളൂ. എല്ലാ മുന്തിരിക്കുലകളുടെയും ചുവട്ടിലൂടെ നടന്ന് അവൻ ഉയരം നോക്കി. ഒടുവിൽ അധികം ഉയരത്തിലല്ലെന്നു തോന്നിയ ഒരു മുന്തിരിക്കുലയുടെ ചുവട്ടിൽ നിന്നുകൊണ്ട് അവൻ മേൽപ്പോട്ടുചാടി.

കൈ എത്തിയില്ല. വീണ്ടും ചാടി കുറെ പുറകോട്ടു പോയി, ഓടി വന്ന ശക്തിയോടെയും ചാടി നോക്കി. പക്ഷെ, കുലയിൽ ഒന്നു തൊടാൻ പോലും കഴിഞ്ഞില്ല.

ദുഃഖത്തോടെ പിന്തിരിഞ്ഞു നടക്കാൻ കുറുക്കൻ തീരുമാനിച്ചു എങ്കിലും അവൻ മുന്തിരിക്കുലയെ നോക്കി ഇങ്ങനെ പറഞ്ഞു.

എനിക്ക് മുന്തിരിങ്ങ തിന്നാൻ കൊതിയൊന്നും ഇല്ല. അതിന്റെ നിറം ശരിയായൊന്നു കാണാനാണ് ഞാൻ ചാടി നോക്കിയത്. ഈ നിറത്തിലുള്ള മുന്തിരിങ്ങ വല്ലാതെ പുളിക്കും!

***ആഗ്രഹിച്ചത് കിട്ടാതെ വരുമ്പോൾ ചിലർ അതിനെ നിന്ദിച്ചു പറയും.***

*കൊച്ചേട്ടൻ*

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. വി. സഭയുടെ ലക്ഷണങ്ങൾ എന്തെല്ലാം?
2. കാതോലികം എന്ന പദത്തിന്റെ അർത്ഥമെന്ത്?
3. വി. സഭയിൽ അംഗത്വം ലഭിക്കുന്ന കൂദാശ?
4. സഭയുടെ പ്രവർത്തന ലക്ഷ്യം എന്ത്?
5. സഭയുടെ ഏഴു ആരാധന ഘട്ടങ്ങൾ ഏവ?
6. കൂദാശ എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?
7. സ്ഥിരമായ വരപ്രസാദം നൽകുന്ന കൂദാശകൾ ഏവ?
8. ആത്മാവിൽ മരിച്ചവർക്കുള്ള കൂദാശകൾ ഏവ?
9. കൃപ മാത്രമല്ല കൃപയുടെ ദാതാവിനെ തന്നെ ലഭിക്കുന്ന കൂദാശ?
10. മാമോദീസായിൽ നിന്നും ലഭിക്കുന്ന വരപ്രസാദങ്ങൾ ഏതെല്ലാം?

**ജൂൺ മാസത്തിലെ ഉത്തരങ്ങൾ**

1. ജൂൺ 29
2. എ.ഡി. 37
3. അന്ത്യോഖ്യായിൽ വച്ച്
4. മർക്കോസിന്റെ മാളിക
5. നിഖ്യാ സുന്നഹദോസ്, കുസ്തന്തിനോസ് പോലീസ് സുന്നഹദോസ്, എഫേസോസ് സുന്നഹദോസ്
6. അറിയോസ്
7. ഈയാവാനിസ്
8. പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ
9. ക്നായിത്തോമ്മ
10. നീറോ



# യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**സെൽഡ സിജു, വെള്ളൂത്തുരുത്തി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**സുബി, കോട്ടയം**

**ഒരു വിശ്വാസി, കോട്ടയം**

**ജിനിൽ ജോസഫ്**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, മഴുക്കീർ**

## 1 – ാം ചരമവാർഷികം

25 – 07 – 2023



Advt - O

### ജയിംസ് ജോർജ് (അനിയൻ)

പുത്തൻപുരയ്ക്കൽ, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

22 – 07 – 2023



Advt - O

### ജയ്നമ്മ മാത്യു (89)

കൊച്ചുമുറ്റത്തു, തുരുത്തിക്കാട്, മല്ലപ്പള്ളി

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## Third Death Anniversary

28 – 07 – 2023



### T.T.KURIAN (KURIAKOCHAN)

THUNDIYIL HOUSE, PETTAH,
TRIVANDRUM

You will be always in our hearts. Miss you deeply.

Sorrowing family and friends

## 1 – ാം ചരമവാർഷികം

20 – 07 – 2023



### ഏലിയാമ്മ ചാക്കോ

കുന്നേലായ കാരിയിൽ, കുറിച്ചി

*സന്തപ്ത കുടുംബാംഗങ്ങൾ*



## 11 –ാം ചരമവാർഷികം
15 – 08 – 2023

### ഷിജു ജേക്കബ്
**മണക്കാലായിൽ, കുറ്റൂർ, തിരുവല്ല**

*"മറന്നു പോവില്ല ഞങ്ങൾ*
*ജീവനുള്ള കാലമത്രയും*
*കരയാതിരിക്കില്ല ഞങ്ങൾ*
*കണ്ണീരുള്ള കാലമത്രയും"*

*ഭാര്യ – ബീന ഷിജു*
*മകൾ – അനീക ഷിജു*

*മണക്കാലായിൽ & മണലേൽചിറയിൽ*
*കുടുംബാംഗങ്ങൾ*

Advt - O

## 3 –ാം ചരമവാർഷികം
29 – 07 – 2023



### എൽസമ്മ ജേക്കബ്
**കോവൂർ,**
**തോട്ടമൺ, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 9 –ാം ചരമവാർഷികം
01 – 08 – 2023



### തങ്കമ്മ മാത്യു
**പുല്ലാട്ട്, ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

# സ്വർഗ്ഗീയയാത്ര ഒന്നാം വർഷം

**16-07-2023**



## കെ.കെ.ജോസഫ്

**[കുഞ്ഞുമോൻ സാർ], കാവുകൽ, റാന്നി**

**[Rtd. HM.MT Corporate Schools,**
**& President PJT Trust & Public Library]**

**മൺമയനായ ആദാമിന്റെ മക്കൾക്കു പുനരുത്ഥാനം**
**വാഗ്ദാനം ചെയ്ത മിശിഹാ, നിന്നിലുള്ള**
**പ്രത്യാശയോടുകൂടെ വാങ്ങിപ്പോയ നിന്റെ ദാസനെ**
**കരുണാപൂർവ്വം ജീവൻ നൽകി ഉയിർപ്പിക്കണമേ.**
**നിന്നിലുള്ള പ്രത്യാശയോടും നിന്റെ**
**കരുണയെക്കുറിച്ചുള്ള ഉറപ്പോടുംകൂടെ വാങ്ങിപ്പോയ**
**ഈ ദാസനോടു നിന്റെ മഹത്വപ്രത്യക്ഷതയുടെ**
**ദിവസത്തിൽ കൃപയുണ്ടാകണമേ.**

Advt - O

## 11 – ാം ചരമവാർഷികം

13 – 07 – 2023



Advt -O

## Mrs. ALEYAMMA PUNNOOSE (ലീലാമ്മ)

ഇഞ്ചവേലിത്തറ, പേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 4 – ാം ചരമവാർഷികം

03 – 08 – 2023



Advt - O

## വി.എ. ഇസ്രായേൽ

വേലൂകിഴക്കേതിൽ, കുറ്റൂർ, തിരുവല്ല

*സന്തപ്ത കുടുംബാംഗങ്ങൾ*

| 20 – ാം ചരമവാർഷികം | 13 – ാം ചരമവാർഷികം |
|---|---|
| 19 – 02 – 2023 | 28 – 07 – 2023 |





**അമ്മിണി തോമസ്** | **റ്റി. സി. തോമസ്** (കുഞ്ഞുമോൻ)

കൈപ്പുഴ മുള്ളാനിൽ
സീതത്തോട്

Advt - S

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 – ാം ചരമവാർഷികം

11 – 07 – 2023



Advt -S

## ലീലാമ്മ കുറിയാക്കോസ്

ഇടശ്ശേരിൽ, തോട്ടമൺ, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 – ാം ചരമ വാർഷികം

27 – 07 – 2023



## വത്സമ്മ മാത്യു

മുക്കടയിൽ, കുറ്റൂർ, തിരുവല്ല

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 4 – ാം ചരമവാർഷികം

19 – 07 – 2023




ചെറുവട്ടക്കാട്ട്, ഐത്തല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 2 – ാം ചരമവാർഷികം

3 – 07 – 2023



## Valsamma Chacko

Kodinjupallathu, Kurichy

## 26 – ാം ചരമവാർഷികം

3 – 07 – 2023



## Jacob George

Died on 03-07-1997

Kaitharam, Vennikulam

By Sorrowing Family

Advt -O

## 2 – ാം ചരമവാർഷികം

27 – 07 – 2023



Advt -O

## സുനിൽ പി. പി.

പനച്ചിമൂട്ടിൽ, വാകത്താനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## വേർപാടിന്റെ 8 – ാം വാർഷികസ്മരണ

09 – 08 – 2023



Advt - O

## ലില്ലിക്കുട്ടി അലക്സ്

(അന്നമ്മ ടീച്ചർ)

തെക്കുംതറ, ശ്രീകാര്യം, തിരുവനന്തപുരം

"ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ.
അതേ അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിയ്ക്കേ
ണ്ടതാകുന്നു" (വെളിപാട് 14:13)

സന്തപ്ത കുടുംബാംഗങ്ങൾ

49 – ാം
ചരമവാർഷികം
18 – 08 – 2023



## സി. കെ. മാത്യു
(പാപ്പച്ചൻ)

2 – ാം
ചരമവാർഷികം
26 – 07 – 2023



## ശോശാമ്മ മാത്യു
(കുഞ്ഞമ്മ)

5 – ാം
ചരമവാർഷികം
22 – 08 – 2023



## റ്റിറ്റിമോൻ മാത്യു

കട്ടയിൽ ചേലപ്പറമ്പിൽ,
കൊല്ലാട്, കോട്ടയം


Advt -O

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5 – ാം ചരമവാർഷികം

24 – 07 – 2023



Advt - S

## ഏബ്രഹാം മാണിക്യമംഗലം

**Manikamangalam, Puzhavathu**
**Changanassery, (Connecticut, USA)**

യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു
വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശവെച്ചുകൊൾവിൻ
1 Peter 1:13

*സന്തപ്ത കുടുംബാംഗങ്ങൾ*

## 5 – ാം ചരമവാർഷികം

07 – 07 – 2023



Advt - S

## M. Joseph (കറിയാകുട്ടി)


**Mooletharа, Aythala, Ranny**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

സന്തപ്ത കുടുംബാംഗങ്ങൾ

## 8th Death Anniversary

31 – 07 – 2023



Advt -S

## M. T. ABRAHAM


**Manimalethu, Vechoochira**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

By Sorrowing Family

## 10 – ാം ചരമവാർഷികം

16 – 08 – 2023



Advt - S

## M.M. JOSEPH (ജോസ്)

**മുളമൂട്ടിൽ, കുറ്റൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 7th Birthday in Heaven

29-07-2023



## P. O. Kuriakose

**(Thankachen Pallical)**

**Puthuparambil, Chollanal, Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## ഒന്നാം ചരമവാർഷികം

19-06-2023



## കെ. സി. സൈമൺ (അനിയൻകുഞ്ഞ്)

**ഓണാട്ട്, കോട്ടയം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 16-ാം ചരമവാർഷികം

19-07-2023



## കെ. പി. ഏബ്രഹാം

**കല്ലുകുഴിയിൽ, കവിയൂർ**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

**സന്തപ്ത കുടുംബാംഗങ്ങൾ**

Advt -S

## 5-ാം ചരമ വാർഷികം

27-07-2023



## അച്ചാമ്മ ഏബ്രഹാം

**മലേശ്ശേരിൽ, വള്ളംകുളം**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

**20th Death Anniversary**
11-09-2023



## Er. P.C. Jacob (Jacobkutty)

**1st Death Anniversary**
19-07-2023



## Chachiamma Jacob

(Retd. Teacher)
W/o Late P.C. Jacob

**Purathayil, Ennicadu**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാം എന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

---

**9th Death Anniversary**
12-08-2023



## C.O. UTHUPPAN

**1st Death Anniversary**
15-07-2023



## AMMINIKUTTY UTHUPPAN

**Chittedathu, Therittamada, Ranni**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 3 –ാം ചരമവാർഷികം

29 – 07 – 2023



Advt - S

**P.M. THOMAS (കുഞ്ഞുമോൻ)**

**Palamthara, Angadi, Ranny**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40th Day Remembrance

22-06-2023



**P. M. THOMAS**

28/01/1939 – 14/05/2023
MUKKATTU SNEHA BHAVAN, KURICHY,
KOTTAYAM.

"Gone, but never forgotten."

Advt - S

## 1 –ാം ചരമവാർഷികം

31 – 07 – 2023



**കെ.റ്റി. കുറിയാക്കോസ്**

**(കാരിയിൽ കുഞ്ഞുമോൻ)**

## 9 –ാം ചരമവാർഷികം

19 – 06 – 2023



**മോളി കുറിയാക്കോസ്**

Advt - S

**ആലഞ്ചേരിൽ, കുറിച്ചി**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

LOVING MEMORY OF PAPPA & MUMMY

16 – ാം ചരമവാർഷികം
19 – 07 – 2023

4 – ാം ചരമവാർഷികം
17 – 07 – 2023




കന്നാകുഴിയിൽ നടുക്കേതിൽ, വെസ്റ്റ് ഓതറ

TINO & MEENU (UK)

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



II[nd] Birthday in Heaven
05/08/2023

KURIAN JOSEPH
(TAMBI)


Edasseriathu Kuttoor
Hoshangabad (M.P)

"I am the resurrection and the life.
The one who believes in me will live,
even though they die"
(John 11:25)

From grieving Family & Relatives
*We miss you Apacha*

19/11/1939 - 05/08/2021

## 40th Day of Demise
**24-06-2023**




Advt -O

## N.M.Cherian
**Nedungattethu, Mazhukeer**

സന്തപ്ത കുടുംബാംഗങ്ങൾ

28 – ാം ചരമവാർഷികം
03 – 07 – 2023

14 – ാം ചരമവാർഷികം
31 – 07 – 2023





## റ്റി. സി. മാത്യു (പാപ്പച്ചൻ)

## തങ്കമ്മ മാത്യു

തേലപ്പുറത്ത്
റാന്നി

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ

## 1 – ാം ചരമവാർഷികം
23 – 07 – 2023



## പി. സി. കുറിയാക്കോസ്
എള്ളുംകാലായിൽ, വെച്ചൂച്ചിറ

Advt -O

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 1st Death Anniversary
**12-08-2023**

*(D.O.B -10-07-1924 D.O.D -12-08-2022 )*



Advt -O

## K. O. Chacko
**കണ്ടത്തിൽ കളീയ്ക്കൽ, തിരുവൻവണ്ടൂർ**

(Founder of J. H. Group of Laboratories/U.P.R Laboratory& Institutes)

"ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

കഴിഞ്ഞ ലക്കം തുടർച്ച

**കൗമാരക്കാരായ ആൺകുട്ടികൾ** (തുടർച്ച)

**വ്യക്തിത്വത്തിന് അംഗീകാരം.**

ആൺകുട്ടികൾ എന്നോ പെൺകുട്ടികളെന്നോ വ്യത്യാസമില്ലാതെ ഏല്ലാവരും എല്ലാ പ്രായത്തിലും തങ്ങളുടെ വ്യക്തിത്വത്തിന് അംഗീകാരം കിട്ടണമെന്ന് ആഗ്രഹിക്കുന്നവരാണ്. പ്രത്യേകിച്ച് ആൺകുട്ടികൾ അംഗീകാരം ലഭിക്കുവാൻവേണ്ടി ഏതറ്റംവരെയും പോകും. അതുകൊണ്ട് നാം അവരെ 'എടുത്തുചാട്ടക്കാർ' എന്നോ 'സുബോധം ഇല്ലാത്തവർ എന്നോ' വിളിച്ചേക്കും. എന്നാൽ അവരുടെ ആവശ്യം തിരിച്ചറിയുവാൻ മുതിർന്നവർക്ക് കഴിയണം. അവരുടെ വ്യക്തിത്വത്തെ മാനിക്കുകയും അതിനെ അംഗീകരിക്കുകയും ചെയ്യുകയും അത് അവർക്ക് ബോധ്യം ആകുകയും വേണം. അവർ അംഗീകരിക്കപ്പെടുന്നുവെന്ന് മനസ്സിലാകുമ്പോഴാണ് അവർ മതിപ്പിലേക്ക് വളരുന്നത്. അപ്രകാരം അവർക്ക് സ്വന്ത നിലപാടുകൾ കൈക്കൊള്ളുവാൻ സാധിക്കും. പ്രായോഗിക ജീവിതത്തിൽ സ്വന്തം കാലിൽ നിൽക്കുവാൻ ആ ബോധ്യം അവരെ പ്രാപ്തരാക്കും.

മാത്രമല്ല പരാജയത്തെ അഭിമുഖീകരിക്കുവാൻ അവർ മന:സാന്നിധ്യം കൈവരിക്കും. പരാജയവീഥിയിലൂടെ കടന്നുപോകാത്ത ഒരുവനും വിജയവീഥിയിൽ എത്തിയിട്ടില്ല. പരാജയം ഒരു അനുഭവമാണ്. ആ അനുഭവം വിജയത്തിലേക്കുള്ള വഴിയാണ്. കൗമാരപ്രായത്തിൽ അബദ്ധങ്ങളിലും വീഴ്ചകളിലും പെടാത്തവർ ആരുമില്ല. ഈ അബദ്ധങ്ങളും വീഴ്ചകളും അവരെ പരിചയസമ്പന്നരാക്കും. അതുകൊണ്ടു തന്നെ കൗമാരത്തിൽ തന്നെ പരാജയങ്ങളുടെ മുമ്പിൽ പകച്ചു നിൽക്കാതെ അവർ മുന്നോട്ട് കുതിക്കും. ഇതിന് അവരെ പ്രാപ്തരാക്കുന്നത് നാം അവരിൽ അർപ്പിക്കുന്ന വിശ്വാസമാണ്. അവരുടെ വ്യക്തിത്വത്തെ നാം അംഗീകരിക്കുന്നുവെന്നുള്ള ബോധ്യമാണ്.

പെൺകുട്ടികൾക്ക് നൽകുന്നതിനെക്കാൾ കൂടുതൽ ഉത്തരവാദിത്വങ്ങൾ ആൺകുട്ടികൾക്കാണ് നാം സാധാരണ കൊടുക്കുന്നത്. കാരണം നാം അവരിൽനിന്നും കൂടുതൽ പ്രതീക്ഷിക്കുന്നുണ്ട്. അവരിൽ അത് വിജയിക്കണമെങ്കിൽ നാം അവരുടെ വ്യക്തിത്വത്തെ അംഗീകരിക്കണം. ജോജോ ഇടയ്ക്ക് കയറി.

"അച്ചോ", ഞാൻ എന്റെ ഒരു അനുഭവം പറയാം."

ശരി അങ്ങനെയാകട്ടെ.

"അച്ചോ ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു ബാഗിൽ കുറച്ചു പണം തന്നുകൊണ്ട് തിരുവനന്തപുരത്തുള്ള പപ്പായുടെ സുഹൃത്തിന് നൽകുവാനായി അയച്ചു. ഏകദേശം 30 വർഷങ്ങൾക്കു മുമ്പാണ്. പതിനായിരം രൂപ എന്നെക്കൊണ്ടു തന്നെ എണ്ണിപ്പിച്ചു. സുഹൃത്തിന്റെ അഡ്രസ്സും തന്നു. യാത്രാചിലവും തന്നു. എന്നെ ഞങ്ങളുടെ വീട്ടിൽനിന്നും ബസ് കയറ്റി വിട്ടു. മൂന്ന് ബസ്സുകൾ കയറിയിറങ്ങിയാലെ ഞങ്ങളുടെ നാട്ടിൽനിന്നും തിരുവനന്തപുരത്ത് എത്തുകയുള്ളു. സത്യത്തിൽ എനിക്ക് അല്പം ഭയയുണ്ടായിരുന്നു. ആദ്യമായിട്ടാണ് തനിയെ ഇത്രയും ദൂരം യാത്ര ചെയ്യുന്നത്. എങ്കിലും ധൈര്യം അവലംബിച്ച് ഞാൻ പോയി. കയറേണ്ട ബസും എത്തേണ്ട സ്ഥലവും കൃത്യമായി പപ്പ പറഞ്ഞിരുന്നു. ഞാൻ വളരെ സുക്ഷ്മതയോടെ കൈകാര്യം ചെയ്തു. സുഹൃത്തിനെ കണ്ടെത്തി പണം കൊടുക്കുകയും അതുപോലെ തന്നെ തിരികെ യാത്ര ചെയ്യുകയും ചെയ്തു. സന്ധ്യക്ക് മുമ്പ് ഞാൻ വിജയശ്രീലാളിതനായി വീട്ടിൽ എത്തി."

എന്നെ എല്ലാവരും അനുമോദിച്ചു. പപ്പ എന്നിൽ അർപ്പിച്ച വിശ്വാസം പിന്നീട് എന്നെ ഉത്തരവാദിത്വമുള്ള ഒരു പൗരനായിത്തീരുവാൻ സഹായിച്ചു. ഇന്ന് എനിക്ക് ഏതു കാര്യം ചെയ്യുന്നതിനും ഉള്ള ധൈര്യം ഉണ്ട്. എന്റെ പപ്പ തന്ന ധൈര്യം. അക്കാലത്ത് പതിനായിരം രൂപ ഒരു വലിയ തുകയായിരുന്നു. ഒരു പതിനഞ്ചുകാരന് കൊണ്ടു നടക്കാൻ കഴിയുന്ന തുകയിലും വലിയ തുക. എങ്കിലും എന്റെ പപ്പ എന്നിൽ അർപ്പിച്ച വിശ്വാസം എത്ര വലിയതാണ്. ഇന്ന് ഏത് വലിയ ഉത്തരവാദിത്വങ്ങളും ഞാൻ ഏറ്റെടുക്കുവാൻ പ്രാപ്തനാണ്.

ജോജോയുടെ സാക്ഷ്യം എല്ലാവരെയും അതിശയിപ്പിച്ചു. എല്ലാവരും ഒരു നല്ല കൈയ്യടി നൽകി. അച്ചൻ പറഞ്ഞു.

തീർച്ചയായും ജോജോയുടെ പപ്പ ഒരു റോൾ മോഡൽ തന്നെ. ഒരു കൗമാരക്കാരൻ ഇന്ന് ധൈര്യശാലിയായ പൗര

നായതിന്റെ എല്ലാ ക്രെഡിറ്റും പപ്പയ്ക്കാണ്. ജോജോയുടെ പപ്പായെപോലെയാകണം മാതാപിതാക്കൾ. മക്കളെ വിശ്വസിക്കണം അവരുടെ വ്യക്തിത്വത്തെ അംഗീകരിക്കണം. അപ്പോൾ മാത്രമെ ഉത്തരവാദിത്വമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയൂ.

കൗമാരത്തിൽ പരാജയം രുചിച്ചിട്ടില്ലാത്ത ആരുമില്ല. പ്രത്യേകിച്ച് എടുത്തു ചാട്ടക്കാരായ ആൺകുട്ടികൾ. അതുകൊണ്ടുതന്നെ ചില സാമൂഹിക രാഷ്ട്രീയ സംഘടനകൾ കൗമാരക്കാരെ അവരുടെ ചട്ടുകങ്ങളായി ഉപയോഗിക്കുന്നുണ്ട്. കേട്ടില്ലെ "കുട്ടിക്കുരങ്ങനെകൊണ്ട് ചൂടു ചോറ് വാരിക്കുന്നു" എന്ന്. അവർ ചെയ്ത തെറ്റുകളും അബദ്ധങ്ങളുമൊക്കെ അവരെ രൂപപ്പെടുത്തുവാൻ സഹായിക്കും. തെറ്റുകളെ തിരുത്തുവാനും പുതിയ കണ്ടെത്തലുകൾ കണ്ടെത്തുവാനും അവരുടെ കൗമാരകാലം സഹായിക്കും. അവരെ വിമർശിച്ചും കുറ്റപ്പെടുത്തിയും അവരുടെ ആത്മവിശ്വാസം കെടുത്തിക്കളയരുത്. അവരെ അംഗീകരിക്കാത്തവരെ അവർ അകറ്റി നിർത്തും. പിന്നീട് നാം എന്ത് ഉപദേശിച്ചാലും അവർ സ്വീകരിക്കില്ല.

പെൺകുട്ടികളെപ്പോലെ ആൺകുട്ടികളെ അത്ര എളുപ്പത്തിൽ മെരുക്കുവാൻ കഴിയില്ല. പെൺകുട്ടികൾക്ക് ആൺകുട്ടികളെക്കാൾ വിരുതുണ്ട്. അതുകൊണ്ടുതന്നെ അവർക്ക് സ്വീകാര്യതയും കൂടുതലാണ്. രജനി പറഞ്ഞു.

"അച്ചോ ഞാനൊരു കാര്യം പറയട്ടെ."

"ആയിക്കോട്ടെ." അച്ചൻ പറഞ്ഞു.

"അച്ചോ, എനിക്ക് രണ്ട് പെണ്ണും ഒരു ആണും ആണ് മക്കൾ. മോൻ അല്പം കുസൃതി കൂടുതൽ ആണ്. മൂത്തവൾക്ക് തല്ലുകൊള്ളിത്തരമുണ്ടെങ്കിലും അടികൊള്ളാതെ രക്ഷപെടാൻ അറിയാം. ഇളയവൾ കരഞ്ഞ് കാര്യം സാധിക്കും. മോൻ കുസൃതി ആയതിനാൽ അവന്റെ നേരെയുള്ള ആരോപണങ്ങളെ എതിർക്കുവാനോ തന്റെ നിരപരാധിത്വം ക്രമമായി പറയാനോ ഉള്ള വിരുതില്ല. അതിനാൽ മറ്റുള്ളവർ ചെയ്ത തെറ്റിന്റെ ഉത്തരവാദിത്വംകൂടി അവന്റെ തലയിലാകും".

ശരിയാണ് രജനി പറഞ്ഞത്. അവർ തെറ്റുകാരല്ലെങ്കിൽ അവരുടെ പേരിൽ ആരോപണം വന്നതിലുള്ള വികാരക്ഷോഭം അനിയന്ത്രിതമായിരിക്കും. അതുകൊണ്ടുതന്നെ കൃത്യമായ ഉത്തരം നൽകാൻ അവർക്ക് കഴിയാതെ വരും. അവരുടെ നിരപരാധിത്വം തെളിയിക്കുവാൻ സാധിക്കാതെ പോകും. അതാണ് അവരുടെ പ്രശ്നം.

**അഭിനന്ദനങ്ങൾക്കുവേണ്ടി കൊതിക്കുന്ന പ്രായം**

അഭിനന്ദിക്കുന്നതിൽ പിശുക്ക് കാണിക്കരുത്. കൗമാരക്കാർ ഒരു നല്ല കാര്യം ചെയ്താൽ അതിനെ അംഗീകരിക്കുവാൻ ചില മാതാപിതാക്കളും അദ്ധ്യാപകരും തയ്യാറാകുകയില്ല. എന്നാൽ അവർക്ക് അഭിനന്ദനം ആവശ്യമാണ്. അവർ അഭിനന്ദനങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. അഭിനന്ദനങ്ങൾ വഴി അവരുടെ സ്വാഭിമാനവും ആത്മവിശ്വാസവും വർദ്ധിക്കും. അവരിലെ സന്തോഷത്തിന്റെ ലെവൽ ഉയരും. അഭിനന്ദിക്കുന്ന മാതാപിതാക്കളോടൊപ്പമുള്ള അവരുടെ ജീവിതം സ്വർഗ്ഗതുല്യമായിരിക്കും. അങ്ങനെയുള്ളവർ മാതാപിതാക്കളെ സന്തോഷിപ്പിക്കുവാൻ അവർക്കിഷ്ടമുള്ള കാര്യങ്ങളൊക്കെ ചെയ്യും

**തെറ്റുകൾക്ക് മാപ്പ്**

കുറ്റബോധത്തോടെ ചെയ്ത തെറ്റിന് മാപ്പ് ചോദിക്കുന്ന കുട്ടിയോട് സ്നേഹപൂർവ്വം ക്ഷമിച്ചാൽ അവൻ പിന്നീട് ആ തെറ്റ് ആവർത്തിക്കില്ല. തെറ്റ് ചെയ്തിട്ട് അവൻ എത്തിച്ചേരുന്ന അഭയ കേന്ദ്രമാണ് വീട്. വീട് അവന്റെ അത്താണിയാണ്. മാതാപിതാക്കൾ അവന്റെ ആശ്രയവും. മാപ്പ് ചോദിക്കുന്ന മകനെ ചേർത്ത് പിടിച്ച് നെറുകയിൽ ചുംബനം ചെയ്യുന്ന മാതാപിതാക്കൾക്ക് അവൻ ദൈവത്തിന്റെ സ്ഥാനമാണ് നൽകുന്നത്. ചില മാതാപിതാക്കൾ പറയും. "ഇനിയും ആ തെറ്റ് ആവർത്തിച്ചാൽ പിന്നെ നീ ഈ വീടിന്റെ പടി കയറരുത്." അവൻ പിന്നെ എങ്ങോട്ട് പോകും വീട്ടിലേക്കല്ലാതെ. അവൻ വീട്ടിൽ വരാതിരുന്നാൽ വിഷമിക്കുന്ന മാതാപിതാക്കളല്ലെ നാം. അതുകൊണ്ട് തെറ്റുകൾക്ക് മാപ്പ് കൊടുത്താൽ കൗമാരക്കാരൻ പിന്നീട് തെറ്റ് ആവർത്തിക്കാനുള്ള സാധ്യത കുറയും.

**സ്വകാര്യത (Privacy)**

കൗമാരക്കാർക്ക് എപ്പോഴുമുള്ള ഡിമാന്റാണ് സ്വകാര്യതയും സ്വാതന്ത്ര്യവും. അവരുടെ സ്വകാര്യതയ്ക്ക് നൽകുന്ന അംഗീകാരമാണ് സ്വാതന്ത്ര്യം. അവർക്ക് അവരുടേതായ സ്വകാര്യതയുണ്ട്. അതിൽ മാതാപിതാക്കൾ അനാവശ്യമായി കടന്നു കയറരുത്. അടച്ചിട്ടിരിക്കുന്ന അവന്റെ മുറിയിൽ കതകിന് മുട്ടാതെ കയറിച്ചെല്ലരുത്. നമ്മുടെ വീടാണെങ്കിലും ഒരു മുറിയെ അവന് നൽകിയിട്ടുള്ളുവെങ്കിലും ആ മുറി അവന്റെ സ്വകാര്യ സ്വത്താണ്. ചോദിക്കാതെ അവിടെ കയറി ചെല്ലരുത്.

അവന്റെ രഹസ്യങ്ങൾ അവൻ കാത്തു സൂക്ഷിക്കുന്ന നിധിയാണ്. അവ അറിയുവാൻ വെമ്പൽ കാട്ടരുത്. അവന്റെ സ്വകാര്യതയെ നമ്മൾ ബഹുമാനിക്കണം. എന്നാൽ അവയൊക്കെ നമ്മോട് തുറന്നു പറയുവാൻ അവൻ ആഗ്രഹിക്കുന്ന സാഹചര്യം നമുക്ക് നമ്മുടെ വീട്ടിൽ സൃഷ്ടിക്കാം.

ഇപ്പോൾ സമയം മൂന്നര മണി ആയിട്ടുണ്ട്. ഒരു കാപ്പി കുടിച്ചിട്ട് തുടർന്നൊരു സെഷൻ കൂടി എടുത്ത് നമുക്ക് അവസാനിപ്പിക്കാം.

എല്ലാവരും കാപ്പിക്കുവേണ്ടി പിരിഞ്ഞു. ●


KNANAYA MERIT AWARD 2023

Applications are invited from eligible candidates for the above



Eligibility criteria

SSLC & +2 Distinction & Above
Degree & Post graduation 1st Class & Above
Phd, M Phil etc eligible candidates

Eligible canndidates please submit the copy of Marklist attested by Vicar with full Address & Mobile Number to the samudhaya office, Chingavanam.

For any clarification,
Please contact conveners:-
Jacob Thomas , Mattakattu - 9447356050
T.C.Thomas, Thoppil - 9847427709
Villy Vadamattom - 9447286716
Alichan Aronnil - 9447207280



# മല്പാനോടു ചോദിക്കാം

## വിശ്വാസപ്രമാണം എങ്ങനെ രൂപീകൃതമായി- അതിന്റെ പ്രസക്തിയെന്ത്?

**ബൈ**ബിളിലെ ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ രത്നച്ചുരുക്കമാണ് വിശ്വാസപ്രമാണം. അതിന്റെ അടിസ്ഥാനം വി.ബൈബിളാണ്. യേശു ദൈവം എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുന്നതും വായ്കൊണ്ട് ഏറ്റു പറയുന്നതുമാണ് വിശ്വാസ പ്രമാണം എന്ന് പറയാം. ഒരുവന്റെ ക്രൈസ്തവ ജീവിതം ആരംഭിക്കുന്ന വി. മാമോദീസ എന്ന കൂദാശ മുതൽ മരണംവരെ എല്ലാ യാമപ്രാർത്ഥനകളിലും ശുശ്രൂഷകളിലും കൂദാശകളിലും ഈ വിശ്വാസം നിരന്തരമായി ഒരു വിശ്വാസി ഏറ്റു ചെല്ലുന്നു. മരണാസന്നനായ ഒരാൾക്ക് ഇത് ഏറ്റു ചൊല്ലാൻ സാധിക്കാതെ വന്നാൽ അടുത്തു നിൽക്കുന്ന ബന്ധുജനങ്ങൾ ഈ വിശ്വാസ പ്രമാണം ആവർത്തിച്ച് ആ വ്യക്തിക്കുവേണ്ടി ചൊല്ലുന്നു. പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളായ പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്നീ മൂന്ന് ആളത്വങ്ങളുടെ ഏകവും എന്നാൽ വ്യത്യസ്ഥങ്ങളുമായ പ്രവർത്തനങ്ങൾ എന്ത് എന്ന് വളരെ ചുരുങ്ങിയ വാക്കുകളിൽ പ്രഖ്യാപിക്കുന്നതാണ് വിശ്വാസ പ്രമാണം

വിശ്വാസ പ്രമാണത്തിലെ ഓരോ വചനങ്ങളും ബൈബിൾ വാക്യങ്ങൾ കോർത്ത് ഇണക്കിയതാണ്. അതിൽ നാലു ഖണ്ഡികകളുണ്ട്. അതിൽ ഒന്നാമത്തെ ഖണ്ഡിക പിതാവായ ദൈവം ആരാണെന്നും, തന്റെ പ്രവർത്തനങ്ങൾ എന്താണെന്നും വളരെ ചുരുങ്ങിയ വാക്കുകളിൽ വിശദീകരിക്കുന്നു. രണ്ടാം ഖണ്ഡിക പുത്രൻ തമ്പുരാൻ ആരാണെന്നും തന്റെ മനുഷ്യാവതാര ലക്ഷ്യവും ഇപ്പോൾ എവിടെ ആയിരിക്കുന്നു എന്നും വെളിവാക്കുന്നു. മൂന്നാം ഖണ്ഡികയിൽ പരിശുദ്ധ റൂഹായുടെ അടിസ്ഥാനവും പഴയ പുതിയ നിയമങ്ങളിലെ പ്രവർത്തനവും വിശദീകരിക്കുന്നു. നാലാം ഖണ്ഡിക സ്നാനത്തെപ്പറ്റിയും പാപമോചനത്തെക്കുറിച്ചും ആദ്യ നൂറ്റാണ്ടുകളിലുണ്ടായ തർക്കങ്ങൾക്കുള്ള മറുപടിയും വരാനുള്ള ലോകത്തെക്കുറിച്ചുള്ള പ്രത്യാശയുമാണ്. ചുരുക്കത്തിൽ പരി. ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളുടെ പ്രവർത്തനങ്ങളെ നാം ആവർത്തിച്ച് ഉറപ്പിച്ചു പറയുന്നതാണ് വിശ്വാസപ്രമാണം.

**രൂപീകൃതമായ സാഹചര്യം**

എ.ഡി. 345 ൽ തുർക്കിയിലുള്ള നിഖ്യ എന്ന സ്ഥലത്തു വച്ച് കൂടിയ ആകമാന ക്രൈസ്തവ സഭയിലെ ബിഷപ്പുമാരുടെ സുന്നഹദോസിൽ വച്ചാണ് ഈ വിശ്വാസ പ്രമാണം രൂപീകൃതമായത്. അതിനാൽ ഇത് നിഖ്യാ വിശ്വാസപ്രമാണം എന്ന പേരിൽ അറിയപ്പെടുന്നു.

വി. അപ്പോസ്തോലന്മാരുടെ കാലശേഷം ആദ്യ നൂറ്റാണ്ടുകളിൽ ധാരാളം വേദവിപരീത പഠിപ്പിക്കലുകൾ സഭയിൽ ഉടലെടുത്തു. ആ നാളുകളിൽ ബൈബിൾ ക്രോഡീകരിക്കപ്പെടുകയോ ഇന്നത്തെപ്പോലെ വിശ്വാസികളുടെ കയ്യിൽ അത് ലഭിക്കുകയോ ചെയ്തിരുന്നില്ല. ക്രൈസ്തവ സഭ അക്കാലത്ത് പ്രബലമായിരുന്ന മറ്റ് ജാതിമതങ്ങളാലും രാജാക്കന്മാരാലും പീഡിപ്പിക്കപ്പെടുകയും ചിതറിക്കപ്പെടുകയും ചെയ്തിരുന്നു. സത്യവിശ്വാസത്തിൽ ഉറച്ചു നിന്നിരുന്ന അനേകർ രക്തസാക്ഷികളാകുകയും പീഡനിമിത്തം സ്വന്തദേശം വിട്ട് പലായനം ചെയ്യേണ്ട സാഹചര്യം ഉണ്ടായി. എന്നാൽ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കുസ്തന്തിനോസ് ചക്രവർത്തി യേശുവിൽ വിശ്വസിച്ചതോടുകൂടിയാണ് ക്രൈസ്തവ സഭയ്ക്ക് ആരാധന സ്വാതന്ത്ര്യം ലഭിച്ചത്.

നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അലക്സാന്ത്രിയ സഭയിലെ പണ്ഡിതനായ അറിയോസ് എന്ന പുരോഹിതൻ യേശുക്രിസ്തുവിന്റെ നിത്യതയെ ചോദ്യം ചെയ്ത് ചില പഠിപ്പിക്കലുകൾ നടത്തി. അദ്ദേഹത്തിന്റെ പ്രധാന വാദം പിതാവും പുത്രനും സമമാണന്നും പിതാവിനാൽ സൃഷ്ടിക്കപ്പെട്ട ആദ്യ സൃഷ്ടിയാണ് പുത്രൻ എന്നും ഈ ലോകം സൃഷ്ടിച്ചത് അപൂർണ്ണനായ പുത്രനാണെന്നും, പുത്രൻ ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നുവെന്നും, പിതാവും പുത്രനും തമ്മിൽ പ്രായവ്യത്യാസം ഉണ്ടെന്നും അദ്ദേഹം പഠിപ്പിച്ചു. അറിയോസിന്റെ ഈ പഠിപ്പിക്കലുകൾക്കും ധാരാളം അനുയായികൾ ഉണ്ടാവുകയും അവർ ഈ വിശ്വാസം കൂടുതൽ പ്രചരിപ്പിക്കുവാനും തുടങ്ങി. ഇന്നത്തെ റസ്സൻമതം അഥവാ യഹോവ സാക്ഷികൾ എന്നറിയപ്പെടുന്നവരൊക്കെ ഈ പഠിപ്പിക്കലുകളാണ് പ്രചരിപ്പിക്കുന്നത്.

അറിയോസിന്റെ വിശ്വാസ വിപരീത പഠിപ്പിക്കലുകൾ സത്യവിശ്വാസികളുടെ ഇടയിൽ വലിയ ആശയക്കുഴപ്പം ഉണ്ടാക്കിയപ്പോൾ കുസ്തന്തിനോസ് ചക്രവർത്തിയുടെ അദ്ധ്യക്ഷതയിൽ ആകമാന ക്രൈസ്തവ സഭയിലെ 318 പിതാക്കന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും നിഖ്യായിൽ ഒന്നിച്ചുകൂടി. അതിൽ പണ്ഡിതന്മാരായ പിതാക്കന്മാർ അനേകം ചർച്ചകൾ നടത്തി അറിയോസിന്റെ വേദവിപരീതത്തെ ബൈബിൾ അടിസ്ഥാനത്തിൽ തള്ളി ക്രോഡീകരിച്ചു തന്ന സത്യവിശ്വാസമാണ് നിഖ്യാ വിശ്വാസപ്രമാണം. കുസ്തന്തിനോസ് ചക്രവർത്തി ആറു വർഷത്തെ നോട്ടീസ് നൽകിയാണ് ഈ സുന്നഹദോസ് വിളിച്ചതെന്നും അതിൽ ഇന്ത്യയിൽനിന്ന് യോഹന്നാൻ എന്നു പേരുള്ള ഒരു ബിഷപ്പ് സംബന്ധിച്ചിരുന്നതായും ഒരു ബിഷപ്പിന് നാല് സഹായികളെക്കൊണ്ടു ചെല്ലുവാൻ അനുവാദം ഉണ്ടായിരുന്നുവെന്നും ചരിത്രം പറയുന്നു. ഈ സുന്നഹദോസിൽ കൂടുതൽ ചർച്ച ചെയ്യപ്പെട്ടത് വിശ്വാസ പ്രമാണത്തിലെ പുത്രൻ തമ്പുരാന്റെ നിത്യതയെക്കുറിച്ച് പറയുന്ന രണ്ടാം ഖണ്ഡികയാണ്. അലക്സാന്ത്രിയായിലെ 27 വയസു മാത്രം പ്രായമുള്ള അത്താനാസിയോസ് എന്ന ഒരു ശെമ്മാച്ചനാണ് പുത്രന്റെ നിത്യതയെപ്പറ്റി കൂടുതൽ ആധികാരികമായി ചർച്ചകൾക്ക് നേതൃത്വം നൽകിയത്. വിശ്വാസ പ്രമാണത്തിലെ ഒന്നാം ഖണ്ഡിക അപ്പോസ്തോലിക വിശ്വാസ പ്രമാണമായി ആദ്യ നൂറ്റാണ്ടിൽ തന്നെ ഉണ്ടായിരുന്നതാണെന്നും, മൂന്നും നാലും ഖണ്ഡികകൾ എ.ഡി. 381 ൽ കൂടിയ കുസ്തന്തിനോസ് സുന്നഹദോസുകളിൽ അതിനോട് ചേർത്ത് അംഗീകരിച്ചതാണെന്നും പറയപ്പെടുന്നു. എങ്കിലും ഇവ പൊതുവേ നിഖ്യാ വിശ്വാസ പ്രമാണം എന്ന പേരിൽ അറിയപ്പെടുന്നു.

*(തുടരും)*

# കുഴിക്കാണം

ടോമി കുറിച്ചി

എന്താണ് കുഴിക്കാണം? ഇന്നത്തെ പുതുതലമുറയ്ക്ക് ഒട്ടും പരിചിതമല്ലാത്ത ഒരു വാക്കാണ്. അത് എന്താണെന്നും കുഴിക്കാണ സമർപ്പണത്തിന്റെ ഉദ്ദേശശുദ്ധിയും ബൈബിൾ അടിസ്ഥാനത്തിൽ പരിശോധിക്കാം.

മൃതശരീരം വി.ദൈവാലയത്തിൽ അന്ത്യകൂദാശ കർമ്മങ്ങൾക്കായും ശവസംസ്ക്കാരത്തിനായും കൊണ്ടു വരുന്നു. ശുശ്രൂഷാ മദ്ധ്യേ പുരോഹിതൻ ഏവൻഗേലിയോൻ വായിച്ചശേഷം രണ്ടു പുരോഹിതന്മാർ ലുത്തിനിയ പ്രാർത്ഥന ചൊല്ലുമ്പോൾ ജനങ്ങൾ കുറിയേലായിസ്സോൻ എന്ന് ആവർത്തിച്ചു പറയുന്നു. ഈ അവസരത്തിൽ മരിച്ച വ്യക്തിയുടെ ആദ്യജാതൻ മൂത്തപുത്രൻ മദ്ബഹായുടെ മുൻപിൽ ഭണ്ഡാരത്തിൽ ഒരു വെള്ളി രൂപ (ഇന്ന് തുകയ്ക്ക് വ്യത്യാസം) നേർച്ച സമർപ്പിച്ചശേഷം കുരിശുവരച്ച് മൂന്നു പ്രാവശ്യം കുമ്പിടുന്നു. ഈ ആചാരം സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ അനുഷ്ഠിച്ചു വരുന്നു ഇതിന് കുഴിക്കാണം എന്നാണ് പറയപ്പെടുന്നത്.

ഈ കർമ്മം എപ്പോഴാണ് നടത്തേണ്ടതെന്ന് പലർക്കും അറിയില്ല. പ്രത്യേകിച്ച് പുതുതലമുറയ്ക്ക്. ഏവൻഗേലിയോൻ വായനയ്ക്കുശേഷം പുരോഹിതന്മാർ മാറി മാറി അപേക്ഷ ചൊല്ലുകയും ജനങ്ങൾ കുറിയേലായിസ്സോൻ എന്ന് പറയുന്ന അവസരത്തിലാണ് ഈ കർമ്മം നിർവ്വഹിക്കേണ്ടതെന്ന വസ്തുത എല്ലാ ദൈവമക്കളും അറിഞ്ഞിരിക്കേണ്ടതാണ്. പഴമക്കാർ ഈ അവസരത്തിൽ ഉത്തരവാദപ്പെട്ട മകനെ ഓർമ്മിപ്പിച്ച് ഈ കർമ്മം നടത്താൻ പറഞ്ഞയക്കുന്ന സ്ഥിതിവിശേഷമാണ് സാധാരണ കണ്ടുവരാറുള്ളത്. ഇനി ഈ കർമ്മം എന്തിന് അനുഷ്ഠിക്കുന്നു എന്ന് പരിശോധിക്കാം.

കാണം വിറ്റും ഓണം ഉണ്ണണം എന്നൊരു പഴഞ്ചൊല്ല് നമുക്കു സുപരിചിതമാണ്. കാണം എന്നാൽ ഭൂമി. കുഴിക്കാണം എന്നാൽ കുഴിഭൂമി എന്നാണർത്ഥം. മരിച്ച വ്യക്തിയെ സംസ്ക്കരിക്കാൻ ആറടി മണ്ണ് അഥവാ ഭൂമി എന്നാണ് വിവക്ഷിക്കുന്നത്. ദൈവാലയത്തിലെ ശവക്കോട്ടയിൽ മരിച്ച വ്യക്തിയെ സംസ്ക്കരിക്കാനുള്ള ആറടി ഭൂമിയ്ക്കായ് നൽകുന്ന പണമാണ് അവകാശി കുമ്പിടുന്നതിന് മുൻപ് നേർച്ച ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നത്. ആ വ്യക്തിക്കായി ഭൂമി വിലയ്ക്കു വാങ്ങുന്നു. ആദിമകാലങ്ങളിൽ ആറടിമണ്ണ് കുഴിച്ചാണ് സംസ്ക്കരിച്ചിരുന്നത്. സ്ഥലം ദൈവാലയവകയായതിനാൽ വസ്തുവിന്റെ വില നേർച്ചപ്പെട്ടിയിൽ മൂത്തപുത്രൻ സമർപ്പിക്കുന്നു.

ഇതിന് ബൈബിൾ അടിസ്ഥാനമായി ഒരു പാരമ്പര്യമുണ്ട്. നമ്മുടെ ഗോത്രപിതാവായ അബ്രഹാം തന്റെ ഭാര്യ സാറായെ സംസ്ക്കരിക്കുവാൻ ഹിത്യനായ എഫ്രോനോട് മക്പേലാ നിലവും അതിലെ ഗുഹയും 400 ശേക്കൽ വെള്ളി നൽകി ശ്മശാന സ്ഥലം അവകാശമായി വിലയ്ക്കു വാങ്ങുന്നു. ഉല്പ. 23 ൽ വളരെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ഹിത്യനായ എഫ്രോ ദാനമായി നൽകാൻ തയ്യാറായെങ്കിലും അബ്രഹാം അത് നിരസിക്കുകയും വിലയ്ക്കു വാങ്ങുകയുമാണ് ചെയ്തത്. തന്റെ ഭാര്യയായ സാറായെ സംസ്ക്കരിക്കുന്നത് വിലയ്ക്കു വാങ്ങിയ മക്പേലാ നിലത്തിലെ ഗുഹയിലാണ് ശ്മശാനസ്ഥലം. അബ്രഹാം വിലയ്ക്കു വാങ്ങിയതിന്റെ പാരമ്പര്യ അടിസ്ഥാനത്തിലാണ് നാമും കുഴിക്കാണം നൽകുന്നത്.



രണ്ടാമതായി മരിച്ചുപോയ വ്യക്തിയ്ക്ക് ദൈവാലയ സംബന്ധമായി നേർച്ച കാഴ്ചകൾ നൽകുവാൻ സാധിക്കാതെ പോയിട്ടുണ്ടെങ്കിൽ അതിന്റെ പ്രായശ്ചിത്തമായി നേർച്ചയിട്ട് പാപമോചനത്തിനായി അനന്തരാവകാശികൾ കുമ്പിട്ടു പ്രാർത്ഥിക്കുന്നു. 2 മക്കാബി.12: 39-45 വരെ വാക്യങ്ങളിൽ മരിച്ചുപോയവരുടെ പാപപരിഹാർത്ഥം അവർക്ക് പാപമോചനം കിട്ടുവാൻ യൂദാ മക്കാബിയൻ യെരുശലേമിലേയ്ക്ക് പണം അയച്ചു കൊടുക്കുന്ന സംഭവം വിവരിച്ചിട്ടുണ്ട്.

മൂവായിരം വെള്ളി പിരിച്ചെടുത്ത് യുദ്ധത്തിൽ ഹതരായവർക്കുവേണ്ടി പാപപരിഹാര ബലി അർപ്പിക്കുവാനായി അദ്ദേഹം അതു യരുശലേമിലേയ്ക്ക് അയച്ചുകൊടുത്തു. "പുണ്യത്തോടെ നിദ്രപ്രാപിക്കുന്നവർക്കു ഉണ്ടാകാനിരിക്കുന്ന പ്രതിഫലത്തേയും പ്രത്യാശയേയും ആശ്വാസത്തേയും അദ്ദേഹം നോക്കിക്കണ്ടു. അതു മൂലമാണ് മരിച്ചവർക്ക് പാപമോചനം ലഭിപ്പാൻ അവർക്കുവേണ്ടി പാപപരിഹാര കർമ്മം നടത്തുവാൻ അദ്ദേഹം പണമയച്ചുകൊടുത്തത്" (2 മക്കാ. 12:45).

മരിച്ചുപോയ വ്യക്തി ചെയ്തുപോയിട്ടുള്ള അപരാധങ്ങൾ ക്ഷമിച്ച് പാപപരിഹാരത്തിനും വേണ്ടിയാണ് ദൈവാലയങ്ങളിൽ പണം നിക്ഷേപിച്ച് കുമ്പിട്ട് പ്രാർത്ഥിക്കുന്നത്. കുമ്പിടുമ്പോൾ ആ വ്യക്തിയുടെ പാപമോചനത്തിനായി പ്രാർത്ഥിക്കുവാനും മറക്കരുത്. അത് മക്കളുടെ കടമയും കർത്തവ്യവുമാണ്. 42-ാം വാക്യത്തിൽ "ഇതു നിമിത്തമായി അന്ത്യം വരുത്തുന്ന പാപമായി അവരുടെ പേരിൽ എഴുതപ്പെടരുതേ എന്ന് ജനമെല്ലാം ദൈവത്തോട് കരഞ്ഞപേക്ഷിച്ചു" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഓർക്കുക

വിവാഹിതയായ ഒരു സ്ത്രീയാണ് മരിക്കുന്ന വ്യക്തിയെങ്കിൽ അവരുടെ മിന്നുമാലയിലെ മിന്ന് നേർച്ചപെട്ടിയിൽ നിക്ഷേപിക്കുന്നു. എല്ലാ കർമ്മങ്ങൾക്കും അടിസ്ഥാനം വി.വേദപുസ്തകമാണ്.

# രോഗികളുടെ വി. തൈലാഭിഷേകം

ലീലാമ്മ ഏബ്രഹാം പാലകുടി, കുഴിമറ്റം

ഇതിലേക്കു കടക്കുന്നതിനു മുമ്പായി വി. കൂദാശകൾ എന്തെന്ന് നോക്കാം. കൂദാശ എന്ന വാക്കിന്റെ അർത്ഥം വിശുദ്ധീകരണം എന്നാണല്ലോ. മനുഷ്യ ബുദ്ധിയ്ക്ക് ഗ്രഹിക്കാൻ പ്രയാസമെന്നർത്ഥത്തിൽ സുറിയാനി സഭ കൂദാശയെ രഹസ്യം എന്നു പറയുന്നു. അദൃശ്യമായ ദൈവകൃപയുടെ ദൃശ്യമായ കർമ്മങ്ങളാണ് കൂദാശകൾ എന്ന് അഗസ്തീനോസ് പറഞ്ഞിരിക്കുന്നു. കർത്താവ് സ്ഥാപിച്ച് അപ്പസ്തോലന്മാരെ ഭരമേല്പിച്ച സ്വീകരണ കൂദാശയിലെ ഏഴാമത്തെ വി. കൂദാശയാണ് രോഗികളുടെ വി. തൈലാഭിഷേകം.

ഈ കൂദാശ നടത്തുവാനുള്ള അധികാരം ആർക്കാണെന്നു നോക്കാം. ശ്ലൈഹിക പിൻതുടർച്ചയുള്ള കൈവെയ്പ്പു ലഭിച്ച പുരോഹിതന്മാർക്കാണ് ഈ കൂദാശ നടത്തുവാനുള്ള അധികാരം ലഭിച്ചിട്ടുള്ളത്.

**1. യാക്കോബ് (5:13–15).** നിങ്ങളിൽ കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. സുഖം അനുഭവിക്കുന്നവൻ പാട്ടു പാടട്ടെ. നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേല്പിക്കും അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും.

**2. മർക്കോസ് 6:13.** ശ്ലീഹന്മാർ ഭൂതങ്ങളെ പുറത്താക്കുകയും അനേകം രോഗികൾക്ക് എണ്ണ തേച്ച് സൗഖ്യം വരുത്തുകയും ചെയ്തു.

ഈ രണ്ടു സന്ദർഭങ്ങളിലും രോഗികളെ എണ്ണ തേച്ച് സൗഖ്യപ്പെടുത്തുന്നതായി കാണുന്നു. അതുപോലെ ഇത് ചെയ്തതാരാണെന്നും, അത് ചെയ്യാനുള്ള ആത്മീക അധികാരം അവർക്കുണ്ടായിരുന്നു എന്നും വളരെ വ്യക്തമായി കാണാൻ സാധിക്കുന്നു.

ഇനിയും ഇതിന് ഉപയോഗിക്കുന്ന തൈലം ഏതെന്നു കൂടി നോക്കാം. വി. മാമോദീസായ്ക്കുള്ള സൈത്തും വി. തൈലാഭിഷേകത്തിനുള്ള സൈത്തും വ്യത്യസ്ഥ ശുശ്രൂഷകൾ നടത്തിയാണ് വിശുദ്ധീകരിക്കുന്നത്. സഭയിലെ മേല്പട്ടക്കാരാണ് സൈത്ത് കൂദാശ ചെയ്യുന്നത്. ഇത് ഒലിവിൽ നിന്നും എടുക്കുന്ന എണ്ണയാണ്. രോഗികളുടെ ആത്മാവിന്റെയും ശരീരത്തിന്റെയും സൗഖ്യത്തിനായിട്ടുള്ള ശുശ്രൂഷയാണ് ഇത്.

**3. ഇനിയും തൈലാഭിഷേകം നടത്തുന്നത് എങ്ങനെയാണെന്നു നോക്കാം.**

രോഗസൗഖ്യത്തിനായി പട്ടക്കാരൻ രോഗിയുടെ തലയിൽ കൈവച്ചു പ്രാർത്ഥിക്കുന്നു. ഈ സമയത്ത് രോഗിയ്ക്ക് തന്റെ പാപങ്ങൾ പട്ടക്കാരനോട് ഏറ്റു പറയുവാനുള്ള അവസരമുണ്ട്. വിശുദ്ധീകരിക്കപ്പെട്ട തൈലം പുരോഹിതൻ വലത്തു കൈയ്യുടെ തള്ളവിരൽ കൊണ്ട് രോഗിയുടെ നെറ്റി, നെഞ്ച്, കാൽമുട്ടുകൾ, കൈപ്പത്തികൾ, കണ്ണ്, മൂക്ക്, ചെവി,നാവ്, കാൽപ്പത്തികൾ അവസാനം നാഭിതടത്തിലും, റൂശ്മ ചെയ്ത് പുരട്ടുന്നു. അവസാനം വിശുദ്ധ കുർബ്ബാന കൊടുക്കുന്നു.

ഇനിയും അന്ത്യകൂദാശ അഥവാ ഉപ്പുറൂശ്മാ എന്നു തെറ്റായി ഈ കൂദാശയെ പറയുന്നതു കേൾക്കാം. ഒരു വ്യക്തി മരിക്കുന്നതിനു തൊട്ടു മുമ്പു നടത്തുന്ന ഒരു കൂദാശ എന്ന അർത്ഥത്തിലല്ല തൈലാഭിഷേകം നടത്തുന്നത്. ഇത് ഒരു രോഗി ലേപനമാണ്. ഒരാൾക്ക് തൈലാഭിഷേകം കൊടുക്കാൻ പോകുന്നു എന്നു പറഞ്ഞാൽ തന്നെ പലർക്കും പേടിയാണ്. ഈ കൂദാശയുടെ അർത്ഥം മനസ്സിലാക്കാതെ നമ്മുടെ ആളുകൾ തന്നെ ഒരു വ്യക്തി പ്രായാധിക്യം കൊണ്ട് ആയാലും ശരി മറ്റു ചികിത്സകൾ കൊണ്ട് ആയാലും ശരി ഇനിയും രക്ഷയില്ല മരിക്കും എന്ന് ഉറപ്പു വരുത്തുമ്പോൾ പുരോഹിതനെ വിളിച്ച് തൈലാഭിഷേകം ചെയ്യുകയും രോഗി ചിലപ്പോൾ മരിക്കുകയും ചെയ്യും. അതുകൊണ്ട് വിശ്വാസികളുടെ ഇടയിൽ ഒരു തെറ്റിദ്ധാരണ ഉണ്ടായി. ഇത് അന്ത്യകൂദാശ ആണ് എന്ന്.

എന്നാൽ ഒരു വിശ്വാസിക്ക് ഏതവസരത്തിലും ഏതു പ്രായത്തിലും എത്ര പ്രാവശ്യം വേണമെങ്കിലും രോഗസൗഖ്യത്തിനുവേണ്ടി ഈ കൂദാശ സ്വീകരിക്കാൻ സാധിക്കും. വിശ്വാസത്തോടു കൂടി ഈ കൂദാശ സ്വീകരിച്ചാൽ അത്ഭുതങ്ങൾ തന്നെ സംഭവിക്കും. അങ്ങനെ ജീവിച്ചിരിക്കുന്ന എത്രപേർ നമ്മുടെ ഇടയിൽത്തന്നെ ഉണ്ട്. അതുകൊണ്ട് ഈ കൂദാശയുടെ മഹത്വം മനസ്സിലാക്കി ഈ കൂദാശയെ നമുക്ക് സ്വീകരിക്കാം.

ഒരു വ്യക്തി മരണപ്പെടുന്നതിനു തൊട്ടു മുമ്പും ഈ കൂദാശ സ്വീകരിക്കാം. കാരണം മരണസമയത്തുണ്ടാകുന്ന സാത്താന്റെ പരീക്ഷണങ്ങളെയും എല്ലാം അതിജീവിച്ച് ധൈര്യത്തോടുകൂടിയും പ്രത്യാശയോടുകൂടിയും നല്ല അന്ത്യം പ്രാപിക്കാനും ഈ കൂദാശ സഹായിക്കും. അതുകൊണ്ട് ഈ കൂദാശയെ അന്ത്യ കൂദാശ എന്ന് ഇനിയും ആരും പറയരുതേ.

**ഇനിയും കന്തീലാ ശുശ്രൂഷയും തൈലാഭിഷേക ശുശ്രൂഷയും തമ്മിൽ വല്ല ബന്ധമുണ്ടോ എന്നു നോക്കാം.**

കന്തീലാ ശുശ്രൂഷയും തൈലാഭിഷേക ശുശ്രൂഷയും ഒന്നു തന്നെയാണ്. ചില വ്യത്യാസങ്ങൾ മാത്രം. കന്തീല എന്ന സുറിയാനി പദത്തിന് തിരി എന്നാണർത്ഥം. ഗോതമ്പു മാവ് കുഴച്ചു ഒരു പാത്രത്തിന്റെ രൂപത്തിൽ ഉണ്ടാക്കി അതിൽ സൈത്തെണ്ണ ഒഴിച്ച് 5 ചെറിയ കമ്പിമേൽ പഞ്ഞി ചുറ്റി എണ്ണ കൊണ്ട് നനച്ചു ഓരോ ശുശ്രൂഷയും ആരംഭിക്കുമ്പോൾ ഓരോ തിരി കത്തിക്കുന്ന ശുശ്രൂഷയാണ് കന്തീലാ ശുശ്രൂഷ. അഞ്ചു തിരികളും കത്തിച്ചുകൊണ്ട് അഞ്ചു ശുശ്രൂഷകൾ നടത്തും. പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് ചെയ്തു പോയിട്ടുള്ള തെറ്റുകളും കുറ്റങ്ങളും മോചിക്കപ്പെട്ട് അവ പ്രകാശിക്കപ്പെടുന്നു എന്നാണ് ഈ ശുശ്രൂഷകൊണ്ട് ഉദ്ദേശിക്കുന്നത്. മേല്പട്ടക്കാരന്റെ പ്രധാന കാർമ്മികത്വത്തിലാണ് ഈ

*(ശേഷം പേജ് 46–ൽ)*



# “ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആര്” (റോമർ 8:31)

**ജയമോൾ റ്റിജി, കടവിൽ, യു.എസ്.എ.**

ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നും “സ്വന്തം പുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നൽകാതിരിക്കുമോ എന്നും തിരുവചനത്തിൽ ഉണ്ടെങ്കിൽ പിന്നെ പ്രതികൂലങ്ങൾ, ആകുലങ്ങൾ രോഗങ്ങൾ അങ്ങനെ എല്ലാം വിഷയങ്ങൾക്കും അവന്റെ പക്കൽ പരിഹാരമുണ്ടെന്നും വിശ്വസിക്കേണ്ടത് അല്ലേ. നാം നേരിടുന്ന ഓരോ പരീക്ഷണങ്ങളും നമ്മുടെ കർത്താവും നേരിട്ടിട്ടുണ്ട് എന്ന് എബ്രായ ലേഖനത്തിൽ ഉണ്ട്. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവൻ അല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യനായി പരീക്ഷിക്കപ്പെട്ടവൻ അത്രേ. നമ്മുടെ ഓരോ പരീക്ഷണങ്ങളും ആഴമേറിയ പാപബോധത്തിലേക്കും മാനസാന്തരത്തിലേക്കും ഹൃദയ ശുദ്ധീകരണത്തിലേക്കും ഏകം വരുവാൻ ദൈവം അനുവദിക്കുന്ന ഓരോ മുഖാന്തരങ്ങൾ ആണെന്ന് തിരിച്ചറിയണം.

ഈ തിരിച്ചറിവ് നമുക്ക് തരുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. നാം എപ്പോഴും പരിശുദ്ധാത്മാവിന്റെ ആലോചനയ്ക്ക് കീഴടങ്ങണം. അപ്പോൾ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നമ്മെ നയിക്കും. നമ്മുടെ ഹൃദയം ക്രിസ്തുവിന് തുറന്നു കൊടുക്കുമ്പോൾ ആണിപ്പാടുള്ള അവന്റെ കരങ്ങളിൽ സമർപ്പിക്കുമ്പോൾ, കർത്താവ് നമ്മെ ആശ്വസിപ്പിക്കും. സൗഖ്യമാക്കും. ധൈര്യപ്പെടുത്തും. അവന്റെ ക്രൂശിന്റെ മറവിൽ മറക്കും. ഈ ചെറിയ സന്ദേശം നമുക്കും നമ്മുടെ കുടുംബങ്ങൾക്കും പ്രയോജനപ്പെടണമെ എന്ന് പ്രാർത്ഥിക്കുന്നു.

സകലവും എനിക്ക് പ്രതികൂലം എന്ന് പറഞ്ഞ യാക്കോബിന് ചൈതന്യം നൽകിയ ക്രിസ്തു നമുക്ക് ഓരോരുത്തർക്കും നവ ഉന്മേഷം പ്രധാനം ചെയ്യട്ടെ. ദൈവം നമ്മെയും നമ്മുടെ കുടുംബങ്ങളെയും നമ്മുടെ ഇടവകയെയും അനുഗ്രഹിക്കുമാറകട്ടെ.

## രോഗികളുടെ വി. തൈലാഭിഷേകം

*(പേജ് 45 തുടർച്ച)*

ശുശ്രൂഷ നടത്തുന്നത്. ഓരോ ശുശ്രൂഷയും ഓരോരുത്തർ നടത്തേണ്ടതുകൊണ്ട് അഞ്ചു പട്ടക്കാരെങ്കിലും കുറഞ്ഞത് ഉണ്ടായിരിക്കണം.

വി. തൈലാഭിഷേകത്തിന് കൂദാശ ചെയ്തുകൊണ്ടു വരുന്ന സൈത്താണ് ഉപയോഗിക്കുന്നത്. എങ്കിൽ കന്തീലാ ശുശ്രൂഷയ്ക്ക് അപ്പോൾ കൂദാശ ചെയ്യുന്ന സൈത്താണ് ഉപയോഗിക്കുന്നത്. തൈലാഭിഷേകത്തിൽ ഒരു പ്രാവശ്യം മാത്രമേ ശരീരാവയവങ്ങളിൽ തൈലം പൂശുകയുള്ളൂ എങ്കിൽ കന്തീലാ ശുശ്രൂഷയ്ക്ക് 5 പ്രാവശ്യം തൈലം പുരട്ടുന്നു. ഇതെല്ലാമാണ് കന്തീലായും തൈലാഭിഷേകവും തമ്മിലുള്ള വ്യത്യാസം. എല്ലാവരിലും കന്തീലാ ശുശ്രൂഷ നടത്താമെങ്കിലും സാധാരണയായി മേൽപട്ടക്കാർക്കും, പട്ടക്കാർക്കുമാണ് ഈ ശുശ്രൂഷ നടത്തുന്നത്.

അതുകൊണ്ട് കന്തിലാ ശുശ്രൂഷ എന്താണെന്ന് മനസ്സിലാക്കുക, തൈലാഭിഷേക ശുശ്രൂഷ എന്താണെന്നു മനസ്സിലാക്കുക. ആ കൂദാശകളുടെ അർത്ഥം മനസ്സിലാക്കി പ്രയോജനപ്പെടുത്തുക. തെറ്റിദ്ധാരണകൾ മാറ്റുക.


## ക്വട്ടേഷൻ നോട്ടീസ്

ക്നാനായ സമുദായത്തിന്റെ അധീനതയിലുള്ളതും റാന്നി മോതിരവയലിൽ ആരംഭിക്കുന്നതുമായ സേവേറിയോസ് ഹൗസിംഗ് പ്രോജക്ടിൽ ഭവനരഹിതരായവർക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. ഒരു വീട് നിർമ്മിക്കുന്നതിനുള്ള റേറ്റ് ആണ് കോട്ട് ചെയ്യേണ്ടത്. താല്പര്യമുള്ള ആളുകൾ ക്നാനായ സമുദായ ഹെഡ് ഓഫീസ് ആയ മോർ അപ്രേം സെമിനാരിയിൽ നിന്ന് 25-07-2023 മുമ്പായി 1000/- രൂപ അടച്ച് ക്വട്ടേഷൻ ഫോറം വാങ്ങാവുന്നതാണ്.

പൂരിപ്പിച്ച ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി 31-07-2023. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

സമുദായ ട്രസ്റ്റി, മോർ അപ്രേം സെമ്മിനാരി, ചിങ്ങവനം, 686531, കോട്ടയം

ഫോൺ 0481- 2430327, 9447356050




## വരനെ ആവശ്യമുണ്ട്

**M. 790**

M.Sc Speach and Hearing കഴിഞ്ഞ് U.K- ൽ Audiologist ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. മെഡിക്കൽ ഫീൽഡിൽ ഉള്ളവർക്ക് മുൻഗണന.

Ph. 9447499397

M. **791**

Knanaya parents invite proposals for their daughter (27/164cm). B.Sc Radiology, seeking alliance from parents of God fearing boys. Ph. 9495309763

M. **792**

Knanaya parents invite proposals for their daughter (25/163) MBBS, Currently finished Housesurgency. Seeking sutiable alliance from parents of professionally qualified and God fearing boys.

Mob. 8301828386, 8301828387

M. **793**

Knanaya parents invite proposals for their daughter (24/5'4") brought up and studied in Australia, now working as HR advisor in Australian Govt. organisation. Seeking sutiable alliance from parents of professionally qualified boys. Boys brought up outside Kerala preferred.

Ph. 9993451497, 8921740793

M. **794**

Knanaya parents invite proposals for their daughter MBBS (26/165cm), now doing PG (General Surgery) in Government Medical College. Seeking alliance from parents of professionally qualified boys.

Ph. 7744856188, 9497615700

M. **795**

Knanaya parents inviting proposal for their daughter ( 28/160 cm)- Fair, B.Sc nurse in UK (processing to go to Australia). Seeking suitable alliances from only professionally qualified boys preferably Engineers/ B.Sc nurses/Para medical/ Management experts working in Australia / New Zealand/ USA. The girl is expected to come to Kerala in September 2023 for one month leave.

Mob. 9447216944

M. **796**

Knanaya parents invite suitable match for their daughter (27/155cm) fair & slim, having an M. Pharm degree with industry experience and now currently working as faculty in institution . Parents of Boys in IT industry or professionally qualified boys working abroad, please respond to

Ph. 8848646214, 9447723619

M. **797**

Parents invite proposal for their daughter born and raised in Bangalore (26 / 5'5") completed BE in India and MS from a prestigious university in the USA. Currently working in Boston, US. Seeking suitable alliance from parents of professionally qualified boys of similar profile. Phone +91 9513407626

M. **798**

Knanaya parents invite proposals for their daughter (24/170cms) born and raised in Bangalore. After completing her Graduation, she is currently pursuing her Masters degree at the London School of Economics. Seeking alliances from parents of professionally qualified boys of similar profile, preferably raised outside Kerala. Contact mobile # +91 98450 78690

**M. 799**

M.Com കഴിഞ്ഞ ക്നാനായ യുവതി (26/158cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്ക

ളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഗവൺമെന്റ് ജോലിക്കാർക്ക് മുൻഗണന.)

Ph. 9072875513, 9526203128

**M. 800**

Knanaya Jacobite Girl, Age -24, Height-5'4" Green card holder, Graduated BPT from MS RAMAIAH MEDICAL COLLEGE, Bangalore. Parents seeking suitable alliances from Knanaya Jacobite boys with green card or any other visa type as well as boys well settled in India. WhatsApp only (9847055030)

214-808-1923, 8220885058, 9916643340

**M 801**

Knanaya parents invite proposals for their daughter (M.Sc Chemistry, 28/164 cm) and currently working in Dubai. Seeking alliances from parents of God fearing professionally qualified boys.

Ph. 9947336875, 9947055118

## വധുവിനെ ആവശ്യമുണ്ട്

**M. 802**

നാട്ടിൽ സ്വകാര്യ ഹോസ്പിറ്റലിൽ PRO ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/164 cm, MSW Graduated) ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9497328648

**M. 803**

MBA Finance പഠിച്ച് ഇപ്പോൾ Muscat Bank- ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (32/172cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9447230883, 9495925009

**M. 804**

Civil ITI കഴിഞ്ഞ് നാട്ടിൽ Civil contractor ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9446758081

**M. 805**

BBA, B.Sc കഴിഞ്ഞ് ന്യൂസിലാൻഡിൽ PR ഉള്ളതും horticulture technician ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (35/174cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9400857546, 9645397398

**M. 806**

സ്വന്തമായി ബിസിനസ്സ് ചെയ്യുന്ന ക്നാനായ യുവാവിന് (31/160cm, Degree) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9895560483, 8113824417

**M. 807**

U.K- ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/164cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 8289817293

**M. 808**

U.S.A -Vetinary Doctor ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/172cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നാട്ടിലാണ് വിദ്യാഭ്യാസം പൂർത്തിയായത്, ഇപ്പോൾ നാട്ടിലുണ്ട്.)

Ph. 9947968390, 9605714743

**M. 809**

M.Com, Tally പാസ്സായി ദുബായിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/5'8") അനുയോജ്യരായ ക്നാനായ യുവതി കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (M.Com ബിരുദധാരികൾക്ക് മുൻഗണന.)

Ph. 8075681138, 8281441578

**M. 810**

Dubai MNC- ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (39/5½) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ബാദ്ധ്യതയില്ലാത്ത രണ്ടാം വിവാഹവും പരിഗണിക്കുന്നതാണ്). Ph. 9495080231, 9072752456

**M. 811**

Dubai-ൽ Accountent officer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/172cm, B.Com+ Semi C.A) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9446277062, 9037499430

**M. 812**

നാട്ടിൽ മാസ്റ്റേഴ്സ് കഴിഞ്ഞ് കാനഡയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/171cm) നാട്ടിലോ, കാനഡയിലോ ഉള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Medical or IT fieldil ഉള്ളവർക്ക് മുൻഗണന.

Ph. 9388803534, 9497414551

**M. 813**

അബുദാബിയിൽ മെക്കാനിക്കൽ എൻജിനിയർ ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/177cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9747592192, 9961358874

**M. 814**

Electrical diploma പാസ്സായി ദുബായിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (31/168cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 7510902668

**M. 815**

M.Com കഴിഞ്ഞ് കൊച്ചി infopark -ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (30/168cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9961633244, 9633853602

**M. 816**

Knanaya parent invite proposals for their son (27/175cm), B.B.A airline and airport Management working

in Dnata. (Emirates Group), Dubai. Seeking alliance from parents suitable qualified girls. Mob. 9446222556

**M. 817**

Knanaya parents extend a warm invitation for a potential alliance for their son (27/174cm). Raised outside Kerala, he has successfully completed his Master's Degree in Business and is currently pursuing advanced studies in Canada. Prior to his pursuit of education, he has previously worked in a German company in Technopark. We as a family seek God-fearing and professionally qualified girls.

Ph. 9413179409 or
mail us at **lissathomas049@gmail.com**

**M. 818**

Mechanical Diploma കഴിഞ്ഞ് Gulf-ൽ ഒരു പ്രമുഖ കമ്പനിയിൽ ജോലി ചെയ്യുന്നതും സാമ്പത്തികഭദ്രത ഉള്ള തുമായ ക്നാനായ യുവാവിന് (31/164cm) അനുയോജ്യ രായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9562047252

**M. 819**

Knanaya parents invite proposals for their son (28) who is working as on engineer abroad (with PR). We are seeking alliance from parents God fearing girls ageing from 1997. (priority to girls who passed in B.Sc Nursing with IELTS/OET). Ph. 9645380940

**M. 820**

Knanaya parents invites proposals for their son (27/157cm) born and brought up in India and currently settled in US and working as a software engineer, preferably from God fearing girls settled in US and pursuing a career in Medical or IT field.

Ph. 001-405-501-4203, whats app . 001-405-501-4203

**M. 821**

Knanaya parents invite proposals for their son (29/170cm), B.Sc Radiology, currently working in UK Government seetor as MRI Technologist, seeking suitable alliance from parents of God fearing and professionally qualified girls preferably employed in U.K. (Medical and IT field). Mob. 8137944544
7012600082, +447878212402

**M. 822**

Knanaya parents invite proposals for their son (30/170, B.Tech (Computer Science), born and brought up outside Kerala, currently working as a computer engineer in Saudi Arabia.

Mob. 9818150007, 8076583639

**M. 823**

UK family seeking proposals for their son (29/5'11"). British citizen working in private sector as company director holds a BSc in Pharmacology and an MA in Human Resource Management. We are specifically looking for alliance from professionally qualified girls. What's app: 00447763449619

## പുനർവിവാഹം

### വധുവിനെ ആവശ്യമുണ്ട്

**M. 824**

സ്വന്തമായി ബിസിനസ് ചെയ്യുന്നതും U.S.A യ്ക്ക് ഫയൽ ചെയ്തിരിക്കുന്നതും നിയമപരമായി വിവാഹബന്ധം വേർപെടുത്തിയതുമായ ക്നാനായ യുവാവിന് (62/160cm) അനുയോജ്യരായ ക്നാനായ യുവതികളിൽ നിന്നും വിവാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9600689879,
whats app No. 001-9729400455

**M. 825**

Knanaya US citizen (59/172cm) doing own business in US, legally divorced and having no liability, seeks suitable proposals Women settled in US more preferable.

Ph. 9446704580

**M. 826**

സഭാപരമായും നിയമപരമായും വിവാഹബന്ധം വേർപെടുത്തിയതും ബാദ്ധ്യതകൾ ഇല്ലാത്തതും സമ്പന്ന കുടുംബം, ഹോട്ടൽ മാനേജ്മെന്റിൽ യോഗ്യത നേടിയതും 13 വർഷമായി ന്യൂസിലൻഡിൽ പ്രശസ്ത ഹോട്ടൽ ഗ്രൂപ്പിൽ സീനിയർ എക്സിക്യൂട്ടിവായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (45/5’11’’,വെളുത്തനിറം) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. അവിവാഹിതരായ വിധവകളെയും വിവാഹമോചിതരെയും പരിഗണിക്കും. (B.Sc നേഴ്സ്മാർക്ക് മുൻഗണന). Ph. 9744708849

**M 827**

ബാംഗ്ളൂരിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (33) ഇന്ത്യയിൽ ജോലിയുള്ള അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നിയമപരമായി വിവാഹബന്ധം വേർപെടുത്തിയതും ബാധ്യതകൾ ഇല്ലാത്തതുമാണ്)

Ph. 9446693902, 9496693907

**16 – ാം ചരമവാർഷികം**
**10 - 07- 2023**



**എം. ഒ. ഉണ്ണിട്ടൻ**
**കടയ്ക്കേത്ത് (മുരിക്കേത്ത്)**
**റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*


**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**

**നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ**

*In Loving Memory of our Achachan and Ammachi*

**50th Death Anniversary**
**11-12-2023**

**10th Death Anniversary**
**20-07-2023**





## M. A. LOOKOSE

## SARAMMA LOOKOSE

## Melethu Ammanathu, Kallissery

**Daughters**

Leena Lookose
(Accounts Officer, BSNL (Rtd.)

Sani Lookose
(Senior Scientist & Curator (Rtd.)
Teak Museum, KFRI, Nilambur)

Limi Lookose
(Chief Office Supdt. (Rtd.)
Southern Railway, Palakkad)
Oorakkamannil, Palakkad

**Son-in-law**

Luke Thomas
(Mattathilparambil Fuels)
Mattathilparambil House, Kottayam.

Manu Mathew Kurien
Cherumadakala, Nilambur

Jacob Mathew
(Senior Scction Engineer (Rtd.)
Southern Railway, Palakkad)
Ooorakkamannil, Palakkad

&
Grand Children

| 30 –ാം ചരമവാർഷികം | 61 –ാം ചരമവാർഷികം | 12 –ാം ചരമവാർഷികം | 21 –ാം ചരമവാർഷികം | 22 –ാം ചരമവാർഷികം |
|---|---|---|---|---|






| പി. ഐ. തോമസ് | ചിന്നമ്മ തോമസ് | സൂസൻ മർക്കോസ് | വി.ജെ. ജോസഫ് | ശോശാമ്മ ജോസഫ് |
|---|---|---|---|---|

പരപ്പൂത്ര, വലിയവീട്ടിൽ, ഈര

വേലംപറമ്പിൽ, റാന്നി

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*


**18 –ാം ചരമവാർഷികം**
**12- 07-2023**



**കെ. കെ. സ്ക്കറിയ**
**കൊച്ചുളംന്തുരുത്തിൽ, കുറിച്ചി**


പ്രാർത്ഥനയോടെ
ഭാര്യ: ആലീസ് സ്ക്കറിയ
മക്കൾ: സെൽമാ, സിയാ, സോബിൻ

**11th Death Anniversary**
**30-06-2023**



**Pennamma Chandy**
**Chittedathu, Therittamada, Ranni**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
***By Sorrowing Family***



**15th Death Anniversary**
**28-07-2023**

# P. P. Stephen

**(Theppachen)**

## Puthenpurackal

## Ranny

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

**06 – ാം ചരമവാർഷികം**
**18-07-2023**



## എം.സി. ചാക്കോ

**(Rtd. Post Master)**

**05 – ാം ചരമവാർഷികം**
**01-11-2023**



## കുഞ്ഞൂഞ്ഞമ്മ ചാക്കോ

**മൂലേത്തറയിൽ, വൻമഴി, പാണ്ടനാട്, ചെങ്ങന്നൂർ**


ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

10th Death Anniversary
20-06-2023



**ഐ. സി. ജോയി**
**ഐരാതറ, ഇരവിപേരൂർ**
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

40 – ാം ചരമദിനം
19-07-2023



**പി. സി. മാത്യു**
**കിഴക്കേപുല്ലാട്ട്, ചാന്നാനിക്കാട്**
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*


40 – ാം ചരമദിനം
06-07-2023



**സനു പി. ജേക്കബ്**
**പുതുപ്പറമ്പിൽ, ഐത്തല**
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

12 – ാം ചരമവാർഷികം
10-07-2023

05 – ാം ചരമവാർഷികം
03-08-2023



**റ്റി. റ്റി. സ്കറിയ**



**ചാച്ചിക്കുട്ടി സ്കറിയ**

**തെക്കേകരോട്ട്**
**ചിങ്ങവനം**

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

**17th Death Anniversary**
**19-07-2023**



## Alyeamma Chandy

**Edasseril Puthuvelil, Mundapuzha, Ranny**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**By Sorrowing Family**

**40 – ാം ചരമവാർഷികം**
**15-07-2023**



**എം. ഐ. കുരുവിള**
**മൂഴിപ്പെരുമേത്ത്,**
**ചെറുകുളഞ്ഞി, റാന്നി**
സന്തപ്ത കുടുംബാംഗങ്ങൾ

**22 – ാം ചരമവാർഷികം 08-07-2023**
**19 – ാം ചരമവാർഷികം 24-02-2023**



**കെ. എ. ഐസക്ക്**  **ശോശാമ്മ ഐസക്ക്**

**കോന്ത്യാപറമ്പിൽ (ഓണാട്ട്)**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**1 – ാം ചരമവാർഷികം**
**23-07-2023**



**ഏലിക്കുട്ടി (ലീലാമ്മ)**
**ഐരൂർ, കുറിച്ചി**
നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ



# 40 – ാം ഓർമ്മദിനം

21 – 07 – 2023

## ക്രിസ്റ്റാ ജെറിൻ (6)

**പച്ചംകുളത്ത്, കറ്റോട്**

2023 ജൂൺ 12-ന് പറുദീസയിലേക്ക് കടന്നുപോയ ഞങ്ങളുടെ **ക്രിസ്റ്റമോളുടെ** (D/o ജെറിൻ കുരുവിള & അൻസു ഏബ്രഹാം) രോഗാവസ്ഥയിലും, തുടർന്നും ഞങ്ങളോടൊപ്പം നിന്ന് സഹായിക്കുകയും, ആശ്വസിപ്പിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്ത തിരുമേനിമാരോടും, വൈദികരോടും, ബന്ധുമിത്രാദികളോടും, സ്നേഹിതരോടും നന്ദി അറിയിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സന്തപ്ത കുടുംബാംഗങ്ങൾ

## കാല്പനികം

പുലരിയും തൂമഞ്ഞും തുമ്പിയും കളകളാരവങ്ങളും
നിൻ കിളിക്കൊഞ്ചലായ് സ്മൃതിമണ്ഡലം നിറയ്ക്കുമ്പോൾ
മഴവിൽവർണ്ണ വരകളിലും പുസ്തകത്താളുകളിലുമാ
* 'യൂണികോണി'ലുമൊതുങ്ങില്ല നിൻ സൗരഭം, കുഞ്ഞേ...

സ്വപ്രാണൻ പോയപോലൊരു വിങ്ങലിലായ് മനം
ഇരവും പകലും അശ്രുകണങ്ങളെയൊളിപ്പിക്കുമ്പോൾ
സുഗന്ധമേറും ചെമ്പനീർ പൂ തന്നെയിറുത്തു കൊണ്ടാ
നിയതി തൻ നീതിബോധം തികച്ചതോ, ആരറിവൂ....

കുറുമ്പു കാട്ടിയൊരാ മാലാഖയെ ശിക്ഷിച്ചു വിട്ടതോ,
സ്തുതി മാധുര്യമേറ്റുവാൻ തിരികെ വിളിച്ചതോ,
വീണ്ടും കർത്തൻ തൻവരവിൽ നാം സംഗമിക്കുവോള–
മെങ്ങളിലോർമ്മതൻ വനരോദനം നിലയ്ക്കുമോ?

* ക്രിസ്റ്റായുടെ ഇഷ്ടപ്പെട്ട കളിപ്പാട്ടം

ബെന്നി മറ്റത്തിൽ, കുറ്റൂർ

Advt -S

## 1 – ാം ചരമവാർഷികം

23 – 07 – 2023



# ലിജി ജെയിംസ്

**ഈശ്വരൻ പറമ്പിൽ**

**കുറിച്ചി**

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 –ാം ചരമവാർഷികം

18 –07 – 2023



# മോളി ജോസഫ്

**നീണ്ടിശ്ശേരിൽ, ചിങ്ങവനം**


"ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1 –ാം ചരമവാർഷികം

27 –07 – 2023



# കെ. യു. ഏബ്രഹാം (കുഞ്ഞൂഞ്ഞ്)

**കുര്യൻപറമ്പിൽ, ചാന്നാനിക്കാട്**

"ഒരിക്കലും മറക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

## 9 –ാം ചരമവാർഷികം

09 –07 – 2023



# കെ. കെ. ജോൺ

## 1 –ാം ചരമവാർഷികം

31 –07 – 2023



# കുഞ്ഞുമോൾ ജോൺ

**കൂർക്കകാലായിൽ, ചിങ്ങവനം**


"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G

# 1st Death Anniversary

**18-07-2023**



## A. C. Mathew (Joy)

**Alappattu House**
**Pulloopram, Ranni**

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

# 40 – ാം ചരമദിനം

**14 – 07 – 2023**



## കുര്യൻ ഏബ്രഹാം (കുര്യച്ചൻ)

**പുന്നാറ്റുശ്ശേരിൽ, തിരുവൻവണ്ടൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt -R

*സന്തപ്ത കുടുംബാംഗങ്ങൾ*

# 9th Death Anniversary

**18 – 07 – 2023**



## Ulahannan Cheriyan (Kunjukunju)

**Thekkeparambil, Veliyanad**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt - R

*സന്തപ്ത കുടുംബാംഗങ്ങൾ*

# 40th Day of Demise

**July 29th 2023**



## T.O. CHACKO (83) (Aniyan)

**Thundiyil House, Eraviperoor P.O.**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*ഭാര്യ: അമ്മിണി ചാക്കോ*
*മക്കൾ: ജിനു, പരേതയായ ജയമോൾ, ജിജി, ജോസ്മോൻ*
*മരുമക്കൾ: ജേക്കബ്, ബിനോജ്, ലിനു*
*കൊച്ചുമക്കൾ: ആദിത്യ, അനന്യാ, ആൻ, ഏബൽ, എയ്ഡൻ, എയ്റിൻ*

Advt - R

## 14th Birthday in Heaven
**16-07-2023**



## Lijo George
**Kallolikal Chelachira, Kurichy**

ആദരാഞ്ജലികൾ

All of your family, Friends, St. Mary's Knanaya Church
Hennur Bengaluru & Staff Wipro Bangaluru

07 – ാം ചരമവാർഷികം

**03-02-2023** **06-07-2023**




**എൻ. ഐ. ഇട്ടിയവിര** **മറിയാമ്മ ഇട്ടിയവിര**


**നെടുംന്തറയിൽ, കുറ്റൂർ, തിരുവല്ല**

**നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവർ വലഭാഗത്തിൽ**
*സന്തപ്ത കുടുംബാംഗങ്ങൾ*

52 – ാം ചരമവാർഷികം **21-07-2023**

30 – ാം ചരമവാർഷികം **15-07-2023**






**ഇ. എ. മാത്യു** **ഇ.എം. രാജു**

**ഇളകുറ്റൂർ, ഓതറ**

**കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
*സന്തപ്ത കുടുംബാംഗങ്ങൾ*

21 – ാം ചരമവാർഷികം **21-10-2023**

1 – ാം ചരമവാർഷികം **30-07-2023**





**റ്റി.പി. മത്തായി** **അച്ചാമ്മ മത്തായി**

**തുണ്ടിയിൽ,മഞ്ഞാടി, തിരുവല്ല**


*സന്തപ്ത കുടുംബാംഗങ്ങൾ*

**04 –ാം ചരമവാർഷികം**
**03-08-2023**




**ആലീസ് കുറിയാക്കോസ്**
**കല്ലൂപറമ്പിൽ, റാന്നി**
**നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**12 –ാം ചരമവാർഷികം**
**17-07-2023**




**ഉണ്ണിട്ടൻ ചാക്കോ**
**ചന്ദനപള്ളിൽ, വെസ്റ്റ് ഓതറ**
**നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**49 –ാം ചരമവാർഷികം**
**13-07-2023**



**ഉതുപ്പാൻ ചെറിയാൻ**

**22 –ാം ചരമവാർഷികം**
**23-07-2023**




**ശോശാമ്മ ഉതുപ്പാൻ**

**കുന്നുതറ, ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**05 –ാം ചരമവാർഷികം**
**10-07-2023**



**പി. ഒ. ജോസഫ് (കുഞ്ഞുമോൻ)**
**ചെറുവട്ടക്കാട്ട്, ഐത്തല, റാന്നി**
**നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൻ വലഭാഗത്തിൽ**
*സന്തപ്ത കുടുംബാംഗങ്ങൾ*


**03 – ാം ചരമവാർഷികം**
**05-07-2023**



**ലീല മാത്യു**
**കാളിശ്ശേരിൽ, ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**19 – ാം ചരമവാർഷികം**
**20-07-2023**




**ടോണി ജെ. കുട്ടോലമഠം**
**ചെങ്ങളം**

ജനനം: 26 – 3 – 1983 മരണം: 20 – 7 – 2004

*സ്നേഹം നിറഞ്ഞ കുടുംബാംഗങ്ങൾ*

**17 – ാം ചരമവാർഷികം** **27-07-2023**

**18 – ാം ചരമവാർഷികം** **11-05-2023**



**O.S. Onnittan**


**Achukutty Onnittan**


**Ullattil, Chetheckal, Ranni**

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

**06 – ാം ചരമവാർഷികം** **17- 07-2023**

**50 – ാം ചരമവാർഷികം** **30-06-2023**



**ജോസ് ടി.ജെ**
(മോനിച്ചൻ)

**ടി. യു. ജോസഫ്**
(ഔസേപ്പ്കുട്ടി)

**തുണ്ടിയിൽ**
**ഈരയിൽക്കടവ്, കോട്ടയം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

05 – ാം ചരമവാർഷികം
21-07-2023



**K.C. Andrews** (Rtd. Senior Supt.K.S.E.B)
**Kaipuzha, Ranni**

*ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്*
*വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*

ഭാര്യ: അച്ചാമ്മ
മക്കൾ: ഷാജി, സാബു, ഷിബു, സുനിൽ, സാജൻ, സുരേഷ്
മരുമക്കൾ: ഷീബ, വത്സമ്മ, ജിൻസു
കൊച്ചുമക്കൾ: അച്ചു, അമ്മു, ആരോൺ, അമൽ, അൽക്ക, അനന്യ, ആദിൽ

22 – ാം ചരമവാർഷികം
20-07- 2023




**ഇ. ജെ. തോമസ്**
ഇടശ്ശേരിൽ (Elite), പഴവങ്ങാടി, റാന്നി

കർത്താവേ നിന്റെ രണ്ടാമത്തെ വരവിൽ
എന്നെയും ചേർത്തുകൊള്ളണമെ.
*സന്തപ്ത കുടുംബാംഗങ്ങൾ*

22 – ാം ചരമവാർഷികം
14-07-2023

17 – ാം ചരമവാർഷികം
12-07-2023





**പി.പി. പാച്ചി**


**തങ്കമ്മ പാച്ചി**


പുല്ലമ്പള്ളിൽ, അങ്ങാടി, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

23 – ാം ചരമവാർഷികം
28-07-2023

13 – ാം ചരമവാർഷികം
17-07-2023





**ഉലഹന്നാൻ ഉലഹന്നാൻ**

**അന്നമ്മ ഉലഹന്നാൻ**

ഒലിയപുറത്ത്, രാമമംഗലം

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

**23rd Death Anniversary**
**30-07-2023**



**L/nk T. M. Mathew** (Rajan)
**Kanjirathummoottil** (Anickal)
**Vakathanam, Kottayam**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

**27 – ാം ചരമവാർഷികം**
**01- 08-2023**





**സാറാമ്മ ഏബ്രഹാം** (ഡയ്സി)
**വളഞ്ഞൻതുരുത്തിൽ, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

**20 – ാം ചരമവാർഷികം**
**24-12-2023**

**17 – ാം ചരമവാർഷികം**
**04-07-2023**





**കെ. കെ. കുറിയാക്കോസ്**

**മറിയാമ്മ കുറിയാക്കോസ്**

**കാഞ്ഞിരപ്പള്ളിൽ, തിരുവൻവണ്ടൂർ**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

**10 – ാം ചരമവാർഷികം**

**14-07-2023**

**07-04-2023**





**യു. ഉതുപ്പാൻ**

**മേരി ഉതുപ്പാൻ**

**പഴയകളം (ഇടത്തുവീട്)**
**കുറിച്ചി**

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

**23rd Death Anniversary**
**22-07-2023**



**T A. Chacko**
**(Rtd. P.W.D. Overseer)**
**Manavellipallathu**
**Thiruvanvandoor**

By: Sorrowing family


**23rd Death Anniversary**
**09-06-2023**



**Babu Abraham**
**Elayasseril**
**Kuttoor**

By: Wife and Children

**16 – ാം ചരമവാർഷികം**
**21-07-2023**



**കെ. റ്റി പാപ്പച്ചൻ**

**09 – ാം ചരമവാർഷികം**
**23-09-2023**



**തങ്കമ്മ പാപ്പച്ചൻ**

**കടയ്ക്കേത്ത് മുരിങ്ങക്കാലായിൽ**
**വൈക്കം, റാന്നി**


**നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവർ വലഭാഗത്തിൽ**
***സന്തപ്ത കുടുംബാംഗങ്ങൾ***

**17th Death Anniversary**
**20-07-2023**



**V.P. Kuruvilla**
**(ജോയി പാലപ്പള്ളിൽ)**
**Palappallil, Kuttoor**
**By Sorrowing Family**

**22 – ാം ചരമവാർഷികം**
**26-07-2023**



**പി. സി. ജേക്കബ്** (ജോയി)
(Rtd. Asst. Director. Survey Land & Records).
**പഴൂർ, ഐത്തല, റാന്നി**
**കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
***ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ***

**14 – ാം ചരമവാർഷികം**
**17-07-2023**



## Mrs. Annamma Mathew
(W/o Late Mathewkutty)
**Thekkummoottil**
**Vallamkulam, Thiruvalla**

'നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

**1 – ാം ചരമവാർഷികം**
**08-07-2023**



## Lizzy Thomas
**Pallyampil, Chumathara, Thiruvalla**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*


**1 – ാം ചരമവാർഷികം**
**04-08- 2023**



## കുഞ്ഞമ്മ കുറിയാക്കോസ്
**മണലേൽചിറയിൽ, ചെങ്ങളം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*


**25 – ാം ചരമവാർഷികം**
**20 - 08 - 2023**



## എം.സി. ഏബ്രഹാം (തമ്പി)
**മുക്കാട്ട്, ചിങ്ങവനം, (കുറിച്ചി)**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"
*സന്തപ്തകുടുംബാംഗങ്ങൾ*


16 – ാം ചരമവാർഷികം
24-07-2023



വി.കെ ചാണ്ടി
(ചാണ്ടിക്കുഞ്ഞ്)
തൈപ്പറമ്പിൽ, കുറിച്ചി

*സന്തപ്ത കുടുംബാംഗങ്ങൾ*


07 – ാം ചരമവാർഷികം
02-07-2023



എ.കെ. ബേബി
ആനിയ്ക്കൽ
ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*

27 – ാം ചരമവാർഷികം
19-07-2023



സി.പി. ഏബ്രഹാം
ചെറുതറയിൽ
കവിയൂർ, തിരുവല്ല

*സന്തപ്ത കുടുംബാംഗങ്ങൾ*

10 – ാം ചരമവാർഷികം
15-07-2023



പി. ഇ. ചാക്കോ (ബേബി)
പുളിക്കാവിൽ
ഇരവിപേരൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*


15 – ാം ചരമവാർഷികം
10-07-2023



ഏ. റ്റി. ചാക്കോ
(കുറിയാക്കോച്ചൻ)
അമ്പഴത്തുങ്കൽ,
ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*


16 – ാം ചരമവാർഷികം
13-07-2023



പി. റ്റി. ഏബ്രഹാം
പതിയിൽ
ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*

3rd Death Anniversary
19-07-2023



**N. I. Abraham**
**Nedutharayil**
**Kuttoor**

*സന്തപ്ത കുടുംബാംഗങ്ങൾ*

41 – ാം ചരമവാർഷികം
31-07-2023



ഇട്ടിയവര
പച്ചംകുളത്ത്
പടിഞ്ഞാറ്റോതറ, തിരുവല്ല

*സന്തപ്ത കുടുംബാംഗങ്ങൾ*


20 – ാം ചരമവാർഷികം
03-07-2023



പെണ്ണമ്മ ജയിംസ്
കുന്നിരിക്കൽ
റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

02 – ാം ചരമവാർഷികം
02-07-2023



ബേബി തോമസ്
(കൊച്ചുബേബി ഉപദേശി)
ഇടശ്ശേരിവാക്കൽ, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*


14 – ാം ചരമവാർഷികം
15-07-2023



തോമസ് കുറിയാക്കോസ്
തുണ്ടിയിൽ
തുരുത്തിക്കാട്

*സന്തപ്ത കുടുംബാംഗങ്ങൾ*

17 – ാം ചരമവാർഷികം
19-07-2023



സി.കെ. സ്ക്കറിയാകുട്ടി
നാലേക്കറിൽ
വാകത്താനം

*സന്തപ്ത കുടുംബാംഗങ്ങൾ*

## 12 – ാം ചരമവാർഷികം

31 – 07 – 2023



## എം. എ. ഏബ്രഹാം (ബേബിച്ചൻ)

**മണ്ണാട്ട് വീട്, ഇരവിപേരൂർ**
**(ചങ്ങമ്പുഴ നഗർ, കളമശ്ശേരി, കൊച്ചി)**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

Registered No. KL/CHC/29/2021-23 **KNANAYA DEEPAM** RNI No. KERBIL/2006/19210
Published on 15 July 2023 Chingavanam Vol. 34, Issue: 7 ₹ 10




Advt - O

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**